# സത്യദൂതൻ

2016 മാർച്ച് | ലക്കം 3

വില ₹ 30



## ഖത്തമെ നുബൂവത്ത്
## തെറ്റിധാരണയും പരിഹാരവും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages


**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2016 മാർച്ച്
ഹി.ശ.1396 - അമാൻ
1437 ജ.അവ്വൽ - ജ.ആഖിർ
പുസ്തകം 88 ലക്കം 3
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്വ്ബ
**മുസ്വ്‌ലിഹ് മൗഊദ്**
**യുഗപ്രഭാവനായ പരിവർത്തനകാരി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു...) 2016 ജനുവരി 22 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**12**
**പ്രവാകത്വസമാപ്തി:**
അല്ലാമാ ഇക്ബാലും മൗലാനാ മൗദൂദിയും
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് (റഹ്)

**18**
**ഖത്തമെ നുബുവ്വത്ത്**
**തെറ്റിധാരണയും പരിഹാരവും**
ഹാശിം അശ്റഫ് ശാഹിദ്

റസൂൽ തിരുമേനി (സ) യുടെ എറ്റവും സമുന്നതമായ വിശേഷണമാണ് ഖാത്തമുന്നബിയ്യീൻ എന്നത്. ഈ അഭിധാനത്തിന്റെ യഥാർഥത്തിലുള്ള അർഥം വാഗ്ദത്ത മസീഹിന്റെ വിശദീകരണത്തോടെ ലേഖകൻ വിവരിക്കുന്നു.

**26**
**ചരിത്രത്തിന്റെ പുനരാവർത്തനവും വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യവും**
മഹ്‌മൂദ് കൽക്കുളം

**30**
**അഹ്‌മദിയ്യാ വാദം സ്വീകരിക്കുന്ന കേരളത്തിലെ അനഹ്‌മദി മുസ്‌ലിം സംഘടനകൾ**
അബ്ദുർറഹ്‌മാൻ, കൊടിയത്തൂർ

അഹ്‌മദികളുമായി ഒരു നുറ്റാണ്ടുകാലം സംവാദം നടത്തിയ കേരളത്തിലെ അനഹ്‌മദി മുസ്‌ലിം സംഘടനകൾ അവരുടെ പല ആശയങ്ങളും നിലപാടുകളും യഥാർഥ ഇസ്‌ലാമിക അദ്ധ്യാപനമായ അഹ്‌മദികളുടെ വാദമുഖങ്ങൾക്കും ആശയങ്ങൾക്കും അനുകൂലമായി അറിഞ്ഞോ അറിയാതെയോ മാറ്റിക്കൊണ്ടിരിക്കുകയാണ്.

**36**
**ഇബ്‌ലീസ് ശയ്ത്വാൻ**
മൗലവി മുഹമ്മദ് അലവി (മർഹൂം)

അരൂപികളെന്ന് പറയുന്ന ഈ സത്വങ്ങളുടെ ഖുർആനികവും ധാത്വാർഥപരവുമായ ഒരന്വേഷണം.

**39**
കുറിപ്പുകൾ
**ഗുരുത്വ തരംഗം ഉയർത്തുന്ന ചിന്തകൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവനത്രെ അക്ഷരജ്ഞാനമില്ലാത്തവരുടെ ഇടയിൽ അവർക്ക് തന്റെ വചനങ്ങളെ ഓതി കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്കു ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. അവരിൽ നിന്നും തന്നെയുള്ള ഒരു റസൂലിനെ എഴുന്നേൽപ്പിച്ചത് (അപ്രകാരം തന്നെ ) അവരോട് ഇത്വരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള വേറൊരു കൂട്ടരിലും (എഴുന്നേൽപ്പിക്കും) **(വിശുദ്ധ ഖുർആൻ 62: 2)**





## നബിവചനം

നിങ്ങളിൽ ജീവിച്ചി രിക്കുന്നവർ ഈസബ്നുമർയമിനെ മഹ്ദി ഇമാമായും നീതിമാനായ വിധികർത്താവായുംകാണുമാറാകും.' (മുസ്നദ് അഹ്മദ്) 'നിങ്ങൾക്ക് നിങ്ങളുടെ ഇമാമായി ഈസബ്നു മറിയം ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതിയെന്തായിരിക്കും.'(ബുഖാരി, മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം



അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു.

***വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയും മസീഹും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്ക് വിധികർത്താവും ഞാനാണെന്ന് അല്ലാഹുവിന്റെ പരിശുദ്ധിയും പവിത്രവുമായ വെളിപാട് മുഖേന എന്നെ അറിയിച്ചിരിക്കുന്നു. (അർബയീൻ) ഏതൊരുവന്റെ കയ്യിൽ എന്റെ ജീവൻ ഇരിക്കുന്നുവോ ആ സർവേശരനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു. ബുഖാരി, മുസ്‌ലിം മറ്റു സിഹാഹു സിത്തകളിൽ വന്നിട്ടുള്ള സഹീയായ ഹദീസുകളിൽ നബി (സ) അറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു. (മൽഫൂസാത്ത്)***

എഡിറ്റോറിയൽ

# സമൂഹത്തിന്റെ മതപരിഷ്ക്കരണത്തിന് സംഘടനകൾ മതിയോ?

മതപരമായി അനുസരിക്കാൻ ബാദ്ധ്യതപ്പെട്ട ഒരു വ്യക്തിനേതൃത്വമില്ലാത്ത മുസ്ലിം സാമൂഹ്യ ജീവിതവും വ്യവസ്ഥയും ഇസ്ലാമിൽ അചിന്ത്യമാണ്. പതിമൂന്നു നൂറ്റാണ്ടുകാലമായി ആഗോള മുസ്ലിം സമൂഹത്തിന് നേതൃത്വം കൊടുത്തിരുന്നത് ഖലീഫമാരായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പ്രവചന പ്രകാരം തുർക്കി ഖിലാഫത്തിന്റെ തിരോധാനവും നുബുവ്വത്തിന്റെ മാർഗത്തിലുള്ള അഹ്മദിയ്യാ ഖിലാഫത്തിന്റെ പുനരുദയവുമുണ്ടായി. അതംഗീകരിക്കാത്ത ഭൂരിപക്ഷം മുസ്ലിങ്ങളും സംഘടനകളുടെ പിന്നിലാണ് പിന്നീട് അണിനിരന്നത്. അവിടെ സംഘടനകളുടെ ബാഹുല്യവും ബഹളവുമാണ്. മുസ്ലിം സമുദായത്തിന്റെ യഥാർഥ ഇസ്ലാമിലേക്കുള്ള പുനരുജ്ജീവനമാണ് ഓരോ മുസ്ലിം കക്ഷികളുടെയും ലക്ഷ്യമായി പറയുന്നത്. പക്ഷേ ഫലത്തിൽ ഒരു മുസ്ലിം കക്ഷിയുടെ ഏറ്റവും വലിയ പ്രതിയോഗി മറ്റൊരു മുസ്ലിം കക്ഷിയാണ് എന്ന നിലയാണ്. കക്ഷിത്വത്തിന്റെ വീറും വാശിയുമാണ് എവിടെയും. ഈ കക്ഷിത്വം മറ്റു മുസ്ലിം രാജ്യങ്ങളിൽ രക്തപങ്കിലമായ ഭയാനകമായ കലാപത്തിന്റെയും ഘോരയുദ്ധത്തിന്റെയും കുടിപ്പകയുടെയും രൂപം പ്രാപിച്ചിരിക്കുന്നു. മുസ്ലിം സമുദായത്തിൽ എന്തുകൊണ്ടിങ്ങനെ എന്ന് നാം ചിന്തിക്കുമ്പോഴാണ് കക്ഷികളെ പറ്റിയും കക്ഷിത്വത്തെപറ്റിയും വിശുദ്ധ ഖുർആനും റസൂൽ തിരുമേനി(സ)യും പറഞ്ഞ വചനങ്ങളുടെ ദിവ്യത്വവും ആഴവും പരപ്പും മനസ്സിലാവുന്നത്. ഖുർആൻ പറയുന്നു:

**'മതത്തെ ഛിന്നഭിന്നമാക്കുകയും വിവിധ കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിൽ തന്നെയാണിരിക്കുന്നത്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് പിന്നീട് അല്ലാഹു അവർക്ക് വിവരം നൽകുന്നതാണ്'(വി. ഖുർആൻ 6: 160)**

**മുസ്ലിംകളെ നരകത്തിലെത്തിക്കുന്ന കക്ഷിത്വത്തിന്റെ ഈ മാരകാവസ്ഥയെ പറ്റി റസൂൽ തിരുമേനി (സ)യുടെ പ്രവചനങ്ങൾ എത്ര സത്യമായിട്ടാണ് പുലർന്നത്.**

**'ബനൂ ഇസ്റായേൽ 72 കക്ഷികളായി പിരിഞ്ഞു. എന്റെ സമുദായം 73 കക്ഷികളായി പിരിയും. അവരിൽ ഒന്നൊഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും. അപ്പോൾ സഹാബാക്കൾ ചോദിച്ചു:. 'ദൈവദൂതരെ ആ ഒരു കക്ഷി ഏതാണ്?' തിരുമേനി (സ) പറഞ്ഞു:'ഞാനും എന്റെ സഹാബിമാരുമുള്ള നിലയിൽ സ്ഥിതിചെയ്യുന്ന വരാണവർ'(മിശ്കാത്ത്) മറ്റൊരു നബി വചനം നോക്കൂ**

**'നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നത് വരെ നുബൂവ്വത്ത് ഖിലാഫത്ത് നിലനിൽക്കുന്നതാണ്. പിന്നീട് അതിനെ എടുത്ത് കളയും. പിന്നീട് നുബൂവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാവും അവൻ ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. അതിന് ശേഷം അത് എടുക്കപ്പെടും പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തു കളയും. അതിന് ശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാവുന്നതാണ് ഇതിനുശേഷം തിരുനബി (സ) മൗനമവലംബിച്ചു.' (മിശ്കാത്ത്, കിത്താബുൽ റിഖാബ്)**

**മേൽ വിവരിച്ച നബി വചനങ്ങളിലെല്ലാം ദിവ്യവെളിപാടുകൾ കൊണ്ടനുഗൃഹീതനായ ഒരാൾ മുഖേനയാണ് അല്ലാഹു ജീർണിച്ച സമൂഹങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന് വ്യക്തമാവുന്നു.. ഇതല്ലാതെ ഭൗതിക സാമൂഹിക വ്യവസ്ഥയിലുള്ളത് പോലെ കക്ഷി സമ്പ്രദായത്തിലൂടെ അല്ലാഹു മനുഷ്യ സമൂഹങ്ങളെ പുനരുജ്ജീവിപ്പിച്ച ചരിത്രം വിശുദ്ധ ഖുർആനിലോ മറ്റേതെങ്കിലും പൂർവ മത ചരിത്രത്തിലോ കാണുവാൻ സാദ്ധ്യമല്ല.**

**ഇസ്ലാം മതത്തിന്റെ ആഗോള പുനരുജ്ജീവനത്തിന് വേണ്ടി ഇസ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീ മസീഹിനെ അല്ലാഹു യഥാകാലം അയച്ചിട്ടും നിഷേധികളായ പൂർവ സമൂഹങ്ങളെ പോലെ മുസ്ലിംകൾ ആ മഹാത്മാവിനോടും അവിടുന്ന് രൂപം നൽകിയ അഹ്മദിയ്യാ പ്രസ്ഥാനത്തോടും പെരുമാറുന്ന നിർഭാഗ്യകരമായ അവസ്ഥയാണ് നാം കാണുന്നത്. ഭൂരിപക്ഷ മുസ്ലിംകൾക്ക് ഈ നിഷേധം നേട്ടമാണോ കോട്ടമാണോ ഉണ്ടാക്കിയത് എന്ന് അവർ ശാന്തരായി ചിന്തിക്കട്ടെ. മഹ്ദി മസീഹ് എന്ന അഭിധാനത്തിൽ നുബൂവ്വത്ത്നൽകി അല്ലാഹു അയച്ച ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിക്കുന്നു:**

***'അല്ലാഹുവിനാൽ മാർഗദർശനം നൽകപ്പെടുകയും ജനങ്ങളെ സ്വഗീയാരാമത്തിലേക്ക് ക്ഷണിക്കുകയും മുസ്ലിംകളിൽ ആവിർഭവിക്കുകയും ചെയ്യേണ്ടതുമായ ഏതൊരു മസീഹിനെക്കുറിച്ച് വാഗ്ദാനം നൽകപ്പെട്ടിരുന്നുവോ, ലോകം മുഴുകെ ധർമച്യുതി സംഭവിക്കുകയും ഇസ്ലാം അധഃപതിക്കുകയും ചെയ്യുന്ന കാലത്ത് ഏതൊരു മഹ്ദിയെക്കുറിച്ച് ദൈവിക വിധി ഉണ്ടായിരുന്നുവോ 1400 വർഷങ്ങൾക്ക് മുമ്പ് ഏതൊരു മഹാത്മാവിനെക്കുറിച്ച് നബിതിരുമേനി (സ) സുവിശേഷമറിയിച്ചിരുന്നുവോ, അദ്ദേഹം ഞാനല്ലാതെ മറ്റാരുമല്ലെന്ന് സംശുദ്ധമായ വഹ്യ് (വെളിപാട്) മുഖേന അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു (തദ്കിറത്തുശ്ശഹാദതൈൻ,)***



ഹദ്റത്ത് അഹ്മദ് (അ)

# ഞാൻ അല്ലാഹു അയച്ച വാഗ്ദത്ത മസീഹാണ്.


വിശ്വസ്തതയും സത്യസന്ധതയും തികച്ചും നഷ്ടപ്പെട്ട നിലയിൽ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. സമ്പത്ത് നേടുന്നതിന്നുള്ള ചതിയും വഞ്ചനയും അളവറ്റ നിലയിൽ വർധിച്ചിരിക്കുന്നു. ഏറ്റവും ദുഷ്ടനായിട്ടുള്ളവനാരാണോ അവനാണ് ഏറ്റവും കാര്യപ്രാപ്തനായി എണ്ണപ്പെടുന്നത്. പലവിധത്തിലിലുള്ള ദുഷ്ടപ്രവർത്തികളും വഞ്ചനകളും അസത്യഭാഷണങ്ങളും ഉയർന്ന കിടയിലുള്ള ആ കപട തന്ത്രങ്ങളും അത്യാർത്തി നിറഞ്ഞ ആസൂത്രണങ്ങളും ആഭാസ മലീമസങ്ങളായ ആചാര സമ്പ്രദായങ്ങളും സർവത്ര പരന്നുകൊണ്ടിരിക്കുന്നു. അത്യധികം നിഷ്ഠൂരത കലർന്ന കൊടും പകയും പരസ്പര ശണ്ഠകളും വളർന്നു വരുന്നു. മൃഗീയവും പൈശാചികവുമായ ദുർവികാരങ്ങളുടെ ഒരു പ്രളയം തന്നെ ആരംഭിച്ചിരിക്കയാണ്. ഇത് ഭൗതിക ജ്ഞാനങ്ങളിലും നടപ്പായിക്കഴിഞ്ഞ ദുരാചാരങ്ങളിലും എത്ര കണ്ട് വൈഭവവും ഊർജസ്വലതയും കൂടുന്നുവോ അത്ര കണ്ട് സദ്ഭാവനകളുടേയും സൽപ്രവർ ത്തനങ്ങളുടേയും സഹജാവ ബോധങ്ങളും ലജ്ജയും ഉളുപ്പും ദൈവഭയത്തി ന്റേയും സത്യസന്ധതയുടേയും സ്വാഭാവിക വികാരങ്ങളും അവരിൽ കുറഞ്ഞു കുറഞ്ഞു വരികയും ചെയ്യുന്നു.

അല്ലയോ വിവേകശാലികളേ, ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്കസമയത്തു തന്നെ ഒരു സ്വർഗീയ പ്രകാശം ഇറക്കിയിരിക്കുന്നതിലും കലിമത്തുൽ ഇസ്ലാമിനെ ഉയർത്തി കാണിക്കുന്നതിനും മുസൽമാന്മാരുടെ പിന്തുണക്ക്വേണ്ടിയും പിന്നെ അവരുടെ ആന്തരീയ നിലയെ ശുദ്ധീകരിക്കുന്നതിന് ഉദ്ദേശിച്ചും തന്റെ ദാസനെ ഈ ലോകത്ത് അയച്ചുതന്നതിലും നിങ്ങളത്ഭുതപ്പെടേണ്ടതില്ല. ഇസ്ലാം ദീനിന്റെ സഹായകനും എന്നെന്നും ഖുർആനികാദ്ധ്യാപനങ്ങളുടെ സംരക്ഷകനായിരിക്കുമെന്നും അതിനെ നിശ്ചേതനവും നിഷ്പ്രഭവും പ്രകാശരഹിതവും ആകാൻ അനുവദിക്കുകയില്ലെന്നും വാഗ്ദാനം നൽകിയവനും ആരോ ആ സത്യ ദൈവം ഈ അന്ധകാരത്തെ നോക്കികണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ ഈ എല്ലാ കുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള തന്റെ വാദത്തെക്കുറിച്ച് ഓർക്കാതി രിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അത്ഭുതപ്പെടേണ്ടിയിരിക്കുന്നത്. ഓരോ നൂറ്റാണ്ടിന്റേയും തലക്കലും അല്ലാഹു അവന്റെ ദീനിനു നവീകരണം വരുത്തുന്ന ഒരു ദാസനെ എഴുന്നേൽപ്പിക്കുമെന്നുള്ള ആ പരിശുദ്ധനായ റസൂലിന്റെ ഖണ്ഡിതവും സുവ്യക്തവുമായ പ്രവചനം പൂർത്തിയാകാതെ പോയെങ്കിൽ അതിലാണ് ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നത്. തന്നിമിത്തം ഇത് ആശ്ചര്യപ്പെടേണ്ട ഒരു കാര്യമല്ല. മറിച്ച് ആയിരമായിരം നന്ദി പ്രകടിപ്പിക്കേണ്ട അവസരവും ഈമാനും യഖീനും വർധിപ്പിക്കേ ണ്ട സമയവുമാണ്. അല്ലാഹു അവന്റെ അനുഗ്രഹാതിരേകത്താൽ തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും തന്റെ റസൂലിന്റെ പ്രവചനത്തിന്റെ പൂർത്തീകരണം ഒരു മിനിറ്റു പോലും വൈകിക്കാതിരിക്കുകയും ആണ് ചെയ്തിട്ടുള്ളത്. അവൻ ഈ പ്രവചനത്തെ പൂർത്തിയാക്കി കാണിച്ചു എന്നു മാത്രമല്ല. ആയിരക്കണക്കായ പ്രവ ചനങ്ങളുടേയും

ശേഷം പേജ് 29 ൽ

# മുസ്ല്വിഹ് മൗഊദ്

## യുഗപ്രഭാവനായ പരിവർത്തനകാരി





മുസ്ല്വിഹ് മൗഊദ്

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2016 ജനുവരി 22 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

ഫെബ്രുവരി 20 മുസ്ലിഹ് മൗഊദിന്റെ പ്രവചനത്തിന്റെ പേരിലാണ് അഹ്മദിയ്യാ ജമാഅത്തിൽ അറിയപ്പെടുന്നത്. ദീനിന്റെ സേവകനും ദീർഘായുഷ്മാനും നിരവധി പ്രത്യേകതകക്ക് ഉടമയുമാകാൻ പോകുന്ന തന്റെ ഒരുമകന്റെ ജനനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറിയിപ്പ് നൽകപ്പെട്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പ്രവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു : 'മുസ്ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനം കേവലം പ്രവചനം മാത്രമല്ല, മറിച്ച് അതിമഹത്തായ ദൈവിക ദൃഷ്ടാന്തം കൂടിയാകുന്നു. അത് അന്തസ്സുടയവനും പ്രതാപവാനുമായ അല്ലാഹു വളരെ കൃപയുള്ളവനും കരുണാവാനുമായ നമ്മുടെ നബി കരീം മുഹമ്മദ് മുസ്തഫാ(സ)ന്റെ സത്യസാക്ഷ്യവും മഹത്ത്വവും വ്യക്തമാക്കാൻ പ്രകടമാക്കിയതായിരുന്നു. അത് വാസ്തവത്തിൽ മരിച്ച ഒരുവനെ ജീവിപ്പിക്കുന്നതിനേക്കാൾ നൂറുമടങ്ങ് അത്യുന്നതവും അതിസമ്പൂർണവും അതിശ്രേഷ്ഠവുമാകുന്നു. കാരണം മരിച്ചവനെ ജീവിപ്പിക്കുക എന്നതിന്റെ യാഥാർഥ്യം ദൈവിക സവിധത്തിൽ പ്രാർഥിച്ച് ഒരു ആത്മാവിനെ തിരികെ ആവശ്യപ്പെടുക എന്നാണ്. എന്നാൽ, ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് (സ)ന്റെ അനുഗ്രഹാശിസ്സും മുഖേന ഈ വിനീതന്റെ പ്രാർഥനകൾ സ്വീകരിച്ചു കൊണ്ട് ഒരു അനുഗൃഹീത ആത്മാവ് അയക്കുന്നതാണെന്ന് വാഗ്ദാനം ചെയ്യുകയായിരുന്നു. അവന്റെ ആന്തരികവും ബാഹ്യവുമായ അനുഗ്രഹങ്ങൾ ഭൂമിയിൽ മുഴുവൻ പരക്കുന്നതാണ്. അതിനാൽ ഈ അടയാളം പ്രത്യക്ഷത്തിൽ, മരിച്ചവരെ ജീവിപ്പി ക്കുന്നതിന് തുല്യമാണെന്ന് മനസ്സിലാകുന്നുവെന്ന് മാത്രമല്ല ചിന്തിക്കുകയാണെങ്കിൽ ഈ ദൃഷ്ടാന്തം മരിച്ചവരെ ജീവിപ്പിക്കുന്നതിനേക്കാളും നൂറുമടങ്ങ് ശ്രേഷ്ഠമാണെന്നും

വ്യക്തമാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം വളരെ മഹത്തായ രീതിയിൽ പുലർന്നത് സ്വന്തക്കാരും അന്യരും കണ്ടതാണ്. ഈ പ്രവചനത്തിന്റെ സാക്ഷാൽക്കാരം, കാലം തെളിയിച്ചതുപോലെത്തന്നെ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ) ആയിരുന്നു. ജമാഅത്തിലെ ആലിംകളും സാധാരണക്കാരും അക്കാര്യം ഉറച്ച് വിശ്വസിച്ചിരുന്നെങ്കിലും ഈ പ്രവചനം തന്നെക്കുറിച്ചാണെന്ന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ) വ്യക്തമാക്കുകയോ വിളംബരപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അങ്ങനെ അദ്ദേഹത്തിന്റെ ഖിലാഫത്തിന് ഏകദേശം 30 വർഷം കഴിഞ്ഞപ്പോൾ 1944-ൽ അദ്ദേഹം താനാണ് മുസ്‌ലിഹ് മൗഊദ് എന്ന് വിളംബരപ്പെടുത്തുകയുണ്ടായി. (ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു:) ഇന്ന് ഞാൻ ഇത് സംബന്ധിച്ച് മുസ്‌ലിഹ് മൗഊദ്(റ)ന്റെ രണ്ട് ഖുത്ബകളുടെ സംഗ്രഹം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ കേൾപ്പിക്കാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1944 ജനുവരി 28-ൽ ചെയ്ത ഖുത്ബയിൽ പറയുന്നു: "ഇന്ന് ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു, അത് പറയുന്നത് എന്റെ സ്വഭാവം വെച്ച് നോക്കുമ്പോൾ എനിക്ക് അസ്വസ്ഥത ഉണ്ടാക്കുന്നതാണ്. എങ്കിലും ചില സംഗതികളും ദൈവിക വിധികളും ഇതിന്റെ വിവരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് എനിക്ക് വ്യക്തിപരമായി അസ്വസ്ഥതയുണ്ടെങ്കിലും അത് വിവരിക്കാതിരിക്കാൻ സാധ്യമല്ല." തുടർന്ന് അദ്ദേഹം താൻ കണ്ട സുദീർഘമായ ഒരു സ്വപ്നം വിവരിക്കുന്നു; അതിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു: 'മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനം അല്ലാഹു എന്റെ അസ്തിത്വവുമായി ബന്ധിച്ചിരിക്കുന്നു. ഈ പ്രവചനങ്ങളെ സംബന്ധിച്ച് എന്റെ അഭിപ്രായമെന്താണെന്ന് ജനങ്ങൾ കൂടെക്കൂടെ എന്നോട് ചോദിക്കുന്നു. എന്റെ അവസ്ഥ എന്തായിരുന്നുവെന്ന് വെച്ചാൽ, എന്റെ ആത്മാവ് എന്നെ വഞ്ചിക്കരുതെന്നും യാഥാർഥ്യത്തിന് നിരക്കാത്ത എന്തെങ്കിലും ചിന്ത എനിക്കുണ്ടാകരുതെന്നും കരുതി ആ പ്രവചനങ്ങൾ ശ്രദ്ധയോടുകൂടി വായിക്കാൻ പോലും ഞാൻ ശ്രമിച്ചിട്ടില്ല."(ഹുദൂർ അയ്യദുഹല്ലാഹ് പറയുന്നു:) ഇതുമായി ബന്ധപ്പെട്ട യഥാർഥ വ്യക്തിക്ക് എത്രമാത്രം കരുതലുണ്ടെന്ന് നോക്കുക, എന്നാൽ, നേരായ നിലയിൽ ചിന്തിക്കാത്തവർ, ലക്ഷണങ്ങളൊന്നും ഇല്ലാതിരുന്നിട്ടും അതേപ്പറ്റി വിളംബരപ്പെടുത്തുന്നു. അവരെ ബുദ്ധിശൂന്യർ എന്നല്ലാതെ എന്തുപറയാനാണ്. ചുരുക്കത്തിൽ ഈ പ്രവചനത്തെക്കുറിച്ച് തന്റെ ലജ്ജയും നാണവും അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഒരിക്കൽ എനിക്ക് ഒരു കത്ത് തന്നിട്ട് പറഞ്ഞു; ഈ കത്ത് നിന്റെ ജനനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) എനിക്ക് എഴുതിയതാണ്, ഇത് തശ്ഹീദുൽ അദ്ഹാൻ(മാസികയി)ൽ പ്രസിദ്ധീകരിക്കുക.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ഖലീഫത്തുൽമസീഹ് അവ്വലിനോടുള്ള ബഹുമാനം കാരണം ഞാൻ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ, ആ നേരത്തും ഞാൻ അത് ഗൗരവത്തോടെ വായിച്ചിരുന്നില്ല. കത്ത് പ്രസിദ്ധീകരിച്ചപ്പോൾ ആളുകൾ അന്നും പലതും പറഞ്ഞു. എന്നാൽ, ഞാൻ മൗനം പാലിക്കുകയാണ് ചെയ്തത്. ഈ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന വ്യക്തി ഞാനാണെന്ന് പറയേണ്ട ആവശ്യമെനിക്കില്ലെന്നായിരുന്നു ഞാൻ പറയാറുണ്ടായിരുന്നത്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ജനങ്ങൾ എന്നെ സംബന്ധിച്ചുള്ള പല പ്രവചനങ്ങളും എന്റെ മുമ്പിൽവച്ചുകൊണ്ട് ഞാൻ അവയുടെ സാക്ഷാത്ക്കാരമാണെന്ന് പ്രഖ്യാപിക്കാൻ നിർബന്ധിക്കുകയുണ്ടായി. എന്നാൽ, പ്രവചനങ്ങൾ സ്വയംതന്നെ അവയുടെ പുലർച്ച കാണിക്കുമെന്നാണ് ഞാൻ എപ്പോഴും പറഞ്ഞത്. ഈ പ്രവചനങ്ങൾ എന്നെ സംബന്ധിച്ചാണെങ്കിൽ ഞാനാണ് അതിന്റെ പുലർച്ചയെന്ന് കാലം സ്വയം വിളിച്ചോതുന്നതാണ്. ഇനി എന്നെ കുറിച്ചല്ലെങ്കിൽ കാലത്തിന്റെ സാക്ഷ്യം എനിക്കെതിരായിരിക്കും. രണ്ടായാലും എനിക്കൊന്നും പറയേണ്ടതില്ല. ധിറുതി കാണിക്കേണ്ടതുമില്ല. ഇൽഹാമിൽ പറഞ്ഞതുപോലെ വരേണ്ടയാൾ ഇയാളാണോ എന്നും അല്ല മറ്റാരെയെങ്കിലും പ്രതീക്ഷിക്കേണ്ടതുണ്ടോ എന്നുമുള്ള യാഥാർഥ്യം അല്ലാഹു സ്വയം വെളിവാക്കുന്നതാണ്. വളരെ കാലമായി ലോകം ഈ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു. ഈ സുദീർഘ കാലത്തെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിൽ പരാമർശമുണ്ട്. ഉദാഹരണത്തിന് യഅ്ഖൂബ് നബി (അ) യെ സംബന്ധിച്ച് യൂസുഫിന്റെ സഹോദരന്മാർ പറഞ്ഞു, താങ്കൾ രോഗിയായിത്തീരുകയോ, മരിക്കുകയോ ചെയ്യുംവരെ യൂസുഫിനെസ്മരിച്ചുകൊണ്ടേയിരിക്കും.'(12:86)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു:'ഇതേ ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഉണ്ടായി. യൂസുഫിന്റെ സുഗന്ധം തനിക്കു വരുന്നുവെന്ന് അദ്ദേഹത്തിന് ഇൽഹാം ഇറങ്ങി. തന്റെ കവിതയിൽ അദ്ദേഹമിത് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് ഒരു ദീർഘകാലത്തിനുശേഷമാണ് വെളിപ്പെടുകയെന്നാണ് അതു പറയുന്നത്. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് യൂസുഫ് നബിയും തന്റെ പിതാവിനെ കണ്ടുമുട്ടിയത് ദീർഘകാലത്തിനുശേഷമാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു:'ഈ പ്രവചനം എന്നെക്കുറിച്ചാണെന്ന് മരണംവരെ എനിക്കു വെളിപ്പെടാതിരുന്നാലും സംഭവങ്ങൾ സ്വയമേവ ഈ പ്രവചനങ്ങൾ എന്റെ കൈകളാൽ എന്റെ കാലത്ത് പൂർത്തിയായെന്ന് പറയുന്നുണ്ടെന്ന ദൃഢവിശ്വാസത്തിലാണ് ഞാനുള്ളത്. അതുകൊണ്ട് ഞാൻ

തന്നെയാണ് അതിന്റെ പുലർച്ച. പക്ഷേ, അല്ലാഹു തന്റെ ഇംഗിതമനുസരിച്ച് മുസ്‌ലിഹ് മൗഊദുമായി ബന്ധപ്പെട്ട പ്രവചനങ്ങൾ എന്നെ കുറിച്ചാണെന്ന കാര്യം വെളിപ്പെടുത്തുകയും എന്നെ അറിയിക്കുകയും ചെയ്തിരിക്കുന്നു.'

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ (റ)ചില പ്രവചനങ്ങൾ ചുരുങ്ങിയ നിലയിൽ വിവരിക്കുകയും ചെയ്തു; ഉദാഹരണത്തിന് 'അവൻ മൂന്നിനെ നാലാക്കുന്നവനാണ്' എന്ന പ്രവചനം. അതുപോലെ 'തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച.' ഈ രണ്ടു കാര്യങ്ങളെ അദ്ദേഹം ഇങ്ങനെ വിവരിച്ചു: 'അവൻ മൂന്നിനെ നാലാക്കും' എന്ന പ്രവചനത്തെ കുറിച്ച് വാഗ്ദത്ത മസീഹിന്റെ ചിന്തപോയത് മൂന്ന് ആൺമക്കളെ നാലാക്കുന്നവനായിരിക്കും എന്നതിലേക്കാണ്. എന്നാൽ, അവൻ മൂന്നു ആൺമക്കളെ നാലാക്കുന്നവനായിരിക്കും എന്ന് ഇൽഹാമിൽ പറഞ്ഞിട്ടില്ലെന്ന കാര്യത്തിലേക്കും തന്റെ ശ്രദ്ധ തിരിയാതിരുന്നില്ല എന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. അവൻ മൂന്നിനെ നാലാക്കുമെന്ന് മാത്രമാണ് ഇൽഹാമിൽ പറഞ്ഞിട്ടുള്ളത്. അതിനാൽ ഇതിൽ ആ പരിവർത്തനകാരിയുടെ ജനനത്തീയതിയായിരിക്കാം പ്രതിപാദിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസിലാക്കുന്നത്. മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം 1886 ന്റെ തുടക്കത്തിലാണ് ചെയ്തത്. 1889 ലാണ് ജനിച്ചത്. മൂന്നിനെ നാലാക്കും എന്ന പ്രവചനത്തിൽ പ്രവചനത്തിന്റെ നാലാം വർഷമായിരിക്കും അവൻ ജനിക്കുക എന്ന വാർത്തയാണ് അടങ്ങിയിരിക്കുന്നത്. അങ്ങനെയാണ് സംഭവിച്ചതും.

ഇനി 'തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച' എന്ന പ്രവചനത്തിന് മറ്റർഥങ്ങളും ഉണ്ടാകാം. എന്നെ സംബന്ധിച്ചിടത്തോളം ഇതിന്റെ വ്യാഖ്യാനം ഇപ്രകാരമാണ്: 'തിങ്കളാഴ്ച ആഴ്ചയിലെ മൂന്നാമത്തെ ദിവസമാണ്. ആത്മീയ ജമാഅത്തുകളിൽ പ്രവാചകന്മാരുടേയും ഖലീഫമാരുടേയും കാലഘട്ടങ്ങൾ വെവ്വേറെയാണ്. ഇങ്ങനെ ചിന്തിക്കുന്നതായാൽ ആദ്യഘട്ടം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതായിരുന്നു; രണ്ടാമത്തെ ഘട്ടം ഖലീഫത്തുൽമസീഹ് അവ്വലിന്റേതും; മൂന്നാമത്തേത് എന്റേതും. ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു ഇൽഹാമും ഈ വ്യാഖ്യാനത്തെ ശരിവെക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 'ഫള്‌ലെ ഉമർ' എന്ന ഒരു ഇൽഹാം ഉണ്ടായിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ)വും നബി(സ)തിരുമേനിയെ ഉൾപ്പെടുത്തിനോക്കുമ്പോൾ മൂന്നാമത്തെ ഖലീഫയായിരുന്നു. അതിനാൽ തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആ വാഗ്ദത്ത പരിവർത്തനകാരിയുടെ കാലഘട്ടം അഹ്മദിയ്യാ ജമാഅത്തിൽ ആഴ്ചയിലെ മൂന്നാമത്തെ ദിവസുമായി സാദൃശപ്പെടുത്തിയിരിക്കുന്നു എന്നാണ്. അതായത് ഈ ജമാഅത്തിൽ ദീനീ സേവനത്തിനായി മൂന്നാമത് എഴുന്നേല്പിക്കപ്പെടുന്ന ആളായിരിക്കും അദ്ദേഹം. 'ഫള്‌ലെ ഉമർ'എന്ന വെളിപാടു പേരും ഇതിലേക്ക് സൂചനനല്കുന്നു. **യുഫസ്സിറുഹൂ ബഅ്ദഹൂ ബഅ്ളാ** എന്ന ദൈവികവചനപ്രകാരം 'ഫള്‌ലെ ഉമർ' എന്ന പദം 'തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച' എന്ന പ്രവചനത്തെ വ്യാഖ്യാനിക്കുന്നു എന്നു പറയാം.

പറയുന്നു: 'എന്നാൽ, ഇസ്‌ലാമിൽ മറ്റൊരു വാർത്തയുമുണ്ട്. അതായത് അല്ലാഹു ആ അനുഗൃഹീത തിങ്കളാഴ്ചയെ ഒരു പ്രത്യേക രീതിയിലായിരിക്കും കൊണ്ടുവരിക. പറയുന്നു: 'ഇതൊന്നും എന്റെ നിയന്ത്രണത്തിൽപ്പെട്ടതായിരുന്നില്ല. ഞാൻ എന്റെ സ്വയേഷ്ടപ്രകാരം മനഃപൂർവം ഈ പദ്ധതി തുടങ്ങിയതാണെന്ന് ഒരു മനുഷ്യനും പറയാൻ കഴിയില്ല.(അതായത് 1934-ൽ തുടങ്ങിയ തഹ്‌രീക്കെ ജദീദ് പദ്ധതി.) ജമാഅത്തിന്നെതിരിൽ ദുഢാലോചനനടത്തിക്കൊണ്ടുള്ള സർക്കാറിന്റെ നീക്കങ്ങളും അഹ്റാരികളുടെ ഫിത്നയും കാരണത്താൽ അവിടന്ന് പറയുന്നു: അല്ലാഹു എന്റെ മനസ്സിൽ ഈ പദ്ധതി ഇട്ടുതന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിന് ഞാൻ 10 വർഷം നിശ്ചയിച്ചു. ഓരോ മനുഷ്യനും ത്യാഗം ചെയ്യുമ്പോൾ ആ ത്യാഗത്തിനുശേഷം ഒരു പെരുന്നാൾ ദിവസം വരാറുണ്ട്. നോക്കുക! റമളാനിലെ നോമ്പുകൾക്കുശേഷം പെരുന്നാൾ വരുന്നു. ഇപ്രകാരംതന്നെ അവിടന്ന് പറയുന്നു: ഇതിന്റെ അടിസ്ഥാനത്തിൽ 1945 വർഷം നോക്കുകയാണെങ്കിൽ തഹ്‌രീക്കെ ജദീദിനെ സംബന്ധിച്ച് 11-ാമത്തെ വർഷമാണ്. അത് പെരുന്നാളിന്റെ വർഷമാണ്. ഈ വർഷം തിങ്കളാഴ്ച മുതലാണ് ആരംഭിക്കുന്നത്. 'ദോശമ്പ' എന്നു പറയുന്നത് തിങ്കളാഴ്ചയ്ക്കാണ്. അതുകൊണ്ട് അല്ലാഹു ഇസ്‌ലാമിന്റെ അങ്ങേയറ്റം ബലഹീനമായ അവസ്ഥയുടെ കാലത്ത് അതിന്റെ പ്രചാരണത്തിനുവേണ്ടി ഒരു സുപ്രധാന പ്രബോധന സ്ഥാപനത്തിന് അടിത്തറ പാകുന്നതാണെന്ന് അറിയിച്ചിരുന്നു. അതിന്റെ ആദ്യഘട്ടം വിജയപൂർവം തികയുമ്പോൾ അത് ജമാഅത്തിന് അനുഗൃഹീത കാലഘട്ടമായിരിക്കും.'

ഹുദൂർ പറഞ്ഞു: ആ സുദീർഘമായ സ്വപ്നം കണ്ടതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), മുസ്‌ലിഹ് മൗഊദാണെന്ന് വിളംബരം ചെയ്തു. അതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു: 'ഈ സ്വപ്നത്തിൽ എന്റെ നാവിൽ ഈ വാക്യം വന്നു. **അനൽ മസീഹുൽമൗഊദി മഥീലഹൂ വ ഖലീഫത്തഹൂ** ഈ അത്യത്ഭുതകരമായ വാക്കുകൾ എന്റെ നാവിൽ വന്നിരിക്കുന്നതായി സ്വപ്നത്തിലും എനിക്കും തോന്നി. പിന്നീട് ഈ സ്വപ്നം കേട്ടപ്പോൾ 'മസീഹി ഗുണം' എന്ന് ഹദ്റത്ത് മസീഹ് മൗഊദിന്റെ 1886 ഫെബ്രുവരി 20 ലെ വിജ്ഞാപനത്തിലുമുണ്ടെന്ന് ചിലയാളുകൾ പറഞ്ഞു. വിജ്ഞാപനത്തിൽ 'അവൻ ലോകത്തുവന്ന് തന്റെ മസീഹി ഗുണവും റൂഹുൽഹഖ്ഖിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗം സുഖ

പ്പെടുത്തത്തും' എന്നാണുളളത്. റൂഹുൽഹഖ് എന്നു പറയുന്നത് തൗഹീദിന്റെ ആത്മാവിനാണ്. ആ മഹാത്മാവ് ലോകത്ത് ഇസ്‌ലാമിന്റെ പ്രബോധനത്തിന് അടിത്തറയിട്ട് ലോകമനസ്സുകളെ സൃഷ്ടി പൂജയിൽനിന്ന് പരിശുദ്ധമാക്കി. പറഞ്ഞു: മൂന്നാമതായി ഞാൻ സ്വപ്നത്തിൽ കണ്ടത് ഞാൻ ഓടിക്കൊണ്ടിരിക്കുകയാണ്. വേഗത്തിൽ നടക്കുകയല്ല. ഓടുകയാണ്. ഭൂമി എന്റെ പാദങ്ങൾക്കുകീഴെ ചുരുട്ടപ്പെട്ടുകൊണ്ടു പോകുന്നു.

"വാഗ്ദത്ത് സുതനെക്കുറിച്ചുളള പ്രവചനത്തിൽ അവൻ വേഗം വേഗം വളരുമെന്ന കാര്യവുമുണ്ട്. ഇപ്രകാരം ഞാൻ ചിലവിദേശ രാജ്യങ്ങളിലേക്ക് പോയിരിക്കുന്നതായും സ്വപ്നത്തിൽ കണ്ടു. പിന്നീട് ഞാൻ അവിടെ എന്റെ ജോലി തീർത്തില്ല; അവിടെപ്പോയി എന്റെ ജോലി അവസാനിപ്പിച്ചില്ല. ഞാൻ വീണ്ടും മുന്നോട്ടുപോകാൻ തീരുമാനിക്കുകയാണ്. ഞാൻ സ്വപ്നത്തിൽ പറഞ്ഞു,'അബ്ദുശ്ശക്കൂറേ! ഇനി ഞാൻ മുന്നോട്ടുപോകും. യാത്രകഴിഞ്ഞു വരുമ്പോൾ നീ തൗഹീദ് സ്ഥാപിച്ചോ എന്നും സൃഷ്ടിപൂജ ഇല്ലാതാക്കിയോ എന്നും ഇസ്‌ലാമിന്റേയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റേയും അധ്യാപനം മനസ്സുകളിൽ നാട്ടിയോ എന്നും നോക്കുന്നതാണ്."

ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ഇറക്കിയ വചനങ്ങളിലുണ്ട്. അതായത് പ്രബോധനകർമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നവനായിരിക്കും. ഈ പ്രവചനവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ പ്രൗഢോജ്ജ്വലമായ നിലയിൽ പുലർന്നത് നമ്മൾ കാണുന്നു. അവിടന്ന് കണ്ട ഈ സുദീർഘ സ്വപ്നത്തിൽ ഏകദേശം മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുളള പ്രവചനത്തിൽ പറഞ്ഞ കാര്യങ്ങളുമായി ചേർന്നുവരുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അത് വിവിധ രീതിയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന് കാണിക്കപ്പെട്ടു.

ഹുദൂർ പറഞ്ഞു, 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ കുറിച്ചുളള ചില സംഭവങ്ങൾ എങ്ങനെയാണ് സാദൃശ്യമുൾക്കൊളളുന്നത്, അവിടത്തെ കാലഘട്ടം മുതൽ ഇപ്പോൾ പ്രവചനം പൂർത്തിയായ സംഭവങ്ങൾവരെ ചുരുക്കി ഞാൻ പറയുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിച്ചു:

'ഒരിക്കൽ ഹദ്റത്ത് അമ്മാജാന്റെ മുറിയിൽ നമസ്കാരവുംകാത്ത് ഞാൻ ഉലാത്തുകയായിരുന്നു. അപ്പോൾ മസ്ജിദിൽനിന്ന് ഉറക്കെയുളള സംസാരം കേട്ടു. ഒരു കുട്ടിയെ മുന്നിൽനിറുത്തി ജമാത്തിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പറഞ്ഞിരുന്നത്.' അവിടന്ന് പറയുന്നു, 'എതിരാളികളുടെ ഈ വാക്കുകൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രവചനത്തിലുണ്ടായിരുന്ന 'അവൻ വേഗം വേഗം വളരും' എന്നതിനെ സാക്ഷ്യപ്പെടുത്തുന്നതായിരുന്നു.' അവിടന്ന് പറയുന്നു, 'അല്ലാഹു എന്നെ എത്രപെട്ടെന്ന് വളർത്തിയെന്നാൽ, ശത്രുക്കൾ അത്ഭുതപ്പെട്ടുപോയി. കാരണം കുറച്ചുമാസം മുമ്പേ ഞാൻ കുട്ടിയാണെന്ന് പറഞ്ഞവർ കുറച്ചുമാസം കഴിഞ്ഞപ്പോൾ എന്നെ പരിചയസമ്പന്നൻ എന്നു പറഞ്ഞ് സ്വതന്ത്രനാക്കുന്നു. അതു തികച്ചും മറിഞ്ഞു വന്നു. അതായത് കുട്ടിക്കാലത്തു തന്നെ അല്ലാഹു എന്റെ കൈയാൽ ജമാഅത്തിൽ ഛിദ്രത ഉണ്ടാക്കുന്നവരെ പരാജയപ്പെടുത്തി. അങ്ങനെ അക്കാലം പോകുകയും ഇക്കാലം വരികയും ചെയ്തു. അപ്പോൾ ഉണ്ടായിരുന്ന ജമാഅത്തിന്റെ ജനസംഖ്യ എന്നെ ഏല്പിക്കപ്പെട്ട ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നൂറിരട്ടി കൂടുതലായതായി വീക്ഷിക്കുന്നവർ കണ്ടുകൊണ്ടിരിക്കുന്നു. ഏതെല്ലാം രാജ്യങ്ങളിലാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം എത്തിക്കഴിഞ്ഞിരുന്നത് ഇന്ന് അതിനെക്കാൾ എത്രയോ ഇരട്ടി രാജ്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം എത്തിക്കഴിഞ്ഞിരിക്കുന്നു. 'അവൻ വേഗം വേഗം വളരുമെന്നും' 'അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ തണലുണ്ടായിരിക്കുമെന്നും' പറഞ്ഞ ആ അല്ലാഹുവിന്റെ പ്രവചനം മഹത്തായ നിലയിൽ പൂത്തിയായി. ഒരു ശത്രുവിനും ഇതു നിഷേധിക്കാൻ സാധിക്കുകയില്ല.'

ഹദ്റത്ത് മസീഹ് മൗഊദ് (അ) സുപ്രധാനമായ പ്രവചനമെന്ന് പറഞ്ഞ ആ ഉദ്ധരണി ഞാൻ ആരംഭത്തിലും കേൾപ്പിച്ചിരുന്നു. ഇത് പ്രവചനം മാത്രമല്ല. മഹത്തായ ദൃഷ്ടാന്തവുമാണ്. ആ വാഗ്ദത്ത സുതന്റെ ജനനം പ്രവചനമനുസരിച്ച് 9 വർഷത്തിനുള്ളിലായിരുന്നു നടക്കേണ്ടിയിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:'പറയുന്ന ആൾക്കുതന്നെ താൻ 9 വർഷംവരെ ജീവിച്ചിരിക്കുമോ എന്നറിയുകയില്ല. ആ കാലയളവിൽ ഏതെങ്കിലും കുട്ടി പിറക്കുമോ എന്നു അറിയുകയില്ല. എന്നിട്ടല്ലേ ഏതെങ്കിലും തന്ത്രം കൊണ്ട് ആൺകുട്ടി ജനിക്കുമെന്ന് ഖണ്ഡിതവും ഉറപ്പായും വിശ്വസിക്കാൻ കഴിയുക; ആൺകുട്ടി മാത്രമല്ല പിറക്കേണ്ടത് അവൻ ഇസ്‌ലാമിന്റെ അന്തസ്സിനും പ്രൗഢിക്കും കാരണവുമാകണം. ഇതും പ്രവചനത്തിലുളളതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ നാലുഭാഗത്തുനിന്നും ശത്രുക്കൾ ആക്രമണം നടത്തിക്കൊണ്ടിരുന്ന ആ കാലം എന്തായിരുന്നു. അദ്ദേഹം തനിക്ക് അല്ലാഹുവിൽനിന്ന് ഇൽഹാം ലഭിക്കുന്നുവെന്ന് വാദിച്ചതുകൊണ്ടുമാത്രമായിരുന്നു അത്. മുജദ്ദിദിയ്യത്തിന്റേയോ മഅ്മൂരിയ്യത്തിന്റേയോ വാദമൊന്നും അന്നുണ്ടായിരുന്നില്ല. അക്കാലത്താണ് സവിശേഷതയോടുകൂടിയ ഒരു ആൺകുട്ടി തനിക്കുണ്ടാകുമെന്ന് അദ്ദേഹം പ്രവചിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ആരുടെയെങ്കിലും നായിബിന്(പ്രതിനിധിക്ക്)പ്രശസ്തി ഉണ്ടാകുമെന്നു പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം അയാളുടെ യജമാനനും അനുസരിക്കപ്പെടുന്ന ആളിനും പ്രശസ്തി ഉണ്ടാകുമെന്നാണ്. അല്ലാഹു പ്രവചനത്തിൽ ഭൂമിയുടെ കോണുകളി

ലെല്ലാം അവൻ കീർത്തി പ്രാപിക്കും എന്നു പറഞ്ഞതിന്റെ അർഥം അവൻ മുഖേന ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടേയും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റേ യും നാമം ലോകത്തിന്റെ കോണുകളിലെല്ലാം കീർത്തി പ്രാപിക്കുമെന്നാണ്. ഇനി നോക്കുക! പ്രവചനം എത്ര വ്യക്തമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അഫ്ഗാനിസ്താനിൽ മാത്രമായിരുന്നു പ്രാധാന്യത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിയിരുന്നത്. മറ്റു രാജ്യങ്ങളിൽ വെറും പരന്നുകൊണ്ടിരുന്ന വാർത്തകളായിരുന്നു. അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ ഖലീഫയാക്കിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം പറയുന്നു, 'സമാട്ര, ജാവ, സ്ട്രീറ്റ് സെറ്റിൽ മെന്റ്, ചൈന, മൊറേഷ്യസ്, ആഫ്രിക്കയിലെ മറ്റു രാജ്യങ്ങൾ, ഫലസ്ത്വീൻ, ഇറാൻ, മറ്റു അറേബ്യൻ രാജ്യങ്ങൾ, യൂറോപ്പിലെ ഒരുപാട് രാജ്യങ്ങളിൽ അഹ്മദിയ്യത്ത് പരന്നു.'

ഈ പ്രവചനത്തിൽ 'ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും' എന്നും അല്ലാഹുവിൽനിന്ന് അറിയിക്കപ്പെട്ടിരുന്നു. അവിടന്ന് പറയുന്നു, 'അല്ലാഹു തന്റെ പ്രവചനമനുസരിച്ച് ഇക്കാലത്ത് റൂഹുൽ ഹഖ്ഖിന്റെ അനുഗ്രഹം ഉൾക്കൊള്ളുന്ന ഒരു വ്യക്തിയെ തന്റെ വചനങ്ങൾകൊണ്ട് സമുന്നതമാക്കണമെന്ന് ആഗ്രഹിച്ചു. അവൻ ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ നിറയ്ക്കപ്പെട്ടവനാകണം. അവൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വിശദീകരണവും റസൂൽകരീം(സ)യുടെ വിശദീകരണവും വിശുദ്ധ ഖുർആന്റെ ഇച്ഛയുമനുസരിച്ച് ശത്രുവിന്റെ ആക്രമണങ്ങൾ ചെറുക്കുകയും ഇസ്‌ലാമിന്റെ സംരക്ഷണത്തിനുള്ള ജോലി നിർവഹിക്കുകയും വേണം. അതുകൊണ്ട് അല്ലാഹു അവന്റെ ജോലി ചെയ്തു. എന്റെ എഴുത്തുകളിൽ തന്റെ സാക്ഷ്യത്തിന്റെ സീൽ വച്ചു.' അവിടന്ന് പറഞ്ഞു: 'അല്ലാഹു എന്നോടു പറയാതിരുന്നതുവരെ ഞാൻ മൗനം പാലിച്ചു. അല്ലാഹു പറഞ്ഞപ്പോൾ പറയുക മാത്രമല്ല മറിച്ച് ആളുകളോടു പറയാൻ നിർദേശിക്കുകയും ചെയ്തപ്പോൾ ഞാൻ പറയുകയാണ് ഈ പ്രവചനം എല്ലാ നിലയ്ക്കും എന്നിൽ പൂർത്തിയാകുന്നു.' അവിടന്ന് പറയുന്നു:'അല്ലാഹു എന്നോടു പറയുക എന്ന് നിർദേശിച്ചുവെന്നു മാത്രമല്ല തന്റെ അനുഗ്രഹംകൊണ്ട് ഈ പ്രവചനത്തിന്റെ സത്യത്തിനു വേണ്ടി തെളിവെന്നോണം അത്തരം അവസ്ഥകളും സൃഷ്ടിച്ചു. ആകാശത്തിൽ ചന്ദ്രൻ വിളങ്ങുമ്പോൾ അതിനുചുറ്റും അല്ലാഹു നക്ഷത്രങ്ങളെ സൃഷ്ടിക്കുന്നതുപോലെ ഈ നാളുകളിൽ ഒരുപാടാളുകൾ സ്വപ്നങ്ങളും കണ്ടിരിക്കുന്നു. അവയിൽ ഈ സ്വപ്നത്തിലെ വിഷയം ആവർത്തിക്കപ്പെട്ടിരിക്കുന്നു.' പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ജമാഅത്തിലെ സാത്വികരായ ചിലയാളുകളുടേയും തന്റേയും ചില സ്വപ്നങ്ങളും ഇൽഹാമുകളും അതിനോടനുബന്ധിച്ച് പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'അല്ലാഹു പലവട്ടം വാഗ്ദത്ത പരിവർത്തനകാരി അല്ലാഹുവിന്റെ സത്യമായ ആത്മാവുകൊണ്ട് വിഭൂഷിതനാണെന്ന് എന്നിൽ തന്റെ അദൃശ്യത്തെ വെളിപ്പെടുത്തി ഈ പ്രവചനത്തെ സത്യമാക്കുകയുണ്ടായി. ഇത് അല്ലാഹു എന്നിൽ വെളിപ്പെടുത്തിയ അവന്റെ അടയാളങ്ങളാണ്. സ്നേഹിതന്മാർ ആദ്യമേതന്നെ ഞാൻതന്നെയാണ് പ്രവചനത്തിന്റെ പുലർച്ചയെന്ന് നിശ്ചയിച്ചിരുന്നുവെന്നും ഇപ്പോഴാണ് ഞാൻ വാദിച്ചതെന്നും ആളുകൾ പറയുന്നതിന്റെ യുക്തി എന്താണ്. ഞാൻ പറയുന്നു, ഇതിലെ യുക്തി വിശുദ്ധ ഖുർആൻ പറയുന്നതുതന്നെയാണ്. **മാകാനല്ലാഹു ലിയുളീഅ അയ്മാനുക്കും**.അല്ലാഹു നബിയെ നിയോഗിച്ചയച്ചതിനു ശേഷം വാഗ്ദാനം ചെയ്യപ്പെട്ടയാളെ എഴുന്നേല്പിച്ച് നിറുത്തുന്നു. അവൻ സ്ഥാപിച്ച ജമാഅത്ത് കുഫ്റിന് ഇരയാകുന്നതും ഈമാൻ നഷ്ടപ്പെടുന്നതും അവൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് അല്ലാഹു മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച് -അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)തയ്യാറാക്കിയ ജമാഅത്തിൽ സ്വഹാബാക്കളുടെ കാലഘട്ടത്തിൽ വരേണ്ടതിന് ആദ്യം അദ്ദേഹത്തിന്റെ ഖലീഫയാക്കുകയും അദ്ദേഹത്തിൽനിന്ന് അനുസരണപ്രതിജ്ഞവാങ്ങുകയും അദ്ദേഹത്തെ കുറിച്ച് പറയപ്പെട്ടിട്ടുള്ള പ്രവചനങ്ങൾ പൂർത്തിയാകുന്നതിനുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുകയും ചെയ്യുന്നതിന് വേണ്ടുന്ന ഉപായം കൈക്കൊണ്ടു. അങ്ങനെ യാഥാർഥ്യം ജമാഅത്തിനുമേൽ പകൽവെളിച്ചംപോലെ തുറന്നപ്പോൾ ആകാശത്തിന്റേയും ഭൂമിയുടേയും രണ്ടിന്റേയും സാക്ഷ്യം സമ്മേളിച്ചു വരുന്നതിനും മുഅ്മിനീംകളുടെ ജമാഅത്തിനെ നിഷേധത്തിന്റെ കളങ്കത്തിൽനിന്ന് സുരക്ഷിതമാക്കുന്നതിനുംവേണ്ടി അദ്ദേഹത്തിനും അതായത് ഖലീഫത്തുൽമസീഹിനും അല്ലെങ്കിൽ മുസ്‌ലിഹ് മൗഊദാകാൻപോകുന്ന വ്യക്തിക്കും ദൈവിക വാർത്തകളിലൂടെ അറിയിപ്പ് നല്കി.'

അല്ലാഹു ഇക്കാലഘട്ടത്തിലും എല്ലാവരുടേയും വിശ്വാസത്തെ സുരക്ഷിതമാക്കിവെക്കുമാറാകട്ടെ. എല്ലാ അഹ്മദികളുടേയും ഈമാനിനെ സുരക്ഷിതമാക്കിവെക്കുമാറാകട്ടെ. നിഷേധത്തിന്റെ കളങ്കത്തിൽ നിന്ന് എപ്പോഴും സുരക്ഷിതമാക്കിവെക്കുമാറാകട്ടെ. ജമാഅത്തംഗങ്ങൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ അറിവിൽനിന്നും ജ്ഞാനത്തിൽനിന്നും കൂടുതൽ കൂടുതൽ ഫലമെടുക്കേണ്ടതാണ്. ഉർദുവിലുമുണ്ട്. മറ്റു ഭാഷകളിലും കുറച്ചു സാഹിത്യങ്ങളുണ്ട്. അതു വായിക്കേണ്ടതാണ്. അല്ലാഹു അതിന് എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

അവസാനം ഹുദൂർ ബഹുമാന്യ സ്വൂഫി നദീർ അഹ്മദ്സാഹിബ് ബിൻ മിയാൻ മുഹമ്മദു അബ്ദുല്ലാഹ് സാഹിബിനെ അനുസ്മരിക്കുകയും ജുമുഅ നമസ്കാരത്തിനു ശേഷം ജനാസ നമസ്കരിക്കുന്നതാണെന്ന് പറയുകയും ചെയ്തു.

വിവർത്തനം:

**-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ**

# പ്രവാകത്വസമാപ്തി:
## അല്ലാമാ ഇക്ബാലും മൗലാനാ മൗദൂദിയും

പ്രവാചകത്വം നിലച്ചുപോയി എന്ന് വാദിക്കുന്ന അല്ലാമാ ഇക്ബാൽ യഥാർഥത്തിൽ ദൈവനിഷേധിയായ ഫെഡ്രറിക്ക് നീഷേയുടെ ഭൗതിക വാദമാണ് ഉയർത്തുന്നത്. യേശുവിന്റെ ന്യായപ്രമാണമായ തോറയുടെ നിയമം ഒരു ശാപമാണെന്ന് പറഞ്ഞ സെന്റ് പോളിനെ പോലെ പ്രവാചകത്വം ഒരു കുഴപ്പമാണെന്നാണ് മൗദൂദി പറയുന്നത്. പകരം ആ സ്ഥാനം താൻ സ്വയം കയ്യേൽക്കുകയും ചെയ്യുന്നു. ദൈവികമായ വെളിച്ചമല്ല പകരം ഭൗതികമായ യുക്തി മാത്രം മതിയെന്നാണ് തികഞ്ഞ ഭൗതികവാദികളായ ഈ രണ്ടു മുസ്‌ലിം പണ്ഡിതന്മാരും അവകാശപ്പെടുന്നത്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ന്യായപ്രമാണമില്ലാത്ത പ്രവാചകത്വം പോലും നിലച്ചു പോയി എന്ന് യുക്തിപരമായി ന്യായീകരിക്കാൻ മുസ്‌ലിം പണ്ഡിതൻമാരും ചിന്തകൻമാരും മുഖ്യമായ രണ്ട് ശ്രമങ്ങൾ നടത്തുകയുണ്ടായി. ആദ്യത്തേത് പുതുതായി ഒരു ഗുരുവിന്റെ ആവശ്യമുണ്ടോ എന്നത് സംബന്ധിച്ചായിരുന്നു. പരിപൂർണനായ ഒരു പ്രവാചകന്റെയും പരിപൂർണമായ ഒരു ഗ്രന്ഥത്തിന്റേയും ആഗമനം, മറ്റൊരു ഗുരുനാഥനെ തുടരേണ്ട ആവശ്യത്തെ ഇല്ലാതാക്കുന്നുവെന്നാണ് വാദം. തീർച്ചയായും അത് അങ്ങ നെ തന്നെയാണ്. അതായത് പരിപൂർണമായ ഗ്രന്ഥത്തിന്റെ സാന്നിദ്ധ്യവും പരിപൂർണനായ പ്രവാചകന്റെ ആഗമനവും ഭാവിയിൽ ധാർമികമായോ ആത്മീയമായോ യാതൊരുവിധ അധഃപതനവുമുണ്ടാകില്ല എന്നതിന്റെ മതിയായ ഉറപ്പാണ് എന്ന് തെളിയിക്കാമെങ്കിൽ അതിന് ശേഷം മറ്റൊരു പ്രവാചകനെ എഴുന്നേൽപ്പിക്കേണ്ട യാതൊരു ആവശ്യമുണ്ടാകില്ല. ദുഃഖകരമെന്ന് പറയട്ടെ ഈയൊരു പ്രമേയം സൈദ്ധാന്തികമായോ ചരിത്രപരമായോ ശരിയാണെന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ വാദം പിന്തുണയർഹിക്കുന്നില്ല. കാരണം ഒരു ന്യായപ്രമാണം കൊണ്ടു വരിക എന്നത് മാത്രമല്ല ഒരു പ്രവാചകൻ നിർവഹിക്കുന്നത്. മഹിത പ്രഭാവത്തിന്റെ വിവിധ കാര്യങ്ങളടങ്ങിയതാണ് പ്രവാചകത്വം. ഒരു ന്യായപ്രമാണവാഹകനായ ഒരു പ്രവാചകന്റെ വിയോഗത്തിന് ശേഷം അദ്ദേഹത്തിന്റെയും ഗ്രന്ഥത്തിന്റെയും വചനങ്ങളുടെ മാത്രം സംരക്ഷണം പ്രവാചകത്വത്തിന് പകരം നിൽക്കുന്ന ഒന്നാണെന്ന് ഉറപ്പ് നൽകാൻ സാധ്യമല്ല. റസൂൽ തിരുമേനി(സ) ദിവംഗതനായതിനു ശേഷം മുസ്‌ലിംകളുടെ സ്വഭാവം പരിശോധിച്ചാൽ സംഗതി വളരെ വ്യക്തമാവും. ക്രമാനുഗതമായ മുസ്‌ലിം സമൂഹത്തിന്റെ അധഃപതനം തന്നെ ഈ വസ്തുത തെളിയിക്കാൻ പര്യാപ്തമാകും. റസൂൽ തിരുമേനി(സ) ജീവിച്ചിരുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്ന മുസ്‌ലിംകളുടെ സ്ഥിതിയും ഇന്നത്തെ മുസ്‌ലിംകളുടെ സ്ഥിതിയും തമ്മിലുള്ള അന്തരം താരതമ്യങ്ങൾക്കതീതമാണ്. എന്നിരുന്നാലും വിശുദ്ധ ഖുർആൻ അതേപ്രകാരം തന്നെ അവികലമായും കൈകടത്തപ്പെടാതെയും യാതൊരു മാറ്റവുമില്ലാതെ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് എപ്രകാരമുണ്ടായിരുന്നോ അതേപ്രകാരം തന്നെ ഇന്നും അവശേഷിക്കുന്നു.

കേവല പരിസമാപ്തിയെ ന്യായീകരിച്ചു കൊണ്ടുള്ള രണ്ടാമത്തെ തത്ത്വം മനുഷ്യന്റെ ബുദ്ധിപരമായ പക്വതയുമായി ബന്ധപ്പെട്ടതാണ്. ഈ സിദ്ധാന്തത്തിന്റെ മുഖ്യ വക്താവ് അല്ലാമാ ഇക്ബാലാണ്.* ഇക്ബാലിനെ ചിലർ ആധുനിക കാലത്തെ ഏറ്റവും വലിയ ഇസ്‌ലാമിക ചിന്തകനായി വിശേഷിപ്പിക്കാറുണ്ട്. മനുഷ്യൻ മാനസികമായും ധൈഷണികമായും പൂർണതയുടെ അവസാനഘട്ടം എത്തിയതിന് ശേഷമാണ് വിശുദ്ധ ഖുർആൻ അവതരിച്ചതെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ബുദ്ധിപരമായ പക്വതയുടെ ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചിട്ടുള്ളത്. അതുകൊണ്ട് പഴ




അല്ലാമാ ഇക്ബാൽ

യകാലത്ത് പൂർവികർക്ക് മാർഗ നിർദേശം നൽകിയത് പോലെ അവന്റെ ദൈനം ദിന മാർഗനിർദേ ശങ്ങൾക്കായി മറ്റൊരു ദിവ്യപു രുഷന്റെ ആവശ്യമില്ലാത്തവിധം മനു ഷ്യൻ പക്വത പ്രാപിച്ചിരിക്കുന്നു. വളരെ മനോഹരമാണ് ഈ തത്ത്വ ശാസ്ത്രം. പക്ഷേ അത് എത്രമാത്രം ഉള്ളു പൊള്ളയാണെന്നും ശൂന്യമാ ണെന്നും സൂക്ഷ്മമായി പരിശോധി ക്കുമ്പോൾ മാത്രമേ മനസ്സിലാവൂ. ഒരു പരിപൂർണ മതത്തിന്റെ അടി സ്ഥാന അധ്യാപനങ്ങളിൽ നിന്നും മനുഷ്യൻ സ്വയം തന്നെ അവന്റെ പരിണിതി ക്രമപ്പെടുത്തിയെടു ക്കാനും അവന്റെ സ്വഭാവഗതി നിർണയിക്കാനും പ്രാപ്തനാണ് എന്ന ആദ്യത്തെ അനുമാനം തന്നെ നിരവധി തലങ്ങളിൽ ചോദ്യം ചെയ്യ പ്പെടുന്നു.

ഒരു കാര്യം മറന്നു പോകരുത്. മനുഷ്യന്റെ പുരോഗതിയുടെ ഓരോ ഘട്ടത്തിലും അവൻ എപ്പോഴും കരുതിയിരുന്നത് താൻ ബുദ്ധിപര മായ പക്വതയുടെ ഉച്ചിയിലാണെന്നാ ണ്. ചരിത്രത്തിൽ കടന്നു വന്ന ഓരോ തലമുറയും മനുഷ്യ പുരോ ഗതിയുടെ കൊടുമുടിയിലാണ് തങ്ങ ളെന്ന് ധരിച്ചിരുന്നവരാണ്. അത്തരം അവകാശവാദം മുഴക്കിയവരുടെ വീക്ഷണസ്ഥാനത്തു നിന്നും തിരി ഞ്ഞു നോക്കുമ്പോൾ അവർക്ക് മുമ്പ് കടന്നു പോയ തലമുറകളെല്ലാം താരതമ്യേന പക്വതയിൽ കുറഞ്ഞവ രായിട്ടായിരിക്കും കാണപ്പെടുക. അതിനാൽ ഭൂതകാലത്തിലൊരു സന്ദർഭത്തിലും മനുഷ്യൻ സ്വയം നയിക്കപ്പെടുവാൻ മാത്രം വിവേക പൂർവം പെരുമാറിയിട്ടില്ല. ഫറോ വയെ പോലെയുള്ള ജനനേതാ ക്കൻമാർ ദൈവിക സൻമാർഗത്വത്തി നെതിരെ എതിർപ്പ് മുഴുക്കി വെല്ലു വിളിച്ചു. അത്തരത്തിലുള്ള ധിക്കാരി കളെല്ലാം അവരുടെ പൊങ്ങച്ച ത്തിന്റെ അന്തസ്സാര ശൂന്യമായ ആശ യങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ട് അവരുടെ കാലത്തെ പ്രവാ ചകൻമാരെ നിഷേധിച്ചു. അവ രെല്ലാം തന്നെ തങ്ങളുടെ കാര്യം നോക്കാൻ മാത്രം പക്വമതികളാ ണെന്ന് പറഞ്ഞവരായിരുന്നു. എന്നാൽ ചരിത്രം അവർ തെറ്റായ പാതയിലായിരുന്നു എന്നാണ് തെളിയിച്ചത്. ആയതിനാൽ ഇക്കാല ഘട്ടത്തിൽ മാത്രമാണ് മനുഷ്യൻ അവസാനം ആത്മീയവും ധാർമിക വുമായ അവന്റെ ആവശ്യങ്ങൾ നിറവേറ്റാൻ എല്ലാ അർഥത്തിലും സ്വാശ്രയനായത് എന്ന് പറയുന്നത് ശുദ്ധ വിഡ്ഢിത്തമാണ്.

പക്വത എന്ന ഈ ആശയം പരി ഗണിക്കുമ്പോൾ അത് ചരിത്രത്തിന്റെ യാഥാർഥ്യത്തെ വ്യാജമാക്കുന്നതു കൂടിയാണ്. പ്രവാചകൻമാർ കാല ഗതിയടയുമ്പോൾ മതാനുയായിക ളിൽ സൈദ്ധാന്തിക വ്യത്യാസങ്ങളു ടേയും വ്യാഖ്യാന ഭേദങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രൂപ്പുകളും വിഭാ ഗങ്ങളും ഉണ്ടാകുന്നു. ഇത് സാർവ ത്രികമായ ഒരു പ്രവണതയാണ്. ഇസ്ലാമടക്കം ഒരു മതവും ഇതിൽ നിന്നൊഴിവല്ല. ആയതിനാൽ മതഗ്ര ന്ഥങ്ങളിൽ നിന്ന് മനുഷ്യന്റെ ബുദ്ധി പരമായ പക്വത കൊണ്ട് മാത്രം ശരി യായ തീരുമാനത്തിലെത്തുക എന്നത് ലളിതമായ കാര്യമല്ല. അവൻ ദൈവികമായി നയിക്കപ്പെടേണ്ടതു ണ്ട്.

മനുഷ്യന്റെ പക്വത എന്നത് മത ഗ്രന്ഥങ്ങൾ പഠിച്ചു കൊണ്ട് മനു ഷ്യൻ തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യം നേടി എന്ന അർഥത്തി ലെടുക്കുകയാണെങ്കിൽ, അതിനെ തുടർന്ന് മതങ്ങളുടെ മൗലികമായ അധ്യാപനങ്ങളിൽ പരസ്പരം അവി



മൗദൂദി

കലമായ ഐക്യത ഉണ്ടാവേ ണ്ടതുണ്ട്. കഷ്ടമെന്ന് പറയട്ടെ നാം യഥാർഥ ജീവിതത്തിൽ കാണുന്ന കാര്യങ്ങൾ ഈ വീക്ഷണത്തിന് വിരുദ്ധമാണ്. അവസാനത്തെ പരി പൂർണ ഗ്രന്ഥത്തിന്റെ സ്വീകർ ത്താക്കളാണെന്ന് അഭിമാനം കൊള്ളുന്ന മുസ്ലിംകൾ തങ്ങളുടെ മതഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിന്റെ കാര്യത്തിൽ മറ്റെല്ലാ മതസ്ഥരേ ക്കാളും ഭിന്നിച്ച് കഴിയുകയാണ്. അതുകൊണ്ട് മനുഷ്യന് ലഭിച്ച പക്വ ത എന്നാൽ എന്താണ്? മതചരിത്രം തെളിയിക്കുന്നതെന്താണെന്ന് വെച്ചാൽ മതത്തിന്റെ പേരിൽ മനുഷ്യൻ ഒരുതവണ ഭിന്നിക്കു കയും വിഭാഗീയത ഉണ്ടാവുകയും ചെയ്താൽ മനുഷ്യന്റെ ശ്രമം ഒന്നു കൊണ്ടു മാത്രം അവരെ ഒന്നിപ്പി ക്കാൻ സാധ്യമല്ല എന്നാണ്. ഈ വസ്തുത അനിവാര്യമായും മുസ്ലിം കളുടെ കാര്യത്തിലും ബാധകമാണ്. ഒരു ദൈവിക പരിഷ്കർത്താവിന്റെ കൊടിക്കുകീഴിലല്ലാതെ അവർക്ക് വീണ്ടും ഒന്നിക്കാൻ സാധ്യമല്ല. എന്നാൽ അവരാകട്ടെ പ്രതീക്ഷ യുടെ തുറന്നു കിടക്കുന്ന അവസാന മാർഗമായ ഈ ദൈവിക നടപടിക്ര മത്തെ പൂർണമായും നിഷേധിക്കുക യാണ്.

ഏറ്റവും നന്നായി സംരക്ഷിക്ക പ്പെട്ട ഒരു ഗ്രന്ഥവും ഹദീസുകളുടെ നല്ല ഒരു ശേഖരവും ഉണ്ടായിരിക്കെ 72 ആശയ സംഘങ്ങളായി മുസ്ലിം കൾ വിഘടിച്ചു നിൽക്കുന്നത് മനു

ഷ്യന്റെ പക്വത എന്ന ഇക്ബാലിയൻ തത്ത്വശാസ്ത്രത്തിന്റെ മേൽ ശോക മൂകമായ അരണ്ട വെളിച്ചമാണ് വിത റുന്നത്.

അവർ തമ്മിലുള്ള വ്യത്യാസം കുറഞ്ഞതൊന്നുമല്ല. അത് അടിസ്ഥാനപരവും ആഴത്തിൽ വേരൂന്നിയതുമാണ്. സമയം കഴിയുന്തോറും അത് അധികരിച്ചു വരികയും പെരുകുകയുമാണ് ചെയ്യുന്നത്. അതുകൂടാതെ മുസ്‌ലിം ലോകത്ത് നില നിൽക്കുന്ന ധാർമികമായ അധഃപതനവും അവരുടെ അസ്തപ്രജ്ഞമായ ജീവിതത്തിന്റെ കടുത്ത ദുരന്തങ്ങളുടെ സാന്നിധ്യവും അവരെ പരിതാപകരമായ ഒരു ദാരുണാവസ്ഥയിലെത്തിച്ചിരിക്കുന്നു. അവരുടെ അതിജീവനം ബുദ്ധിയുടെ പക്വതക്ക് ഏൽപ്പിച്ചു കൊടുത്താൽ പിന്നെ അവരുടെ മയ്യത്ത് നമസ്കരിക്കുന്നതിനായി നമുക്ക് അംഗശുദ്ധി വരുത്താം. ദൈവത്തിന് മാത്രമേ അവരെ രക്ഷിക്കാൻ സാധ്യമാകൂ.

എന്തൊരു ദുരന്തമാണിത്! ഒരു പരിപൂർണമായ ഗ്രന്ഥത്തിന്റെ സാന്നിധ്യം കൊണ്ട് മാത്രം നിർവഹിക്കാൻ കഴിയുന്നതല്ല ഒരു മത സമൂഹത്തിന്റെ ശുദ്ധീകരണം എന്നത് ആധുനിക പണ്ഡിതൻമാർക്ക് എന്തുകൊണ്ട് മനസ്സിലാവുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ഇസ്‌ലാം മതത്തിന്റെ അനുയായികൾ മാതൃകാപരമായ രീതിയിൽ ആശയപരമായ ഐക്യം നിലനിർത്തുമായിരുന്നു. നിർഭാഗ്യവശാൽ ഇത് സത്യത്തിൽ നിന്നും ബഹുദൂരം അകലെയാണ്.

പരേതനായ ഡോ. അല്ലാമാ മുഹമ്മദ് ഇക്ബാലിന്റെ പേരിൽ പറയപ്പെട്ട ദൈവിക പ്രകാശത്തിന്റെ വഴി തടയുന്ന ഈ അസംബന്ധ ആശയം അദ്ദേഹത്തിൽ നിന്നല്ല ഉടലെടുത്തത്. അദ്ദേഹത്തിന്റെ ഈ തെറ്റായ വാദം ജർമൻ തത്ത്വജ്ഞാനിയായ നീഷെയുടെ അന്ധമായ അനുകരണമായിരുന്നു. ദൈവത്തിന്റെ മാർഗദർശനം ആവശ്യമുണ്ട് എന്ന സങ്കൽപത്തിനെതിരെ മനുഷ്യമനസ്സിന്റെ പക്വത എന്ന ആശയം ആധുനിക കാലത്ത് ആദ്യമായി മുന്നോട്ടു വെച്ചത് നീഷെയായിരുന്നു. വാസ്തവത്തിൽ നീഷെ മനുഷ്യനെ ഈ കാലഘട്ടത്തിലേക്ക് വരാൻ പ്രേരിപ്പിക്കുകയും അതിനായി പഞ്ചേന്ദ്രിയങ്ങളുടെ കഴിവുകൾ ഉപയോഗിക്കാൻ മനുഷ്യനെ പ്രലോഭിപ്പിക്കുകയും ചെയ്യുന്നു. അധിക മനുഷ്യൻ (Over man) അഥവാ അതിമാനുഷൻ (Super man) എന്ന നീഷേയുടെ പ്രയോഗം മനുഷ്യന്റെ സംവേദനേന്ദ്രിയങ്ങൾ പരിപൂർണത പ്രാപിച്ച പക്വതയെത്തിയ അവസ്ഥ സൂചിപ്പിക്കുന്നു. അത്തരത്തിലുള്ള മനുഷ്യന് തന്നെ നയിക്കാൻ ദൈവത്തിന്റെ ആവശ്യമില്ല. ദൈവം എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വെറുമൊരു ഊഹം മാത്രമാണ്. അത്തരം ഊഹങ്ങൾ ഉടലെടുക്കുന്നത് യുക്തിബോധത്തിന്റെ വൈകല്യങ്ങൾ കൊണ്ടു മാത്രമാണ്. മനുഷ്യൻ അവന്റെ തന്നെ യജമാനനാകാൻ പക്വത കൈവന്നിട്ടില്ലാത്ത ഒരു കാലഘട്ടത്തിലാണ് അത്തരം ഊഹങ്ങൾ മനുഷ്യനിൽ ജന്മം കൊണ്ടത്. ഇപ്പോൾ ആ മനുഷ്യൻ പക്വത പ്രാപിച്ചിരിക്കുന്നു എന്ന് Thus spoke Zarathustra: എന്ന നീഷേയുടെ പുസ്തകത്തിൽ അദ്ദേഹത്തിന്റെ അറിവിന്റെ പ്രതീകാത്മകമായ അരുളപ്പാടുകളിൽ ദൈവം ഉണ്ടെന്ന ഊഹങ്ങൾ കൊണ്ടു നടക്കേണ്ടതില്ല എന്ന് പറയുന്നുണ്ട്.

'ഒരിക്കൽ വിദൂര സമുദ്രത്തിലേക്ക് ദൃഷ്ടി പായിച്ചിരുന്നപ്പോൾ ഒരാൾ ദൈവം എന്ന് പറഞ്ഞു. എന്നാൽ ഇപ്പോൾ ഞാൻ നിന്നെ അതിമാനുഷൻ (സൂപ്പർമാൻ) എന്നു പറയാൻ പഠിപ്പിച്ചിരിക്കുന്നു.'

'ദൈവം ഒരു ഊഹമാണ്, പക്ഷേ ഞാനാഗ്രഹിക്കുന്നത് നിന്റെ ഊഹങ്ങൾ നിന്റെ സർഗാത്മകമായ മേധാശക്തിയെ അതിവർത്തിക്കരുത് എന്നാണ്.'

നിനക്ക് ഒരു ദൈവത്തെ പറ്റി ചിന്തിക്കാൻ കഴിയുന്നുവോ? എന്നാൽ അത് സത്യത്തിന് വേണ്ടിയുള്ള ഇച്ഛ മാത്രമാണെന്നാണ് നീ അർഥമാക്കേണ്ടത്. അതായത് എല്ലാം തന്നെ മനുഷ്യന് ചിന്തനീയമായി മാറ്റപ്പെടാവുന്നതാണ്. മനുഷ്യന് കാണാനും, മനുഷ്യന് അനുഭവിക്കാനാവുന്നതുമാണ്. നീ നിന്റെ സംവേദനേന്ദ്രിയങ്ങളിലൂടെ ചിന്തിച്ച് അതിന്റെ അനന്തരഫലം അനുഭവിക്കുക.

'ദൈവം, വെറുമൊരു ഊഹം മാത്രമാണ്. ആർക്കാണ് ഈ ഊഹത്തിന്റെ എല്ലാ വേദനകളും ശൂന്യമാക്കിക്കളയാൻ സാധിക്കുക.മരണത്തിലൂടെയല്ലാതെ ഊഹത്തിന്റെ എല്ലാ വേവലാതികളും ഇല്ലാതാക്കാൻ ആർക്കെങ്കിലും സാധിക്കുമോ'? ( The Portable Nietzche - KAUFMANN -)

*Thus spoke Zarathustra* എന്ന പുസ്തകത്തിൽ എല്ലാ വചനങ്ങളും വാസ്തവത്തിൽ ക്രിസ്തുമതത്തിലെ ദൈവസങ്കൽപത്തിനെതിരെയുള്ള നീഷെയുടെ കലാപമാണ്. എന്തുകൊണ്ടാണ് സരതുഷ്ട്ര (സോറോസ്റ്റർ) ദൈവത്തിനെതിരെ കലാപമുയർത്തുന്നത് എന്ന കാര്യം മനസ്സിലാവണമെങ്കിൽ പ്രസ്തുത പുസ്തകത്തിലെ *Retired* എന്ന അധ്യായം വായിക്കേണ്ടതുണ്ട്. നമ്മുടെ ആവശ്യത്തിന് ഇതുമതി. അതായത് ഉപരിലോകത്ത് നിന്ന് മനുഷ്യനെ സന്മാർഗത്തിൽ നയിക്കപ്പെടുന്നതിൽ നിന്നും നിഷേയുടെ ജ്ഞാനത്തിന്റെ അരുളപ്പാട് മനുഷ്യനെ സ്വതന്ത്രനാക്കുന്നു. നീഷേക്ക് അദ്ദേഹത്തിന്റെ കഴിവുകളുടെ പക്വത മതി അദ്ദേഹത്തെ നയിക്കാൻ. ഇത് സൂചിപ്പിക്കലായിരുന്നു നമ്മുടെ ലക്ഷ്യം.

പ്രവാചകൻമാരുടെ ആവശ്യകതക്കെതിരെ ഇക്ബാലിയൻ തത്ത്വശാസ്ത്രം യഥാർഥത്തിൽ അർഥമാക്കുന്നത് ഇതാണ്. അതായത് മനുഷ്യൻ അവന്റെ കഴിവുകളിൽ പൂർണനാണ് അതുകൊണ്ട് പ്രവാചകൻമാർ വേണമെന്നില്ല. ഈ കടം വാങ്ങിയ തത്ത്വശാസ്ത്രം കൊണ്ട് ദൈവത്തെ വ്യക്തമായി നിഷേധിക്കുന്നതിന് പകരം അല്ലാമാ ഇക്ബാൽ ഇസ്‌ലാമിന്റെ ചട്ടക്കൂട്ടിൽ വളരെ മനോഹരമായി അദ്ദേഹത്തിന്റെ ആവശ്യത്തിനിണങ്ങും വിധം പക്വതയുടെ ഈ തത്ത്വശാസ്ത്രം സ്ഥാപിക്കുകയാണ്. മനുഷ്യന് പൂർണനായ ഒരു പ്രവാച

കനും പൂർണനായ ഒരു പുസ്തകവും ആവശ്യമാണെന്ന് ഇക്ബാൽ സമ്മതിക്കുന്നു. ഒരിക്കൽ ഇത് ലഭിച്ചു കഴിഞ്ഞാൽ ഉപരിലോകത്ത് നിന്ന് പിന്നീട് യാതൊരു ശല്യവുമുണ്ടാകരുതെന്നാണ് അദ്ദേഹത്തിന്റെ ആവശ്യം. എന്നാൽ അതെല്ലാം ഇവിടം കൊണ്ടവസാനിച്ചില്ല. പ്രവാചകത്വം ഇല്ലായ്മ ചെയ്യാൻ വേണ്ടി മാത്രമല്ല ഇക്ബാൽ തന്റെ പക്വതാ സിദ്ധാന്തം രൂപപ്പെടുത്തിയത്. അത് ദൈവത്തിൽ നിന്ന് ഉണ്ടാകുന്ന എല്ലാ വിധ വിനിമയങ്ങളേയും ഇല്ലായ്മ ചെയ്യുന്നു. പ്രവാചകരല്ലാത്തവർക്ക് ലഭിക്കുന്ന വെളിപാടിനെ പോലും അത് നിഷേധിക്കുന്നു. ഇതാണ് അദ്ദേഹത്തിന്റെ പക്വതാ സിദ്ധാന്തത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന യുക്തിപരമായ നിഗമനം. പക്വതാ സങ്കൽപം ഏതൊരു രൂപത്തിലുമുള്ള ദൈവികമായ മാർഗദർശനത്തിൽ നിന്നും മനുഷ്യനെ സ്വതന്ത്രനാക്കുന്നു. മനുഷ്യന് ഇതിനകം നൽകപ്പെട്ട് കഴിഞ്ഞ മാർഗദർശനത്തിൽ നിന്നു തന്നെ തനിക്ക് വേണ്ട എല്ലാ പ്രധാനപ്പെട്ട തീരുമാനങ്ങളുമെടുക്കാൻ മനുഷ്യൻ കഴിവു നേടി കഴിഞ്ഞു എന്ന അഭിപ്രായത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. കൊച്ചു വിരലുകൾ പ്രവാചകന്റെ കൈകളിൽ വെച്ചു കൊണ്ട് ഒരു കുഞ്ഞ് അധികകാലം നടക്കേണ്ടതില്ല എന്നാണ് ഇക്ബാൽ വാദിക്കുന്നത്. ആ കുട്ടി പ്രായപൂർത്തിയെത്തിക്കഴിഞ്ഞാൽ സ്വയം ആ കൈ എടുത്തു മാറ്റിക്കൂടെ? വളരെ ആരോഗ്യകരമായ ഒരു താർക്കിക യുക്തിയായി ഇത് കാണപ്പെടുന്നു. പക്ഷേ ഇന്നത്തെ മനുഷ്യന്റെ ജീർണിച്ച ആത്മീയാവസ്ഥയിലേക്കും പരമ ദയനീയമായ ധാർമികാവസ്ഥയിലേക്കും ഒരു നോട്ടം നോക്കിയാൽ ഈ വാദം മുഴുവനും മിഥ്യയും ഊഹവുമാണെന്ന് ബോധ്യമാവും.

ഇഖ്ബാലിനേയും അദ്ദേഹത്തിന്റെ അഭ്യൂഹങ്ങളെയും മതിയാക്കാം. നമുക്കിപ്പോൾ മൗദൂദിയിലേക്ക് *തിരിയാം. മുഖ്യധാരാ സുന്നി മുസ്‌ലിംകളുടെ പ്രശസ്തനായ പണ്ഡിതനാണ് മൗദൂദി. മുഹമ്മദ് നബി(സ)ക്ക് ശേഷം പ്രവാചകത്വത്തെ തീർത്തും അവസാനിപ്പിച്ചത് മനുഷ്യ വംശത്തിനുമേലുള്ള ദൈവത്തിന്റെ പ്രത്യേകമായ ഒരു അനുഗ്രഹമാണെന്നാണ് അദ്ദേഹം വാദിക്കുന്നത്. അതൊരു വരമാണ്. പ്രത്യേകിച്ചും മുസ്‌ലിംകൾക്ക് പ്രവാചകൻമാരെ ദൈവം വീണ്ടും അയക്കുമ്പോൾ അദ്ദേഹത്തെ നിഷേധിക്കുക എന്ന കുറ്റത്തിൽ നിന്നും അത് മുസ്‌ലിംകളെ രക്ഷപ്പെടുത്തുന്നു. അവർ ദൈവത്തിന്റെ ശാപത്തിന് പാത്രീഭൂതരാവുന്നതിൽ നിന്നും എന്നന്നേക്കുമായി മുസ്‌ലിംകളെ ഒഴിവാക്കുന്നു. മുസ്‌ലിംകൾക്ക് മുമ്പുണ്ടായിരുന്ന ജനതകൾ ശാപഗ്രസ്തരായി തീർന്നത് അവരുടെ കാലത്തുള്ള പ്രവാചകൻമാരെ നിഷേധിച്ചത് കൊണ്ടായിരുന്നു. മൗദൂദിയുടെ അത്തരം വാദങ്ങൾ യുക്തിപരവും ന്യായാനുസൃതമായതുമായ ഒരുവാദമുഖം എന്നതിനേക്കാൾ ഒരു തമാശയായി മാത്രമേ പരിഗണിക്കാനാവൂ. മൗദൂദിയുടെ തത്ത്വശാസ്ത്രം അംഗീകരിക്കുകയാണെങ്കിൽ പ്രവാചകത്വം എന്ന സ്ഥാപനം തീർച്ചയായും ഒരു ശാപമാണ്. അല്ലെങ്കിൽ അതിന്റെ നിർത്തലാക്കൽ ഒരു അനുഗ്രഹമായി പറയാൻ അദ്ദേഹത്തിന് കഴിയില്ലായിരുന്നു. ഇത് സെന്റ് പോളിന്റെ രീതിയിലുള്ള ഒരു ചിന്താഗതിയായി തോന്നുന്നു. തോറയുടെ നിയമം ഒരു ശാപമാണെന്ന് അദ്ദേഹം മുദ്രയടിക്കുകയും യേശുവിനെ രക്ഷകനായി വിശ്വസിച്ചാൽ ആ നിയമത്തിൽ നിന്നും രക്ഷപ്പെടാമെന്നുമായിരുന്നു പോളിന്റെ ചിന്താഗതി. ഇവിടെ ലംഘിക്കപ്പെടാൻ ഒരു നിയമമില്ലെങ്കിൽ നിർവഹിക്കപ്പെടാൻ ഒരു പാപവും അവശേഷിക്കുന്നില്ല എന്നായിരുന്നു സെന്റ്പോൾ വാദിച്ചത്. ഉയരത്തിലുള്ള ഈ മൗദൂദിയൻ തത്ത്വശാസ്ത്രം സെന്റ് പോളിൽ നിന്നും ഉത്ഭവിച്ചതല്ല എന്ന് എങ്ങനെ കാണാതിരിക്കും. അദ്ദേഹത്തിന്റെ സിദ്ധാന്തം ബഹാവുള്ളായുടെ* രൂപത്തേയും എഴുന്നള്ളിക്കുന്നുണ്ട്. സെന്റ്പോളിന്റെ അഭിപ്രായപ്രകാരം തൗറാത്തിന്റെ നിയമത്തെ നിഷേധിച്ചു കൊണ്ട് മസീഹ് ചെയ്തതെന്താണോ അത് തന്നെയാണ് ഖുർആനിക നിയമങ്ങൾ നിഷേധിച്ചു കൊണ്ട് ബഹാവുള്ളയും ചെയ്തത്. എന്നിട്ട് അദ്ദേഹം ഖുർആനിക ബന്ധനത്തിൽ നിന്നും മനുഷ്യവംശത്തെ മോചിപ്പിക്കുന്ന രക്ഷകനാണെന്നും പ്രഖ്യാപിച്ചു. എന്നിരുന്നാലും അദ്ദേഹം പൂർണമായും സെന്റ്പോളിനെ അനുകരിച്ചില്ല. കാരണം സെന്റ്പോൾ ഒരിക്കലും ദൈവത്തിന്റെ പങ്ക് മൂർത്തമായി സ്വയം ഏറ്റെടുത്തിരുന്നില്ല. ഈ ദൈവ ദൗത്യം സെന്റ് പോൾ യേശുവിനാണ് ചാർത്തിക്കൊടുത്തത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം യേശു വാസ്തവത്തിൽ വിമോചകനായിരുന്നു. പിതാവായ ദൈവം മനുഷ്യ വംശത്തിനെതിരെ ചെയ്തുവെച്ച വിഡ്ഢിത്തത്തിൽ നിന്നും അവരെ മോചിപ്പിച്ച വിമോചകനായിരുന്നു യേശു. ദൈവിക നിയമ(ന്യായപ്രമാണം)ത്തിന്റെ പ്രേഷണം തന്നെ പാപത്തിന്റെ സൃഷ്ടിപ്പിന് തുല്യമാണ്. ദൈവിക നിയമത്തെ ദുർബലപ്പെടുത്തുക വഴി പാപം കിളിർക്കുന്ന മണ്ണാണ് യേശു നശിപ്പിച്ചിരിക്കുന്നത്. മനുഷ്യവംശത്തെ പാപത്തിൽ നിന്ന് വിമോചിപ്പിക്കുന്ന ഈ ഒരു കൃത്യം നിർവ

* **അബുൽ അഅ്‌ലാ മൗദൂദി**(ക്രി.വ.1903–1979): ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ. അവിഭക്ത ഇന്ത്യയിലെ ഔറംഗാബാദിൽ 1903ൽ ജനിച്ചു. ഭൂമിയിൽ ദൈവത്തിന്റെ ഭരണകൂടം എന്ന ഇസ്‌ലാമിക മതരാഷ്ട്ര സങ്കൽപത്തിന്റെ വക്താവാണ് മൗലാന മൗദൂദി(വിവ:)

* **ബഹാവുള്ള (ക്രി.വ.1817–92)** ഇറാനിൽ ജനിച്ച മിർസാ ഹുസൈൻ അലിയാണ് ബഹാവുള്ളയായി അറിയപ്പെടുന്നത്. ബഹായിസം എന്ന പുതിയ മതത്തിന്റെ സ്ഥാപകനായ അദ്ദേഹം ദൈവത്തിന്റെ അവതാരമാണെന്നാണ് വ്യക്തമായും വാദിച്ചത്. 1850ൽ ഇറാൻ ഗവൺമെന്റ് അദ്ദേഹത്തെ ബാഗ്ദാദിലേക്ക് നാട് കടത്തി. അന്ന് തുർക്കി ഖിലാഫത്തിന്റെ കീഴ്‌ലായിരുന്ന ബാഗ്ദാദിൽ നിന്നും അദ്ദേഹത്തെ പാലസ്തീനിലെ അക്കോ എന്ന സ്ഥലത്തേക്ക് പോകാൻ തുർക്കി സർക്കാർ നിർബന്ധിക്കുകയും അവിടെ വെച്ച് അദ്ദേഹം മരിക്കുകയും ചെയ്തു (വിവ:).

ഹിക്കുന്നതിലൂടെ പാപത്തെ സൃഷ്ടിച്ച വിഡ്ഢിത്തത്തിൽ നിന്നും 'പിതാവായ ദൈവത്തെ' രക്ഷിക്കുകയാണ് യേശു ചെയ്യുന്നത്.

ബഹാവുള്ള ഈ സിദ്ധാന്തം ഭാഗികമായി മാത്രമാണ് പ്രയോഗിക്കുന്നത്. അദ്ദേഹത്തിന്റെ വാദം ഖുർആനിക നിയമങ്ങൾ വളരെ ദുർബലമാണെന്നും ആധുനിക കാലഘട്ടത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്നുമാണ്. മനുഷ്യവംശത്തെ ദുർവഹമായ ഈ 'ഭാര'ത്തിൽ നിന്നും വിമോചിപ്പിച്ചു എന്ന് ബഹാവുള്ള കപടമായി നടിക്കുകയാണ്. പൂർണമായും അദ്ദേഹം മനുഷ്യവംശത്തെ മോചിപ്പിക്കുന്നില്ല. പഴയനിയമം ദുർബലപ്പെടുത്തി പുതിയ നിയമ നിർമാതാവായി ബഹാവുള്ള സ്വയം തന്നെ രംഗത്ത് വരുന്നു. എന്നാൽ അന്തിമ വിശകലനത്തിൽ ബഹാവുള്ള ദൈവത്തേയും തന്നെ തന്നെയും പരിഹസിക്കുന്നതിൽ വിജയിക്കുകയാണ് ചെയ്തത്. ഖുർആനിക നിയമത്തിനു പകരം ബഹാവുള്ളയുടെ ശരീഅത്ത് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ഏറെക്കുറെ മനുഷ്യന്റെ സാമാന്യ ബോധത്തോടും യുക്തിബോധത്തോടും കാര്യകാരണ ബോധത്തോടുമുള്ള തുറന്ന യുദ്ധമാണ്.

സെന്റ് പോളിന്റെ അഭിനവ ശിഷ്യന്മാരായ ബഹാവുള്ള, മൗദൂദി എന്നിവരിൽ ഇസ്‌ലാം മതത്തിന്റെ യാതൊന്നും തന്നെ അവശേഷിച്ചതായി കാണുന്നില്ല. വിമോചനത്തിന്റെ പേരിൽ ഖുർആനിക നിയമങ്ങൾ ദുർബലപ്പെട്ടതായി ബഹാവുള്ള വാദിക്കുന്നു. അതേ പോളിയൻ സിദ്ധാന്തം ഉപയോഗിച്ചു തന്നെയാണ് മൗദൂദി പ്രവാചകത്വത്തെ ഇല്ലാതാക്കാൻ ശ്രമിച്ചത്. രണ്ട് പേരും ദൈവത്തിന്റെ ദൃഷ്ടിയിൽ അവരുടെ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിൽ പരാജയപ്പെട്ടു. രണ്ടു പേരും മനുഷ്യരുടെ ദൃഷ്ടിയിൽ വലിയ നായകൻമാരായി അഭിനന്ദനം ഏറ്റുവാങ്ങിയവരാണ്. എന്നാൽ ഇവർ രണ്ടു പേരും ആത്മീയ രോഗികളുമായിരുന്നു. എന്നാൽ മൗദൂദി സെന്റ് പോളിനെ പൂർണമായും പിന്തുടർന്നില്ല. ജനങ്ങൾക്ക് ഖുർആനിക നിയമം അനുസരിക്കുന്നതിൽ വീഴ്ച പറ്റിയെങ്കിൽ ദൈവകോപത്തിന് പാത്രമാകുമെന്നതിനാൽ ദൈവം ഖുർആനിക നിയമങ്ങളും റദ്ദാക്കണമെന്ന് നിർദേശിക്കുന്നിടം വരെ മൗദൂദി മുന്നോട്ടു പോയില്ല. അദ്ദേഹം പൗളിയൻ സിദ്ധാന്തം പ്രവാചകത്വത്തിന് മേലെ മാത്രമേ പ്രയോഗിക്കുന്നുള്ളു. ഇസ്‌ലാം മത സ്ഥാപകനായ റസൂൽ തിരുമേനി (സ)ക്ക് ശേഷം ന്യായപ്രമാണമില്ലാത്ത പ്രവാചകൻമാർ വന്നാൽ പോലും മുൻകാലങ്ങളിൽ പ്രവാചകൻമാർ നിഷേധിക്കപ്പെട്ടത് പോലെ അവരും ഭൂരിപക്ഷ മുസ്‌ലിംകളാൽ നിഷേധിക്കപ്പെടാൻ സാധ്യതയുണ്ട്. മൗദൂദിയുടെ ന്യായപ്രകാരം ഡമോക്ലസിന്റെ വാൾ പോലെ ദൈവത്തിന്റെ ശാപം അവരുടെ തലക്ക് മീതെ തൂങ്ങി നിൽക്കുന്നു. മൗദൂദിയുടെ കണക്ക് കൂട്ടൽ പ്രകാരം മുഹമ്മദ് നബി (സ)ക്ക് ശേഷം പ്രവാചകത്വം എന്ന സ്ഥാപനം പൂർണമായും നശിപ്പിക്കുന്നതിലൂടെ പറയാൻ കഴിയാത്ത രീതിയിലുള്ള അനുഗ്രഹമാണ് മനുഷ്യവംശത്തിന് പ്രത്യേകിച്ച് മുസ്‌ലിം സമുദായത്തിന് നൽകിയിരിക്കുന്നത് എന്നാണ്.

പ്രവാചകത്വം എന്ന സ്ഥാപനം അന്തിമമായി നിർത്തലാക്കപ്പെടണം. അല്ലാത്തപക്ഷം ജനങ്ങൾ ശാപഗ്രസ്തരാവും എന്ന് പറയുന്നത് പ്രവാചകത്വം സ്വയം തന്നെ ശാപമാണെന്ന് പ്രഖ്യാപിക്കുന്നതിന് തുല്യമായിരിക്കും. അതുകൊണ്ട് മൗദൂദിയുടെ നവ പൗളിയൻ തത്ത്വശാസ്ത്ര പ്രകാരം ദൈവം പ്രവാചകത്വത്തിന്റെ ശാപം മുഴുവൻ നശിപ്പിക്കണം. എന്തൊരു വിമോചനം! എന്തൊരു വീണ്ടെടുപ്പ്!. 'ഉത്തമ വിമുക്തി': എന്നതാണ് ഇതിന്റെ മറ്റൊരു നാമം.

എന്നാൽ ഒരു കാര്യം വ്യക്തമായും മനസ്സിലാക്കണം. പ്രവാചകൻമാരെ അയക്കാത്തത് അദ്ദേഹത്തെ നിഷേധിക്കുന്ന കുറ്റത്തിൽ നിന്നും ജനങ്ങൾ മുക്തമാകും എന്നത് കൊണ്ടാണ് എന്ന ഈ യുക്തി ശാസ്ത്രം ഭാവിയെ പോലെ തന്നെ ഭൂതകാലത്തിനും ബാധകമാണല്ലോ. എന്തുകൊണ്ട് ദൈവം യേശു(അ)വിനെ റസൂൽ തിരുമേനി (സ)ക്ക് മുമ്പേ അയച്ചു? യേശുവിനെ നിഷേധിച്ചു എന്ന കുറ്റത്തിന് വിശുദ്ധ ഖുർആൻ യഹൂദികളെ അസന്ദിഗ്ദമായ ഭാഷയിൽ അപലപിക്കുന്നില്ലേ? പുരാതന കാലത്തെ ജനങ്ങൾക്ക് സംഭവിച്ചതെന്താണ്? അവരിലേക്കയക്കപ്പെട്ട ദൈവിക പ്രവാചകൻമാരെ അവർ ധിക്കരിക്കാനും പരിഹസിക്കാനും നിന്ദിക്കാനും തുനിഞ്ഞില്ലേ? തീർച്ചയായും ഇത് മനുഷ്യന്റെ അഹങ്കാരത്തിന്റെ ദുഃഖകരമായ പ്രതിഫലനം തന്നെ. അതുകൊണ്ട് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

**മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല. (വി. ഖുർആൻ 36:31)**

അത്ഭുതകരമായിട്ടുള്ള കാര്യം എന്തുകൊണ്ട് ദൈവം മുൻകാലങ്ങളിൽ ഈ ശാപം നിർത്തലാക്കിയില്ല. യഹൂദികളുടെ ചരിത്രത്തിലുടനീളം പ്രവാചകൻമാരുമായുള്ള അഭിമുഖീകരണത്തിൽ അവർക്ക് എന്താണ് സംഭവിച്ചത്. ദാവീദ് (അ)ന്റെ നാവിനാൽ യഹൂദികൾ ശപ്തരായില്ലേ? മോസസ്(അ)ന്റേയും യേശു(അ)വിന്റേയും കാലഘട്ടങ്ങൾക്കിടയിലുള്ള ഗ്രന്ഥാനുസാരികളായ ജനതകൾക്ക് എന്താണ് സംഭവിച്ചത്?

വിശ്വവ്യാപകമായി പ്രവാചകൻമാരോട് മനുഷ്യത്വ രഹിതമായി പെരുമാറിയ ഈ മാനുഷിക പ്രവണത കണ്ട് പ്രവാചകത്വം അനുഗ്രഹത്തേക്കാൾ ഒരു ശാപമാണെന്ന് മനസ്സിലാക്കാൻ ദൈവത്തിന് കഴിഞ്ഞില്ലേ? നോഹ(അ)യെയും അബ്രഹാമിനേ (അ)യും ലൂത്തി(അ)നേയും എന്തിനായിരുന്നു ദൈവം അയച്ചത്? അവരെ നിഷേധിച്ചത് ആ ജനതക്കുമേൽ അല്ലാഹുവിന്റെ ശാപം പതിക്കാൻ കാരണമായിട്ടില്ലേ? നിസ്സാരന്മാരായ ചിലരൊഴിച്ച് അവരെല്ലാം ഭൂമിയിൽ നിന്ന്

തുടച്ചു മാറ്റപ്പെട്ടില്ലേ? എന്നിട്ടും മൗദൂദിക്ക് പിടികിട്ടിയ ആശയം ദൈവത്തിനു പിടികിട്ടിയില്ല! മൗദൂദിയുടെ മനസ്സായിരുന്നു ഇത്തരത്തിലുള്ള ഒരു ദൈവിക മിത്ത് കെട്ടിച്ചമച്ചുണ്ടാക്കിയത്. ഇത്തരത്തിലുള്ള വികൃതമായ തീരുമാനം അദ്ദേഹത്തിന്റെ മസ്തിഷ്ക്കത്തിന് മാത്രമേ അനുയോജ്യമായിരിക്കുകയുള്ളൂ. ദൈവം പ്രവാചകൻമാരെ ഒന്നിനു പിറകെ മറ്റൊന്നായി അയച്ചു കൊണ്ടേയിരുന്നു പക്ഷേ. അഹങ്കാരിയായ മനുഷ്യൻ അതെല്ലാം നിഷേധിച്ചു കൊണ്ടേയിരുന്നു. അവർ സമ്പാദിച്ച ശാപത്തിന് കുറ്റവാളിയാക്കപ്പെട്ടത് പ്രവാചകത്വത്തിന്റെ സ്ഥാനത്തെയല്ല. അവർ സ്വയം തന്നെയാണ് അതിന് കുറ്റവാളിയാക്കപ്പെട്ടത്.

മാത്രമല്ല ഈ വാദം ശരിയാണെന്ന് കാലത്തിന്റെ ഏതെങ്കിലുമൊരു ബിന്ദുവിൽ വെച്ച് അംഗീകരിക്കപ്പെട്ടെങ്കിൽ അത് ആദം നബി തൊട്ടുള്ള സമയം മുതൽ അംഗീകരിക്കേണ്ടി വരും. ആദമിന്റെ ജനത അദ്ദേഹത്തെ നിഷേധിച്ചു കൊണ്ട് ദൈവ കോപത്തിന് പാത്രമാകുമെന്ന ഭയത്താൽ, ആദമിനെ തന്നെ ഒരിക്കലും അയക്കാതിരിക്കാൻ മതിയായ ന്യായീകരണമായി അത് തീരുമായിരുന്നു. ഹദ്റത്ത് മുഹമ്മദ് നബി (സ)യുടെ അനുയായികൾ ചെറിയ പ്രവാചകൻമാരെ നിഷേധിക്കുമെന്ന ഭയമാണ് പ്രവാചകത്വത്തെ മുഴുവൻ നിർത്തലാക്കിക്കളയാനുള്ള ന്യായമായ കാരണമെങ്കിൽ അതേ ഭീതി തന്നെ ഇസ്‌ലാം മതസ്ഥാപകരായ മുഹമ്മദ് നബി(സ)യുടെ ആഗമന വഴിയിലും വളരെ ശക്തമായ തടസ്സമായി നിൽക്കുന്നു. അദ്ദേഹമല്ലേ ഏല്ലാ പ്രവാചകൻമാരേക്കാളും ഏറ്റവും നല്ല പ്രവാചകൻ. തീർച്ചയായും അതെയെന്ന് മുഴുവൻ ഇസ്‌ലാമിക ലോകവും സാക്ഷ്യം വഹിക്കുന്നു. പ്രവാചകൻമാരിൽ വെച്ച് പരമോന്നത ശ്രേഷ്ഠൻ എന്ന നിലക്ക് അദ്ദേഹത്തെ നിഷേധിക്കുമ്പോൾ എക്കാലത്തേയും വലിയ ദൈവത്തിന്റെ ശാപമാണ് അവർ ഏറ്റു വാങ്ങുന്നത്. അതിശയകരമെന്ന് പറയട്ടെ, റസൂൽ തിരുമേനി (സ) ജീവിച്ചിരുന്ന കാലത്ത് ലോകത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം പേരും നിഷേധിച്ചു വെന്ന് മാത്രമല്ല അവിടുത്തെ സത്യം ലോകജനതയുടെ നാലിൽ മൂന്ന് ഭാഗം പേരും ഇപ്പോഴും നിഷേധിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യ സമൂഹത്തിലെ നാലിൽ ഒരു ഭാഗം മാത്രമേ റസൂൽ തിരുമേനി(സ)യിൽ വിശ്വസിച്ചവരുള്ളൂ എന്ന് പറയുന്നതായിരിക്കും നന്നാവുക. പക്ഷേ വിശ്വസിച്ച അവരെ തന്നെ യഥാർഥത്തിൽ മുസ്‌ലിംകളായി നിർവചിക്കാൻ സാധിക്കുമോ? മൗദൂദി വിചാരിക്കുന്നത് മറ്റൊരു വിധത്തിലാണ്. നൂറ് കോടി മുസ്‌ലിം ജനസംഖ്യയിൽ ഓരോ ആയിരം എണ്ണത്തിലും തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പതും അദ്ദേഹത്തിനാൽ അപലപിക്കപ്പെട്ടവരാണ്. അവർ സത്യത്തിൽ അമുസ്‌ലിംകളായിരിക്കുമെന്നാണ് മൗദൂദി പക്ഷം.

'മുസ്‌ലിംകൾ എന്ന് വിളിക്കപ്പെടുന്നവരുടെ ഈ സമ്മിശ്ര സമൂഹം ആയിരത്തിൽ തൊള്ളായിരത്തിതൊണ്ണൂറ്റി ഒമ്പതും ഇസ്‌ലാമിനെ പറ്റി യാതൊന്നും അറിയാത്തവരാണ്. തെറ്റിൽ നിന്നും ശരി ഏതാണെന്ന് തിരിച്ചറിയാൻ കെൽപില്ലാത്തവരണാവർ. അവരുടെ മാനസികവും ധാർമികവുമായ സമീപനം അൽപം പോലും ഇസ്‌ലാമികമല്ല. പിതാവിൽ നിന്ന് പുത്രനിലേക്ക് പിതാമഹനിൽ നിന്നും പൗത്രനിലേക്ക് പേരിൽ മാത്രം പരമ്പരാഗതമായി വന്ന മുസ്‌ലിംകളാണവർ. അതിൽ കവിഞ്ഞൊന്നുമല്ല.' (മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ്- അബുൽ അഅ് ലാ മൗദൂദി)

മൗദൂദിയുടെ കണക്കു കൂട്ടലിന്റെ അടിസ്ഥാനത്തിലുള്ള ദൈവത്തിന്റെ പ്രവർത്തന പദ്ധതി പ്രകാരം ദൈവത്തിന്റെ സൃഷ്ടികളായ പാവം മനുഷ്യർ ഒരിക്കലും ശപ്തരാകാതിരിക്കാൻ വേണ്ടി അവന് നല്ലത് യാതൊരു ഗ്രന്ഥമോ പ്രവാചകനെയോ അയക്കാതിരിക്കലായിരുന്നു.

എങ്കിലും ആദ(അ)മിന്റെ കാലം മുതൽ അവരിൽപെട്ട ഏറ്റവും നല്ല ആളുകളുടെ കാലം വരെ പ്രവാചകൻമാരെ അയച്ചു കൊണ്ടിരുന്ന ദൈവത്തിന്റെ നീതി ബോധത്തിൽ മൗദൂദി സാഹിബ് വിശ്വസിക്കുന്നു. പ്രവാചകൻമാരുടെ നിഷേധം അവരെ നിഷേധിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കോപം പതിക്കാൻ കാരണമാവുന്നുവെങ്കിൽ നിഷേധിക്കപ്പെടുന്ന പ്രവാചകൻമാരുടെ ലിസ്റ്റിൽ ഒരാൾകൂടി കൂടുന്നത് കൊണ്ട് എന്ത് കുഴപ്പമാണ് ഉണ്ടാകുന്നത്. പക്ഷേ മൗദൂദിയിലുള്ള ഒരു വൈരുദ്ധ്യം കണ്ണിലെ കരടായിതീരുന്നു. അതായത് ദൈവത്തിന്റെ ഒരു പ്രവാചകൻ എന്ന നിലക്ക് യേശുവിന്റെ പുനരാഗമന വിശ്വാസം അദ്ദേഹം കണ്ടു പിടിക്കുമ്പോഴാണ് ഈ നേത്രപീഢനം സംഭവിക്കുന്നത്.

പഴയ യേശു(അ)വിന് പകരം ന്യായപ്രമാണമില്ലാത്ത ഒരു പുതിയ പ്രവാചകനെ മുസ്‌ലിംകൾക്കിടയിൽ നിന്ന് എഴുന്നേൽപിച്ചാൽ ഈ ശപ്തമാക്കലിന്റെ മഹത്തായ ശാശ്വത നിയമം അദ്ദേഹത്തിന് എങ്ങനെ മാറ്റിത്തിരുത്താനൊക്കും? ന്യായപ്രമാണമില്ലാത്ത ഒരു പ്രവാചകൻ വരികയാണെങ്കിൽ, അദ്ദേഹത്തിന് മുമ്പ് മുതൽ ആദം നബി വരെയുള്ള കാലഘട്ടങ്ങളിലും ദൈവത്തിന്റെ ഈ ശാശ്വത ശപ്തനിയമം പ്രാബല്യത്തിൽ ഉണ്ടായിരിക്കുമല്ലോ. എന്നിട്ടും പ്രവാചകൻമാർ വന്നുകൊണ്ടിരുന്നു. എങ്കിൽ പിന്നെ ന്യായപ്രമാണമില്ലാത്ത ഈയൊരു പ്രവാചകന്റെ കാര്യത്തിൽ മാത്രം എന്തിന് ശപ്തനിയമത്തിന്റെ പേരിലൊരു മാർഗ തടസ്സം? (***വെളിപാട്, യുക്തി, ജ്ഞാനം സത്യം. വിവ: എ.എം)***

www.alislam.org

# ഖത്തമെ നുബുവത്ത്

## തെറ്റിധാരണയും പരിഹാരവും

റസൂൽ തിരുമനേി (സ) യുടെ എറ്റവും സമുന്നതമായ വിശേഷണമാണ് ഖാത്തമുന്നബിയ്യീൻ എന്നത്. ഈ അഭിധാനത്തിന്റെ യഥാർഥത്തിലുള്ള അർഥം വാഗ്ദത്ത മസീഹിന്റെ വിശദീകരണത്തോടെ ലേഖകൻ വിവരിക്കുന്നു.

ഹാശിം അശ്റഫ് ശാഹിദ്

മുഹമ്മദ് മുസ്താഫാ (സ) തിരുമേനിയുടെ ഖത്തമെ നുബുവത്തിന് **അന്ത്യപ്രവാചകൻ** എന്ന അർഥം നൽകിയത് മുസ്ലിംകൾക്ക് പറ്റിയ ഏറ്റവും വലിയ ഒരു അബദ്ധമാണ്. ഇന്ന് മുസ്ലിം സമൂഹത്തെ ഇത് പുരോഗതിയുടെ പ്രകാശത്തിൽ നിന്ന് തടഞ്ഞ് അധോഗതിയുടെ അന്ധകാരത്തിലേക്ക് തള്ളിയിടുന്നു. ഈ അജ്ഞത പ്രവാചകകുലോത്തമന്റെ (സ) അപമാനത്തിനും കാരണമായിത്തീരുന്നു. ഏതെങ്കിലും ഒരു ആത്മീയ അനുഗ്രഹത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കുക എന്നത് ഒരു പ്രവാചകന്റെയും അന്തസ്സിന് ചേരുന്നതല്ല. വിശുദ്ധ ഖുർആനിൽ നിന്നോ മറ്റ് മതഗ്രന്ഥങ്ങളിൽ നിന്നോ നമ്മുക്കിതിന് എതിരായി ഒരു തെളിവും ലഭിക്കുന്നതല്ല. എന്നാൽ പാപനിർഭരമായ അന്ധകാരത്തെ അകറ്റുകയും ആത്മീയപ്രകാശത്തെ പുനസ്ഥാപിക്കുകയും ചെയ്യുക എന്നതാണ് പ്രവാചകന്മാരുടെ ആഗമനലക്ഷ്യത്തെ സംബന്ധിച്ച് പറയപ്പെടുന്നത്. ഇന്നുള്ള മുസ്ലിംകളുടെ വിശ്വാസം നിർഭാഗ്യവശാൽ ഇതിന് എതിരാണെന്ന് മാത്രമല്ല, സർവ ലോകത്തിനും കാരുണ്യമായി അവതരിച്ച മുഹമ്മദ് (സ) തിരുമേനിയുടെ അന്തസിനെ ഹനിക്കുകകൂടി ചെയ്യുന്നു. ഇത്കാരണം അവർക്ക് ആത്മീയ പുരോഗതി കൈവരിക്കാനും ഗ്രഹിക്കാനും ഉൾകൊള്ളാനും സാധിക്കുന്നില്ല. ഒരർഥത്തിൽ ഇതിനെ സംബന്ധിച്ചായിരുന്നു പ്രവാചക തിരുമേനി (സ) വിശുദ്ധ ഖുർആൻ ലിപികളിൽ മാത്രം അവശേഷിക്കുന്ന ഒരു കാലം വരുന്നതാണെന്ന് ദീർഘദർശനം നടത്തിയത്. ഈ സമൂഹം വിശുദ്ധ ഖുർആനിൽ ഖാത്തമുന്നബിയ്യീൻ എന്ന വാക്ക് പലവുരു പാരായണം ചെയ്യുന്നുണ്ടെങ്കിൽ തന്നെയും അതിന്റെ യഥാർഥ വിവക്ഷയോ വ്യാപ്തിയോ നിഗൂഢതയോ മനസിലാക്കാൻ ശ്രമിക്കുന്നില്ല. ഇവർ പണ്ഡിതന്മാർ പറയുന്നത് അക്ഷരം പ്രതി വിശ്വസിക്കുന്നു. അതിനെതിരായി വിശുദ്ധ ഖുർആൻ തന്റെ സാക്ഷ്യം വിളംബരം ചെയ്യുന്നുവെങ്കിലും അവർ അതിനെ അംഗീകരിക്കാനോ മനസിലാക്കാനോ തുനിയുന്നില്ല. യഹൂദികളോട് ഇത്ര മാത്രം സാമ്യം പുലർത്തുന്ന മറ്റൊരു സമൂഹത്തെയും ലോകത്ത് കാണുവാൻ നമുക്ക് സാധിക്കുന്നതല്ല. ഇതും നബി (സ) തിരുമേനിയുടെ പ്രവചനമായിരുന്നു. അതും പുലർന്നിരിക്കുന്നു.

അഹ്മദികൾ ഖത്തമെ നുബൂവത്തിന് നല്കുന്ന മൂല്യത്തിന്റെ നൂറിലൊരംശം പോലും സാധാരണ മുസ്ലിംകൾക്ക് നല്കാൻ സാധിക്കുന്നില്ല. അഹ്മദിയ്യാ മുസ്ലിം ജമാഅത്തും മറ്റ് ഇതര ഇസ്ലാമിക പ്രസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസം വിശുദ്ധ ഖുർആനിലെ

**മുഹമ്മദ് (സ) നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. എന്നാൽ അല്ലാഹുവിന്റെ റസൂലാകുന്നു. ഖാത്തമുന്നബിയ്യീൻ ആകുന്നു. അല്ലാഹു എല്ലാ വസ്തുക്കളെ കുറിച്ച് നല്ലത് പോലെ അറിയുന്നവനാകുന്നു.**

(സൂറത്തുൽ അഹ്സാബ്-41)

എന്ന ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിലെ മുഴുവനാളുകളുടെയും വിശ്വാസം, സർവ ലോകനേതാവും എല്ലാവിധ അഭിമാനങ്ങൾക്കും അർഹനുമായ മുഹമ്മദ് മുസ്തഫാ അഹ്മദെ മുജ്തബാ (സ) തിരുമേനി ഖാത്തമുന്നബിയ്യിനാണ് എന്നാകുന്നു. ഇതിൽ യാതൊരുവിധ സംശയവുമില്ല. ഈ കാര്യത്തിൽ മുസ്ലിംകളിൽ ഒരു കക്ഷിയിലും അഭിപ്രായ വ്യത്യാസമില്ല. മുമ്പുമില്ല. ഇനി ഭാവിയിൽ ഒരിക്കലും ഉണ്ടാകുകയില്ല.

ഇങ്ങനെ വിശ്വാസത്തിൽ എല്ലാവരും ഒന്നാണെങ്കിൽ പിന്നെ ഇവിടെ കുഴപ്പമെന്താണ്? എന്നാൽ അർഥത്തിലും വാഖ്യാനത്തിലുമാണ് ഇരുകക്ഷികളും വൈരുദ്ധ്യം പുലർത്തുന്നത്. 125 വർഷമായി ഇതിന്റെ പേരിൽ സാധാരണ മുസ്ലിംകളും അഹ്മദികളും തർക്കവിതർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നു. ചിലർ ഇതിന്റെ ഗൗരവം മനസിലാക്കാതെ നബി (സ) അന്തിമ പ്രവാചകനാണ് എന്ന് മാത്രം പറഞ്ഞ് കൊണ്ട് സംസാരം അവസാനിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഇത് മൂലം ഇവർ നബി (സ) തിരുമേനിയുടെ ഖാത്തമുന്നബിയ്യീൻ എന്ന മഹത്വത്തിൽ ചെളിവാരി ഏറിയുകയാണെന്ന് മനസിലാക്കുന്നില്ല. അതോടൊപ്പം നബി (സ) തിരുമേനിയുടെ ഉമ്മത്തിനായി അല്ലാഹു വാഗ്ദാനം ചെയ്ത ആത്മീയ അനുഗ്രഹങ്ങളിൽ നിന്ന് ഇവർ വരുംതലമുറയെയും അകറ്റുകയും അതിനെ നിരാകരിക്കുകയും ചെയ്യുന്നു. അതിനാൽ മുഹമ്മദ് മുസ്തഫാ (സ) തി

രുമേനിയുടെ യഥാർഥ അനുയായി താനാണെന്ന് വാദിക്കുന്ന ഒരോ മുസ്ലിമും ആദ്യം തിരിച്ചറിയേണ്ടത്, ഈ ഖാത്തമുന്നബിയ്യീനിന്റെ അർഥവും അതുപോലെ വ്യാപ്തിയുമാണ്. ഇതിനായി രണ്ട് ചോദ്യങ്ങൾ പ്രധാനമായും മുന്നിൽ വെക്കുക. **ഒന്നാമതായി ഏതെങ്കിലും തരത്തിലുള്ള അനുഗ്രഹം അവസാനിപ്പിക്കുന്നതിനാണോ ഖത്തമെ നുബൂവത്ത് എന്ന് പറയുന്നത്? അതോ ഖിയാമത്ത് വരെ അത് നിലനിൽക്കുകയും അതിൽ നിന്ന് എല്ലാവിധ ആത്മീയ അനുഗ്രഹങ്ങളും ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന ഉറവിടത്തിനാണോ?** ഇതിന്റെ മറുപടിക്കായി ഒരോ മുസ്ലിമും സ്വയം ഒരു പരിശോധന നടത്തുന്നതായാൽ ഖത്തമെനുബൂവത്തിന്റെ വിവക്ഷ മാത്രമല്ല പ്രവാചക പ്രഭു (സ) തിരുമേനിയുടെ ആത്മീയ സ്ഥാനമാനവും ശ്രേഷ്ഠതയും അവർക്ക് വ്യക്തമാകുന്നതാണ്. എന്നാൽ നീതിബോധത്തോടുകൂടി വേണം ഈ ജോലിയിൽ ഏർപ്പെടാൻ, അല്ലാത്തപക്ഷം സ്വാർഥത അവനെ വിഴുങ്ങുകയും അധഃപതനത്തിന്റെ അന്ധതയിലേക്ക് അവനെ അത് വലിച്ചെറിയുകയും ചെയ്യുന്നതാണ്.

അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അവർ തന്റെ ഹൃദയാന്തരങ്ങളിൽ പോലും നബി (സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കുന്നവരാണ്. ഖത്തമെ നുബൂവത്തിനെ നിഷേധിക്കുന്നു എന്ന ആരോപണം അഹ്മദിയ്യാ ജമാഅത്തിന് മേൽ തൊടുത്തുവിടുന്ന വ്യക്തിയെ സംബന്ധിച്ച് വ്യക്തമായ നിലയിൽ മനസിലാകുന്നത്, തീർച്ചയായും അയാളുടെ ഹൃദയത്തിലെ ഏതോ ഒരു കോണിൽ കിടക്കുന്ന കളവിനെ മറച്ചുവെക്കുന്നതിനായി തന്റെ കുറ്റം അഹ്മദിയ്യാ ജമാഅത്തിന്റെ മേൽ ചാർത്തി സ്വയം തൃപ്തിയടയുകയാണ്. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് (അ) ദില്ലിയിലെ ജാമിഅ മസ്ജിദിൽ തന്റെ വിശ്വാസത്തെ വിളംബരം ചെയ്ത് കൊണ്ട് വളരെ വ്യക്തമായ വാക്കുകളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

**ഈ ദൈവീക ഭവനത്തിൽ വെച്ച് ഞാൻ മുസ്ലിംകളുടെ മുന്നിൽ ഈ കാര്യം വളരെ വ്യക്തമായ നിലയിൽ വിളംബരം ചെയ്യുകയാണ്. അതായത് ഞാൻ ജനാബ് ഖാത്തമുന്നബിയ്യീൻ (സ) യുടെ ഖത്തമെ നുബൂവത്ത് അംഗീകരിക്കുന്ന ആളാണ്. ഖത്തമെ നുബൂവത്ത് അംഗീകരിക്കാത്തയാൾ നാസ്തികനും ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്തുപോയവനുമായി ഞാൻ മനസിലാക്കുന്നു.**

(തബ്ലീഗെ റിസാലത്ത് വാള്യം.2, പേജ്.44)

ഖത്തമെ നുബൂവത്തിനെ നിരാകരിക്കുന്നുവെന്ന അതിഗുരുതരമായ ആരോപണത്തിന് മറുപടി നല്കി കൊണ്ട്അവിടുന്ന് പറയുന്നു:

**എന്റെയും എന്റെ ജമാഅത്തിന്റെയും മേൽ ഉന്നയിക്കുന്ന ആരോപണം, അതായത് ഞങ്ങൾ റസൂൽ (സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കുന്നില്ല എന്നത് ഞങ്ങളുടെ മേൽ ആരോപിക്കുന്ന ഭയാനകമായ കറ്റകെട്ടാകുന്നു. ഞങ്ങൾ ഏത് ശക്തിയിലും ദൃഢവിശ്വാസത്തിലും പരിജ്ഞാനത്തിലും ആത്മീയ വീക്ഷണത്തിലുമാണോ നബി (സ) തിരുമേനിയെ ഖാത്തമുൽ അമ്പിയാ ആയി വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത്, അതിന്റെ ലക്ഷത്തിൽ ഒരു അംശം പോലും മറ്റ് ആളുകൾ അംഗീകരിക്കുന്നില്ല. അവർക്ക് അത് ഉൾകൊള്ളാനുള്ള കഴിവില്ല. അവർ ഖാത്തമുന്നബിയ്യിന്റെ യാഥാർഥ്യവും നിഗൂഢതയും മനസിലാക്കുന്നില്ല. അവർ പിതാമഹന്മാരിൽ നിന്ന് ഒരു വാക്ക് കേട്ടു. എന്നാൽ അതിന്റെ പരമാർഥത്തെ കുറിച്ച് അജ്ഞരാണ്. അല്ലാഹു നമ്മിൽ ഖത്തമെ നുബൂവത്തിന്റെ യാഥാർഥ്യം തുറന്നുതന്നിരിക്കുന്നു. ഒരു പ്രത്യേക ആന്ദാനുഭൂതി ലഭിക്കുന്ന തരത്തിൽ അതിന്റെ ജ്ഞാനസമ്പൂർണമായ മധുപാനകം നമ്മെ കുടിപ്പിച്ചു. ഈ ഉറവയിൽ നിന്ന് അത് പാനം ചെയ്തവർക്കല്ലാതെ മറ്റാർക്കും അത് വിലയിരുത്താൻ സാധിക്കുകയില്ല.**

(മൽഫൂസാത്ത് വാള്യം.1, പേജ്.241,242)

ഇത് മാത്രമല്ല അല്ലാഹുവിനെ സാക്ഷി നിർത്തി കൊണ്ട് അദ്ദേഹം പറയുന്നു,

**ഞാൻ അല്ലാഹുവിന്റെ പ്രതാപത്തെയും മഹത്വത്തെയും മുൻനിർത്തി കൊണ്ട് സത്യം ചെയ്യുകയാണ്. ഞാൻ മുസ്ലിമും മുഅ്മിനും ആകുന്നു. ഞാൻ അല്ലാഹുവിലും അവന്റെ ഗ്രന്ഥത്തിലും അവന്റെ പ്രവാചകൻമാരിലും അവന്റെ മലക്കുകളിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്നു. നമ്മുടെ നബി മുഹമ്മദ് മുസ്തഫാ (സ) എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും ഖാത്തമുന്നബിയ്യീനുമാണ് എന്നതാണ് എന്റെ വിശ്വാസം.**

(ഹമാമത്തുൽ ബുശ്റാ പേജ്.8)

ഇതേ വിശ്വാസവും സങ്കൽപ്പവുമാണ് ഒരോ അഹ്മദിയും വെച്ച് പുലർത്തുന്നത്, പ്രവാചകന്റെ അന്തസിനോ, അഭിമാനത്തിനോ ക്ഷതമേൽക്കുന്നത് അവർക്ക് അസഹനീയമാണ്. അവർ വിശ്വസിക്കുന്നത് അല്ലാഹു തൃപ്തിപ്പെട്ട സഹാബത്തിന്റെ ദീനിനെയാണ്. വാക്ക് കൊണ്ട് മാത്രമല്ല ഹൃദയം കൊണ്ടും അവർ പ്രവാചക തിരുമനസിന്റെ സേവകരും പ്രചാരകരുമാണ്.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) സ്പഷ്ടമായ നിലയിൽ തന്റെ വിശ്വാസത്തെ വിളംബരം ചെയ്തിട്ടും അദ്ദേഹത്തിന്റെ അനുയായികൾ ആ വിശ്വാസത്തെ മുറുകെ പിടിച്ചിട്ടും മറ്റ് മുസ്ലിം പണ്ഡിതന്മാർ നാമമാത്ര പ്രശസ്തിക്കായി, അഹ്മദികളുടെ മേൽ കാഫിർ എന്ന മുദ്ര കുത്തുന്നു. എന്നാൽ പ്രവാചകന്റെ ഖത്തമെ നുബൂവത്തിൽ യഥാർഥ വിശ്വാസം വെച്ച് പുലർത്തുന്നുവെന്ന് വാദം ഉന്നയിക്കുന്ന ഇവർ ഖാത്തമിന് നല്കുന്ന അർഥങ്ങളും വിവക്ഷകളും മുസ്ലിം സമൂഹത്തിന്റെ വിശ്വാസം മാത്രമല്ല വികൃതമാക്കുന്നത്. മറിച്ച് ഇസ്ലാമിക അധ്യാപനങ്ങളുടെ മനോഹരിതയെ നഷ്ടപ്പെടുത്തി, അതിനെ പ

രിഹാസപാത്രമാക്കുകയും ചെയ്യുന്നു. കാരണം ഈ പണ്ഡിതന്മാർ, ഒരു വശത്ത് നബി (സ) തിരുമേനിക്ക് ശേഷം ഒരുതരത്തിലുള്ള നബിയും ഖിയാമത്ത് വരെ വരില്ലായെന്ന് പറയുന്ന അതേ സ്വരത്തിൽ തന്നെ ഖത്തമെ നുബൂവത്തിന്റെ പരിശുദ്ധതയെ കളങ്കപ്പെടുത്തുന്നു. അതായത് നബി (സ) തിരുമേനിക്ക് 600 വർഷങ്ങൾക്ക് മുമ്പ് അല്ലാഹുവിൽ നിന്ന് നേരിട്ട് നുബൂവത്ത് കരസ്ഥമാക്കിയ, (ഹ) മൂസാ (അ) ന്റെ തൗറാത്താകുന്ന ശരീഅത്തിനെ സേവിക്കാൻ നിയോഗിക്കപ്പെട്ട (ഹ) ഈസാ (അ) അവസാന കാലഘട്ടത്തിൽ ഉമ്മത്തെ മുഹമ്മദിയ്യായെ പുനരുദ്ധാരണം ചെയ്യുന്നതിന് വേണ്ടി വാനത്തിൽ നിന്ന് മലക്കുകളുടെ അകമ്പടിയോടെ ഭൂമിയിൽ വീണ്ടും അവതരിക്കുന്നതാണ്. ആ സമയം അദ്ദേഹം നബിയും ആയിരിക്കും. നബിയായി ഉമ്മത്തെ മുഹമ്മദിയ്യായിലേക്കുള്ള അദ്ദേഹത്തിന്റെ ഈ ആഗമനം മൂലം ഖത്തമെ നുബൂവത്തിന് യാതൊരു വ്യത്യാസവും ഉണ്ടാകുന്നതല്ല. എത്രമാത്രം വികൃതവും പരിഹാസ്യവുമാണ് എന്ന് നോക്കുക. ഇത് ഒരർഥത്തിൽ നബി (സ) തിരുമേനിയെക്കാൾ (നഊദ് ബില്ലാഹ്) ഈസാ (അ) ന് ഉന്നത സ്ഥാനം നല്കുന്ന വിശ്വാസമല്ലേ?. അതോടൊപ്പം ഇത് നബി (സ) തിരുമേനിയുടെ അപകീർത്തിക്ക് കാരണമാകുകയും ഖത്തമെ നുബൂവത്തിന്റെ എല്ലാ പവിത്രതയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നതാണെന്നതിൽ യാതൊരു സംശയവുമില്ല. കാരണം ഒരു നബിക്കും നല്കാത്ത ശ്രേഷ്ഠത നബി (സ) തിരുമേനിക്കാണ് അല്ലാഹു നല്കിയിട്ടുള്ളത്. എന്നെന്നും ജീവിച്ചിരിക്കുന്ന പ്രവാചകനും എന്നെന്നും നിലനിൽക്കുന്ന നുബൂവത്തും ഖാത്തമെ നുബൂവത്ത് മത്രമാണ്. ഇതിന് വിപരീതമായ ഒരു വിശ്വാസം നബി (സ) തിരുമേനിയെ സ്നേഹിക്കുന്നവർക്ക് എങ്ങനെ സഹിക്കാൻ സാധിക്കും? സാധാരണ മുസ്‌ലിംകൾക്ക് ഇത് തിരിച്ചറിയാൻ സാധിക്കുന്നില്ല. കാരണം മുസ്‌ലിം ഉലമാക്കൾ അത്രമാത്രം ഗാഢമായ അന്ധകാരത്തിലേക്കാണ് മുസ്‌ലിംകളെ തള്ളിയിട്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ ഈ വിശ്വാസത്തിന് എതിരായി 30 ആയത്തുകളിലൂടെ ഹദ്റത്ത് ഈസാ (അ) ന്റെ വഫാത്ത് സ്ഥാപിച്ചിരിക്കുന്നുവെന്ന കാര്യവും മുസ്‌ലിം സമൂഹം തിരിച്ചറിയുന്നില്ല. അതുകൊണ്ട് വിശുദ്ധ ഖുർആനിലില്ലാത്ത ഒരു വിശ്വാസം പ്രചരിപ്പിക്കുകയും അതിന് കൊടിപിടിക്കുകയും ചെയ്യുന്ന കാര്യം മുസ്‌ലിം സമൂഹം തിരിച്ചറിഞ്ഞ് അവരുടെ ഇത്തരത്തിലുള്ള പ്രവർത്തികളിൽ നിന്ന് വിരമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്വന്തം വിശ്വാസം പുനഃപരിശോധിക്കുവാൻ മുസ്‌ലിം സമൂഹത്തിന് വിധി നല്കുന്ന ഒരു കാലം സമീപസ്ഥമാകുവാൻ അല്ലാഹു ഇടവരുത്തട്ടെ. ബനീഇസ്റായീലിലേക്ക് മാത്രമായി അയക്കപ്പെട്ട ഒരു പ്രവാചകനെ പ്രതീക്ഷിക്കുകയോ, അതിനുവേണ്ടി നബി (സ) തിരുമേനിയുടെ മടിത്തട്ട് ഉപേക്ഷിക്കാനോ റസൂലിനെ(സ) സ്നേഹിക്കുന്നവർക്ക് സാധിക്കുകയില്ല. മറിച്ച് സ്വന്തം ജീവിതത്തിലൂടെ ഖത്തമെ നുബൂവത്തിന്റെ സത്യത ലോകത്തിന് കാണിക്കുകയും അതിന് അവർ സ്വയം സാക്ഷികളായി മാറുകയും ചെയ്യുമ്പോഴാണ് പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ യഥാർഥ ദാസനായിത്തീരുന്നത്. ഈസാ (അ) ന്റെ രണ്ടാം വരവിൽ അത്രമാത്രം ദൃഢബോധമുള്ള മുസ്‌ലിം സമൂഹം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ചെയ്യേണ്ടത് ഇത്രമാത്രം, അവർ ഹ: ഈസാ (അ) നെ ഒന്ന് ജീവിപ്പിച്ച് കാണിക്കുക, അദ്ദേഹത്തെ ജീവിപ്പിച്ചാൽ അതോടെ ഈ ജമാഅത്ത് സ്വയം മരിച്ച് വീഴും എന്നുമാത്രമല്ല ഈ 100 വർഷകാലത്തെ കലഹവും ഒരു നിമിഷത്തിൽ അവസാനിക്കുന്നതാണ്. ഇവരുടെ പിതാമഹന്മാർക്ക് സാധിക്കാത്ത ഈ കാര്യം ഇവർക്ക് സാധിക്കുമോ? ഒരിക്കലും സാധിക്കുന്നതല്ല.

ഈ വിഷയത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം ഇവിടെ പ്രതിപാദിക്കേണ്ടത് അനിവാര്യമാണ്. കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നതിനും അല്ലാഹു വിധികൂടിയാൽ മുസ്‌ലിം സമൂഹത്തിന് ചിന്തിക്കാൻ ഒരുപക്ഷേ ഇത് പ്രേരണ നല്കുകയും ചെയ്തേക്കാം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിശ്വാസം, ഈ ഉമ്മത്തെ മുഹമ്മദിയ്യായിൽ നബി (സ) തിരുമേനിയുടെ പ്രവചനപ്രകാരം തീർച്ചയായും മസീഹ് അവതരിക്കുകതന്നെ ചെയ്യും. ആ അവതരിക്കുന്ന മസീഹ് തീർച്ചയായും അല്ലാഹുവിന്റെ പ്രവാചകനും ആയിരിക്കും. ഇത് പൊതുവിൽ മുസ്‌ലിംകൾ അംഗീകരിക്കുന്ന കാര്യങ്ങളാണ്. എന്നാൽ ആ മസീഹ് ഇസ്റായീൽ വംശജനായിരിക്കുകയില്ല. മറിച്ച് മുഹമ്മദ് റസൂൽ (സ) യുടെ ഉമ്മത്തിയും അവിടുത്തെ ദാസനുമായിരിക്കും. അനുഗ്രഹത്തിന്റെയും സ്ഥാനത്തിന്റെയും അടിസ്ഥാനത്തിൽ (ഹ) ഈസാ (അ) ന് സദൃശ്യനുമായിരിക്കും. ഇത് അഹ്മദികളുടെ മാത്രം വിശ്വാസമല്ല. ഹദ്റത്ത് ശൈഖ് മുഹിയുദ്ധീൻ ഇബ്നു അറബി (റഹ്) ഈ വിശ്വാസം അംഗീകരിക്കുന്നു. അദ്ദേഹം തന്റെ തഫ്സീർ അറായിസുൽ ബയാൻ എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാള്യത്തിലെ 262-മത്തെ പേജിൽ ഇപ്രകാരം പറയുന്നു,

**(ഹ) ഈസാ (അ) ന്റെ അവസാന കാലഘട്ടത്തിലെ ആഗമനം മറ്റൊരു ശരീരത്തി (വ്യക്തിയി) ലൂടെ ഉണ്ടാകേണ്ടത് നിർബന്ധമാണ്.**

കൂടാതെ നബി (സ) തിരുമേനിക്ക് ശേഷം അവതരിക്കുമെന്ന് പ്രവചനം ചെയ്യപ്പെട്ട മസീഹ് തീർച്ചയായും അല്ലാഹുവിന്റെ പ്രവാചകനും തിരുമേനിയുടെ ഉമ്മത്തിൽപെട്ട വ്യക്തിയുമായിരിക്കും. ആ പരിശുദ്ധ പ്രവാചകന്റെ ശ്രേഷ്ഠതയിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കിയാണ് ആ മസീഹ് അവതരിക്കുക. ഇത്മൂലം നബി (സ) തിരുമേനിയുടെ പരിപൂർണ ശ്രേഷ്ഠതക്ക് യാതൊരു കോട്ടവും സംഭവിക്കുന്നതല്ല. മറിച്ച് തിരുമേനിയുടെ നുബൂവത്തിന്റെ

സമ്പൂർണതയും ആത്മീയ പരിശുദ്ധിയുടെ പ്രഭാവവുമാണ് തെളിയിക്കപ്പെടുന്നത്. നബി (സ) തിരുമേനിയുടെ ഖത്തമെ നുബൂവത്താകുന്ന മുദ്ര ഇത്മൂലം തകരുകയോ, അവിടുത്തെ അവസാന നബി എന്നതിന് വിടവ് സംഭവിക്കുകയോ ചെയ്യുന്നതല്ല. കാരണം നാം ഈ നിലയിൽ നോക്കുമ്പോൾ അതായത് ഉത്ഭവം, സ്ഥായിത്വം, ശരീഅത്ത്, ശ്രേഷ്ഠത എന്നീ കാര്യങ്ങളിൽ മുഹമ്മദ് (സ) തന്നെയാണ് അവസാന നബി ആകുക. അന്യസമൂഹത്തിൽ നിന്ന് ഒരു പ്രവാചകനും വരുന്നതല്ല. (ഹ) ഈസാ (അ) ന്റെ രണ്ടാം വരവ് മൂലം ഉമ്മത്തെ മുഹമ്മദിയ്യാക്ക് നല്കപ്പെട്ട ഖത്തമെ നുബൂവത്താകുന്ന മുദ്ര തകരുകയും നബി (സ) തിരുമേനിയുടെ മഹത്വം ധ്വംസിക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ യാഥാർഥ്യം വിവരിച്ച് കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

**ഞാൻ ഉറച്ച വിശ്വാസത്തോടെയും വാദമുഖത്തോടെയും പറയുകയാണ്, നബി (സ) തിരുമേനിയിൽ നുബൂവത്തിന്റെ എല്ലാ സവിശേഷതകളും പൂർത്തീകരിച്ചിരിക്കുന്നു. തിരുമേനിക്ക് എതിരായി എതെങ്കിലും ശൃംഖല സ്ഥാപിക്കുന്നവനും അദ്ദേഹത്തിന്റെ നുബൂവത്തിൽ നിന്ന് മാറി ഏതെങ്കിലും സത്യസാക്ഷ്യം കൊണ്ടുവരുന്നവനും (അതുപോലെ) നുബൂവത്താകുന്ന നീർജലത്തെ ഉപേക്ഷിക്കുന്നവനും വ്യാജനും കറ്റ്കെട്ടുകാരനുമാണ്. ഞാൻ തുറന്ന് പറയുകയാണ്, നബി (സ) തിരുമേനിയെ കൂടാതെ തിരുമേനിക്ക് ശേഷം മറ്റൊരു നബിയിൽ വിശ്വാസമർപ്പിക്കുന്നവനും ആ മഹാത്മാവിന്റെ ഖത്തമെ നുബൂവത്തിനെ തകർക്കുകയും ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാണ്. കാരണം ആരുടെ പക്കലാണ് മുഹമ്മദ് (സ) ന്റെ ഖത്തമെ നുബൂവത്താകുന്ന മുദ്ര ഇല്ലാത്തത് അവർക്ക് നബി (സ) തിരുമേനിക്ക് ശേഷം നബിയായി വരാൻ സാധിക്കുന്നതല്ല. നമ്മുടെ എതിരാളികളായ മറ്റ് മുസ്ലിംകൾക്ക് സംഭവിച്ച തെറ്റ്, അവർ നബി (സ) തിരുമേനിയുടെ ഖത്തമെ നുബൂവത്ത് തകർത്ത് കൊണ്ട് ഇസ്റായീൽ പ്രവാചകനെ ആകാശത്ത് നിന്ന് ഇറക്കുന്നു എന്നതാണ്. ഞാൻ ഇതും വ്യക്തമാക്കുകയാണ്, 1300 വർഷങ്ങൾക്ക് ശേഷവും ആ മഹാത്മാവിന്റെ ശിക്ഷണത്താലും അധ്യാപനത്താലും മസീഹ് മൗഊദ് അവിടുത്തെ ഉമ്മത്തിൽ ആ നുബൂവത്തിന്റെ തന്നെ ഒരു മുദ്രയുമായി വന്നിരിക്കുന്നുവെന്നത് നബി (സ) തിരുമേനിയുടെ പരിശുദ്ധ പ്രഭാവത്തിന്റെയും അവിടുത്തെ നിലക്കാത്ത നുബൂവത്തിന്റെയും വളരെ ചെറിയ ഒരു അത്ഭുതമാണ്. എന്നാൽ ഈ വിശ്വാസം കുഫ്റാണെങ്കിൽ ഞാൻ ഈ കുഫ്റിനെ പ്രിയങ്കരമായി മനസ്സിലാക്കുന്നു. ആരുടെ വിവേകത്തിനാണ് അന്ധത ബാധിച്ചിരിക്കുന്നത്, അവർക്ക് നുബൂവത്തിന്റെ പ്രകാശം നല്കപ്പെടുന്നതല്ല. അവർക്കത് മനസിലാകാത്ത കാരണം അവർ അതിനെ കുഫ്റാക്കുന്നു. എന്നാൽ ഇത് നബി (സ) തിരുമേനിയുടെ സവിശേഷതക്കും ജീവിതത്തിനുമുള്ള ഒരു തെളിവാകുന്നു.**

(അൽ ഹകം, 1905 ജൂൺ 10, പേജ്.2)

സാധാരണ മുസ്ലിംകളും അവരുടെ ഉലമാക്കളും അന്ത്യപ്രവാകൻ എന്ന ഇണങ്ങാത്ത പേര് മുഹമ്മദ് നബി (സ) ക്ക് നല്കുന്നതിനായി പൊതുവെ സമർപ്പിക്കാറുള്ള ഖുർആനിലെ 33 -ാം അദ്ധ്യായത്തിലെ 41-ാം വചനമാണ്. എന്നാൽ ഒരു ആയത്ത് ചർച്ച ചെയ്യപ്പെടുമ്പോൾ വിശുദ്ധ ഖുർആൻ അവലംബിക്കുന്ന രീതിയെ സംബന്ധിച്ച് പറയപ്പെടുന്ന നിയമം യുഫസ്സിറു ബഅ്ളഹു ബഅ്ളൻ എന്നാണ്. അഥവാ, വിശുദ്ധ ഖുർആൻ, ഏതെങ്കിലും വിഷയം വിവരിക്കുമ്പോൾ മറ്റ് സ്ഥലങ്ങളിൽ അതിന്റെ വിശദീകരണവും വ്യാഖ്യാനവും നല്കുന്നു. മുസ്ലിംകളുടെ നിർഭാഗ്യമെന്ന് പറയട്ടെ, വിശുദ്ധ ഖുർആൻ ഈ വിഷയത്തിൽ ഖാത്തമുന്നബിയ്യീൻ എന്ന് പറഞ്ഞ് നിശബ്ദത പാലിച്ചിരിക്കുന്നു. അതുമാത്രമല്ല, പൊതുമുസ്ലിംകളും അവരുടെ ഉലമാക്കളും നൽകാൻ ആഗ്രഹിക്കുന്ന അർഥത്തിനും വ്യാഖ്യാനത്തിനും എതിരായി കൊണ്ട് നബി (സ) തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തെ ഉയർത്തുകയും ഈ പ്രവാചക പ്രഭുവിനെ അനുസരിക്കുന്നത് മൂലം നുബൂവത്ത് വരെ മുസ്ലിം സമൂഹത്തിന് ലഭിക്കുമെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപനം നടത്തുന്നു.

ഇനി നിഘണ്ടുപരമായ ചർച്ചയാണ് നാം ചെയ്യുന്നതെങ്കിൽ, അറബി നിഘണ്ടുവിൽ ഖത്തമിന് മൂന്ന് അർഥമാണ് നല്കപ്പെടുന്നത്. ഇമാം റാഗിബ് അസ്ഫിഹാനി (റഹ്) തന്റെ ഗ്രന്ഥമായ മുഫറദാത്തെ റാഗിബിൽ ഖത്തം എന്ന പദം ഉദ്ധരിച്ച് ഇപ്രകാരം പറയുന്നു,

**(1) ഖാത്തമിന്റെ ആദ്യത്തെ അർഥം ഹഖീഖി (കാതലായ) അർഥം .അതായത് മറ്റ് വസ്തുക്കളിൽ തന്റെ പ്രഭാവം ചെലുത്തുക എന്നതാണ്. ഏതുപോലെ മുദ്ര അത് മറ്റ് വസ്തുക്കളിൽ തന്റെ ചിത്രവും, അടയാളവും ഉണ്ടാക്കുന്നു.**

**(2) ഖാത്തമിന്റെ രണ്ടാമത്തെ അർഥം അടക്കുക, തടയുക എന്നാണ്, എന്നാൽ ഇത് ഹഖീഖിയായ അർഥമല്ല. മറി ച്ച് മജാസി (ആലങ്കാരികമാണ്). ഏതുപോലെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ മുദ്ര വെച്ചിരിക്കുന്നു അതായത് സത്യം സ്വീകരിക്കുന്ന കാര്യത്തിൽ അവരുടെ ഹൃദയങ്ങൾ അടക്കപ്പെട്ടിരിക്കുന്നു, എന്നാൽ മറ്റ് കാര്യങ്ങൾക്ക് ഇത് ബാധകമല്ല. മറ്റ് കാര്യങ്ങൾ അവർ കേൾക്കുകയും മനസിലാക്കുകയും ചെയ്യുന്നതാണ്.**

**(3) ഖാത്തമിന്റെ മൂന്നാമത്തെ അർഥം, അവസാനം വരെ എത്തിക്കുക എന്നുമുണ്ട്, എന്നാൽ ഇതും ഹഖീഖിയായുള്ള അർഥമല്ല, മറിച്ച് മജാസി (ആലങ്കാരികമാണ്.) ഞാൻ ഖുർആൻ ഖത്തം ചെയ്തിരിക്കുന്നു, ഇതിനർഥം ഖുർആൻ പാരായണം ഇതോടെ അവസാനിച്ചിരിക്കുന്നുവെന്നോ, ഖുർആൻ പാരായണത്തിന് വിലക്ക് ഏർപ്പെടുത്തി**

**യെന്നോ അല്ല. മറിച്ച് തിലാവത്ത് ചെയ്ത് അതിന്റെ അവസാനം വരെ എത്തിയെന്നാണ്.**

ഇതിൽ നിന്ന് വ്യക്തമാണ്, ഖത്തം എന്നതിന്റെ നിഘണ്ടുപരമായ അർഥം മറ്റുള്ളവയിൽ തന്റെ സ്വാധീനം ഉണ്ടാക്കുകയെന്നതാണ് സാരം. ഇതാണ് യഥാർഥ അർഥം. മറ്റുള്ളവ ആലങ്കാരികമായി പ്രയോഗിക്കുന്ന അർഥങ്ങളാണ്. ഇനി ഭാഷാ പണ്ഡിതന്മാരുടെ പൊതുവിലുള്ള രീതി, മുന്നിലും പിന്നിലുമായി യഥാർഥ അർഥം വിവരിക്കുന്നതിന് യാതൊരു തടസ്സവും വരുന്നില്ലെങ്കിൽ പിന്നെ മജാസി (ആലങ്കാരികമായി)ട്ടുള്ള അർഥം ഉപയോഗിക്കുകയില്ല. ഉദാഹരണമായി സിംഹം എന്നപദം അതിന്റെ യഥാർഥ അർഥത്തിൽ വനത്തിൽ വസിക്കുന്ന മൃഗത്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നത്. നാം ഏതെങ്കിലും മനുഷ്യനെ സംബന്ധിച്ച് പറയുകയാണ്, അയാൾ സിംഹമാണ്. അപ്പോൾ മനുഷ്യൻ തന്റെ ഉദ്ദേശ്യത്താൽ ഇവിടെ സിംഹം എന്നത് കൊണ്ട് കാട്ടിൽ വസിക്കുന്ന ഒരു മൃഗമല്ല, മറിച്ച് ധൈര്യവാനായ ഒരു മനുഷ്യനെ സംബന്ധിച്ചാണ് പറയപ്പെടുന്നതെന്ന് മനസിലാക്കുന്നു. ഇവിടെ യഥാർഥ അർഥം നല്കുന്നതിനായി തടസം നേരിട്ടു. അപ്പോൾ പദം ആലങ്കാരികമായി ഉപയോഗിക്കപ്പെടുകയാണ് ചെയ്യുക. എന്നാൽ ഇവിടെ ഖാത്തമുന്നബിയ്യീനിന്റെ യഥാർഥ വിവക്ഷയായ മറ്റുള്ളവരിൽ തന്റെ അടയാളം ഉണ്ടാക്കുന്ന പ്രവാചകന്മാരുടെ മുദ്രയെന്ന് അർഥം നല്കുന്നതിന് യാതൊരു തടസ്സവുമില്ല. ഈ മുദ്ര മറ്റുള്ളവരിൽ പ്രഭാവം ചെലുത്തുന്നു. അത് നബൂവത്തിന്റെ അനുഗ്രഹത്തെ സാക്ഷ്യപ്പെടുത്തുന്നു, എന്നതല്ലാതെ അനുഗ്രഹത്തെ അവസാനിപ്പിക്കുകയെന്നല്ല അർഥം നല്കേണ്ടത്. അതിനാൽ സ്വീകാര്യപ്രദവും പൊതുവിലുള്ള നിയമവും കണക്കിലെടുത്താൽ മജാസി (ആലങ്കാരികമായി) ഉപയോഗിക്കാൻ ഇവിടെ സാധിക്കുന്നതല്ല. ഇനി ആലങ്കാരികമായി തന്നെ ഉപയോഗിക്കണം എന്നാണെങ്കിൽ അതിന്റെ അർഥപരിധികൾ വിശദീകരിക്കേണ്ടതാണ്. മനുഷ്യൻ സിംഹം പോലെയാണെന്ന് പറയുമ്പോൾ നാം സിംഹത്തിന്റെ ധൈര്യം ആ മനുഷ്യനിലുണ്ട് എന്ന് മനസിലാക്കുന്നത് പോലെതന്നെ ഇവിടെ ഖാത്തമുന്നബിയ്യീൻ എന്നതിന് അന്ത്യപ്രവാചകൻ എന്ന അർഥം നല്കുമ്പോൾ നബി (സ) ശരീഅത്തിന്റെ അടിസ്ഥാനത്തിൽ അന്ത്യപ്രവാചകനാണ്. അല്ലെങ്കിൽ ശ്രേഷ്ഠതയുടെ അടിസ്ഥാനത്തിൽ അന്ത്യപ്രവാചകനാണ് എന്നീ കാര്യങ്ങൾ വ്യക്തമാകുകയും ചെയ്യണം. ഇവിടെ അന്ത്യപ്രവാചകൻ എന്നതിന്റെ പരിധി ശരീഅത്തിന്റെയും ശ്രേഷ്ഠതയുടെയും അടിസ്ഥാനത്തിലാണ് എന്നകാര്യം നാം മനസിലാക്കേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖാത്തമിനെ വിശദീകരിച്ച് കൊണ്ട് പറയുന്നു:

**മഹത്വമുടയവനായ അല്ലാഹു നബി കരീം (സ) തിരുമേനിയെ ഖാത്തമിന് അവകാശിയാക്കിയിരിക്കുന്നു. അതായത് അങ്ങേക്ക് നല്കിയ ശ്രേഷ്ഠത മറ്റൊരു പ്രവാചകനും നല്കിയിട്ടില്ല. അതുമൂലമാണ് അവിടുന്ന് ഖാത്തമുൽ അമ്പിയ്യാഅ് ആയി നിലനിൽക്കുന്നത്. അതായത് തിരുമേനിയെ അനുധാവനം ചെയ്യുന്നത് മൂലം നുബൂവത്ത് ലഭിക്കുന്നതാണ്. അവിടുത്തെ ആത്മീയപരിവേഷം പ്രവാചക രചനയാണ്. ഈ പരിശുദ്ധ പ്രഭാവം മറ്റ് ഒരു പ്രവാചകനും ലഭിച്ചിട്ടില്ല.**

(അനുബന്ധം, ഹഖീഖത്തുൽ വഹിഅ്, പേജ്. 97)

ഇനി ഈ വിശ്വാസത്തിനുള്ള വിശദീകരണം ആദ്യം വിശുദ്ധ ഖുർആനോടാണ് ആരായുന്നതെങ്കിൽ, വിശുദ്ധ ഖുർആനിലെ ആദ്യത്തെ സൂറത്തിൽ തന്നെ അല്ലാഹു മുസ്ലീംകളെ ഒരു ദുആ പഠിപ്പിക്കുന്നു;

**അല്ലാഹുവേ! നീ ഞങ്ങൾക്ക് നേരായ മാർഗം കാണിക്കേണമേ, നീ അനുഗ്രഹം ചൊരിഞ്ഞവരുടെ മാർഗം നീ കോപം പ്രകടിപ്പിച്ചവരുടെയും വഴിപിഴച്ചവരുടെയും മാർഗമല്ല.** (1:6,7)

ഈ ദുആ എല്ലാ കർമനിരതരായ മുസ്ലിംകളും ഒരു ദിവസത്തിൽ 33 പ്രാവശ്യം അഞ്ചുനേര നമസ്കാരങ്ങളിലായി ചൊല്ലുന്നു. ഇതിൽ നബി (സ) തിരുമേനിയുടെ അനുയായികൾക്ക് വേണ്ടി അതി മഹത്തായ സന്തോഷവാർത്തയാണ് അറിയിച്ചിരിക്കുന്നത്. ഈ ദുആയുടെ പ്രാബല്യത്താൽ മുൻകഴിഞ്ഞ സമുദായത്തിന് ലഭിച്ച എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ് (സ) തിരുമേനിയുടെ ഉമ്മത്തിനും ലഭിക്കുമെന്ന് വിശുദ്ധ ഖുർആൻ വാഗ്ദാനം ചെയ്യുന്നു. നബി (സ) ഖാത്തമുൽ അമ്പിയാഅ് ആയിരിക്കുന്ന കാരണത്താൽ ഈ അനുഗ്രഹങ്ങളെല്ലാം അവസാനിച്ചിരിക്കുന്നുവെന്നുള്ള ചിന്തയിൽ ഒരിക്കലും നിങ്ങളുടെ ഹൃദയം വീണ് പോകരുതെന്ന മുന്നറിയിപ്പും അത് നല്കുന്നു. ഇവിടെ ഈ കാര്യം ഓർമവെക്കുക, ഈ ദുആയിൽ വെറും ഹിദായത്ത് ആവശ്യപ്പെടുകയല്ല ഉദ്ദേശ്യം, അതായിരുന്നുവെങ്കിൽ **അല്ലാഹുവേ! നീ ഞങ്ങൾക്ക് നേരായ മാർഗം കാണിക്കേണമേ,** (1:6) എന്ന് മാത്രം മതിയായിരുന്നു. അതോടൊപ്പം **നീ അനുഗ്രഹം ചൊരിഞ്ഞവരുടെ മാർഗം നീ കോപം പ്രകടിപ്പിച്ചവരുടെയും വഴിപിഴച്ചവരുടെയും മാർഗമല്ല** (1:7) എന്ന വാചകം കൂട്ടി ചേർക്കേണ്ടതിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. ഈ വാക്കുകൾ, ഖത്തമെ നുബൂവത്തിന്റെ തെറ്റായ വീക്ഷണം നിരാകരിക്കുകയും അതോടൊപ്പം കഴിഞ്ഞ് കടന്നവർക്ക് നല്കിയ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ദുആയും ഇവിടെ പഠിപ്പിക്കുന്നു. എത്ര മഹത്വമുടയവനാണ് അല്ലാഹു, അവൻ ആദ്യ സൂറത്തിൽ തന്നെ ഖാത്തമുന്നബിയ്യീനിലൂടെ ഇന്നത്തെ മുസ്ലിം ഉലമാക്കൾ ഉണ്ടാക്കിയ തെറ്റിധാരണയ്ക്ക് പരിഹാരം തന്നനുഗ്രഹിച്ചിരിക്കുന്നു. സർവസ്തുതിയും അല്ലാഹുവിനാകുന്നു.

ഇനി ആദ്യകാല സമൂഹങ്ങൾക്ക് എന്തെല്ലാം അനുഗ്രഹങ്ങളാണ് ലഭിച്ചത് എന്നതിനെ വിശദീകരിച്ച് കൊണ്ട് അല്ലാഹു സൂറാ അൽമായിദാ,

ആയത്ത്: 21 ൽ പറയുന്നു:

**മൂസാ (അ) തന്റെ സമൂഹത്തോട് പറഞ്ഞു, അല്ലാഹു നിങ്ങളിൽ പ്രവാചകന്മാരെ സൃഷ്ടിച്ച അവന്റെ അനുഗ്രഹത്തെ സ്മരിക്കുക. നിങ്ങൾക്ക് അവൻ ഭരണാധികാരവും നല്കി.**

ഇപ്പോൾ സൂറ ഫാത്തിഹയിലെ ദുആയും ഈ ആയത്തും ഒരുപോലെ പരിശോധിക്കുന്നതായാൽ മുസ്ലിംകൾക്ക് രണ്ട് വിധത്തിലുള്ള അനുഗ്രഹങ്ങൾ, നുബൂവത്തും രാജാധികാരവും ഒരുപോലെ തന്നെ ലഭിക്കുന്നതാണെന്ന് മനസിലാകുന്നതാണ്. കാരണം ഈ ഉത്തമ സമുദായം പരിപൂർണ പ്രവാചകനിൽ വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് പരിപൂർണ അനുഗ്രഹങ്ങളും ഈ സമൂഹത്തിന് തീർച്ചയായും ലഭിക്കേണ്ടതാണ്.

ഇതിനെ അല്ലാഹുവിന്റെ ഈ ആയത്ത് സാക്ഷ്യപ്പെടുത്തുന്നു. അതായത്, **വല്ലവനും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല സുഹൃത്തുകളാണ് അവർ. (4:70)**

ഈ ആയത്തിൽ സൂറ ഫാത്തിഹായിൽ വിവരിച്ച അനുഗ്രഹങ്ങളെ തുറന്ന നിലയിൽ വിവരിച്ചിരിക്കുന്നു. ഒരു വിശ്വാസി നബി (സ) തിരുമേനിയെ സത്യസന്ധമായി അനുധാവനം ചെയ്യുന്നത് മൂലം അവൻ സ്വാലിഹത്തിന്റെ സ്ഥാനത്ത് നിന്ന് പുരോഗതി നേടി നുബൂവത്തിന്റെ സ്ഥാനം വരെ എത്തിച്ചേരുന്നതാണ്. ഇതിന് മറ്റ് പണ്ഡിതന്മാർ ചെയ്യുന്ന വ്യാഖ്യാനം നാം എടുക്കുകയാണെങ്കിൽ അതായത് അല്ലാഹുവിനെയും റസൂൽ തിരുമേനി(സ)യെയും അനുസരിക്കുന്നവർ പ്രത്യക്ഷത്തിൽ മാത്രം നബിമാരോടൊപ്പം ഉണ്ടായിരിക്കുന്നതാണ്, എന്നാൽ നബി ആകുകയില്ല. അപ്പോൾ ബാക്കിയുള്ള ആത്മീയ അനുഗ്രഹങ്ങൾക്കും ഇതേ വ്യാഖ്യാനം നല്കേണ്ടതായി വരുന്നതാണ്. അതായത്, അവർ സത്യസന്ധരോടൊപ്പം ഉണ്ടായിരിക്കും എന്നാൽ സത്യസന്ധരാകുകയില്ല. രക്തസാക്ഷികളോടൊപ്പം ഉണ്ടായിരിക്കും എന്നാൽ രക്തസാക്ഷിയുടെ പദവി നേടുകയില്ല. അവർ സദ്വൃത്തന്മാരോടൊപ്പം ഉണ്ടാകും എന്നാൽ സദ്വൃത്തന്മാരുടെ സ്ഥാനം നേടിയെടുക്കുകയില്ല. ഈ വ്യാഖ്യാനം വ്യക്തമായ നിലയിൽ ആശയവിരുദ്ധമാണെന്ന് മാത്രമല്ല, മറിച്ച് പരിഹാസ്യപരവുമാണ്. കാരണം നബി (സ) തിരുമേനിയുടെ ഉന്നത സ്ഥാനത്തെ ഈ വിശ്വാസത്തിലൂടെ അവഗണിക്കപ്പെടുന്നു. നഊദ്ബില്ലാഹ് അവിടുന്നിനെ അനുസരിക്കുന്നത് മൂലം ആരും തന്നെ സത്യസന്ധനോ, സദ്വൃത്തനോ ആയിത്തിരുന്നതല്ല. എന്നാൽ ഈ ആയത്ത് നബി (സ) തിരുമേനിയെ അനുധാവനം ചെയ്യുന്ന കാരണത്താൽ മുസ്ലിം സമുദായത്തിന് വേണ്ടി നുബൂവത്തിന്റെ വാതിൽ തുറക്കുന്നതാണെന്ന് പറയുന്നു. നമ്മുടെ മറ്റ് മുസ്ലിം സഹോദരങ്ങൾ സമർപ്പിക്കുന്ന ഖത്തമെ നുബൂവത്തിന്റെ വ്യാഖ്യാനം ഇതിലൂടെ അസ്വീകാര്യമാകുന്നു.

പ്രവാചക പ്രഭു മുഹമ്മദ് (സ) യെക്കാൾ ഖത്തമെ നുബൂവത്തിന്റെ അർഥവും വ്യാപ്തിയും വ്യാഖ്യാനവും സവിശേഷതയും മനസിലാക്കിയ മറ്റൊരു വ്യക്തിയും ലോകത്തില്ല എന്ന കാര്യം വിതർക്കമായ വസ്തുതയാണ്. അതുകൊണ്ട് തന്നെ വിശുദ്ധ ഖുർആനിന് ശേഷം ഈ അഭിപ്രായ വ്യത്യാസത്തിന്റെ പരിഹാരത്തിനായി പ്രവാചക തിരുസന്നിധിയിൽ അന്വേഷിക്കുമ്പോൾ എന്നാൽ അവിടെയും സാധാരണ മുസ്ലിംകൾക്കും അവരുടെ ഉലമാക്കൾക്കും നിരാശയല്ലാതെ മറ്റൊന്നും ലഭിക്കുകയില്ല. ചരിത്രം പറയുന്നത് ഈ ഖാത്തമുന്നബിയ്യീൻ എന്ന വചനം ഹിജ്റ 5 നാണ് അവതരിക്കുന്നത്. നബി (സ) തിരുമേനിയുടെ പ്രിയ പുത്രൻ ഇബ്രാഹീം വഫാത്താകുന്നത് ഹിജ്റ 9 ലാണ്. മകന്റെ വഫാത്തിൽ തിരുമേനി (സ) പറയുന്നു;

**ഒരുപക്ഷേ, ഇബ്രാഹീം ജിവിച്ചിരുന്നെങ്കിൽ തീർച്ചയായും സിദ്ധീഖായ (സത്യസന്ധനായ) നബിയാകുമായിരുന്നു. (ഇബ്നുമാജ)**

ഇവിടെ നാല് വർഷം മുമ്പ് ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് അവതരിച്ചതിന് ശേഷവും നബി (സ) തിരുമേനി ഇപ്രകാരം അഭിപ്രായം പ്രകടിപ്പിച്ചത് ചിന്തിക്കേണ്ട ഒരു വിഷയമാണ്. കാരണം തിരുമേനിക്ക് ഖാത്തമുന്നബിയ്യീൻ എന്ന ദൈവീക കല്പന അവതരിച്ചിട്ടുള്ള കാര്യം നല്ലത് പോലെ വ്യക്തമായിരുന്നു. അതിറിഞ്ഞിരുന്നിട്ട്കൂടി തിരുമേനി (സ) പറഞ്ഞത് ഇബ്രാഹീം ജീവിച്ചിരുന്നാൽ തീർച്ചയായും നബിയാകുമെന്നായിരുന്നു. നമ്മുടെ എതിരാളികളായ പണ്ഡിതന്മാർ പറയുന്ന വിവക്ഷയാണ്, ഖാത്തമുന്നബിയ്യീൻ എന്നതിനെങ്കിൽ തിരുമേനി (സ) ഇവിടെ പറയേണ്ടിയിരുന്നത്, ഇബ്രാഹീം ജീവിച്ചിരുന്നാലും നബിയാകുമായിരുന്നില്ല എന്നാണ്. കാരണം നബി ആകുകയെന്നത് ഖാത്തമുന്നബിയ്യീൻ എന്നതിന് തടസ്സമാണ്. എന്നാൽ തിരുമേനി അപ്രകാരം പറഞ്ഞില്ല. മറിച്ച്, ഇബ്രാഹീം ജീവിച്ചിരുന്നാൽ തീർച്ചയായും നബിയാകും എന്നാണ് പറഞ്ഞത്. അതുകൊണ്ട് തന്നെ ഇനി നബി (സ) തിരുമേനി ഖാത്തമുന്നബിയ്യീൻ ആയിരുന്നാൽ കൂടി, ഉമ്മത്തെ മുഹമ്മദിയ്യായിൽ നുബൂവത്തിന്റെ ഒരു വാതിൽ തുറന്നിരിക്കുന്നുവെന്നാണ് നബി വചനത്തിൽ നിന്ന് വ്യക്തമാകുന്നത്. അതിനെയാണ് അഹ്മദികൾ **ഉമ്മത്തീ നബി** എന്ന് പറയുന്നത്.

ഹനഫികളുടെ പ്രശസ്ത ഇമാം മുല്ലാ അലി ഖാരി (റഹ്) (1514–1606 ഹജ്റി) ഈ ഹദീസിന്റെ വിശദീകരണത്തിൽ ഇപ്രകാരം എഴുതുന്നു:

**ഇബ്രാഹീം ജീവിച്ചിരുന്നെങ്കിൽ നബി ആകുമായിരുന്നു. അതുപോലെ ഉമർ (റ) നബിയാകുമായിരുന്നു. ഈ രണ്ട് പേരും തിരുമേനിയുടെ അനുയായികളായിരുന്നു. അതുകൊണ്ട് ഈ വാക്കുകൾ (ഇബ്രാഹീം ജീവിച്ചിരുന്നെങ്കിൽ സിദ്ധീഖായ നബി ആകുമായിരുന്നു) എന്നത് ഖത്തമെ നുബൂവത്തിന് എതിരാകുകയില്ല. കാരണം ഇനി തിരു**

**മേനിയുടെ സമൂഹത്തിനെ അസാധുവാക്കാൻ വേണ്ടി ആരും വരുന്നതല്ല. അതുപോലെ തിരുമേനിയുടെ ഉമ്മത്തിൽപ്പെടാത്ത ആർക്കും നബിയായി വരാനും സാധിക്കുന്നതല്ല എന്നതാണ് ഈ ആയത്തിനർഥം.** (മൗസൂഅത്തെ കബീർ, പേജ്. 58-59)

ജമാഅത്ത് അഹ്മദിയ്യായുടെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെതും ഇതേ വിശ്വാസമാണ്. അദ്ദേഹം പറയുന്നു: **ഓർക്കുക, നബി (സ) തിരുമേനിയെ അനുധാവനം ചെയ്യുന്നത് മൂലം വഹ്യ്, ഇൽഹാം, നുബൂവത്ത് എന്നിവ ഒരു ഉമ്മത്തിന് ലഭിക്കുന്ന കാരണത്താലോ, നബി എന്ന സ്ഥാനപേര് നല്കപ്പെടുന്ന കാരണത്താലോ നുബൂവത്തിന്റെ മുദ്ര തകർക്കപ്പെടുകയില്ല. കാരണം അയാൾ ഉമ്മത്തിയാണ്. അയാൾക്ക് സ്വന്തമായി യാതൊരു വ്യക്തിത്വവുമില്ല. അയാളുടെ പ്രത്യേകതകളെല്ലാം തിരുമേനിയുടെ പ്രത്യേകതകളാണ്. അയാളെ നബിയെന്ന് മാത്രം പറയപ്പെടുകയില്ല. മറിച്ച് നബിയുമാണ്, ഉമ്മത്തിയുമാണ്. എന്നാൽ ഉമ്മത്തീയല്ലാത്ത ഒരാളുടെ രണ്ടാംവരവ് ഖത്തമെ നുബൂവത്തിന് എതിരാണ്.** (ചശ്മെ മസീഹി, പേജ്.6)

എല്ലാ മുസ്‌ലിംകളും ഹദ്റത്ത് ആയിശ (റ) യുടെ ഉയർന്ന സ്ഥാന മാഹാത്മ്യത്തെ അംഗീകരിക്കുന്നവരാണ്. അവർ നബി (സ) തിരുമേനിയുടെ പ്രിയ പത്നിയായിരുന്നു. വിശുദ്ധ ഖുർആന്റെ വ്യാഖ്യാനം മനസിലാക്കുന്നതിൽ പ്രത്യേക കഴിവുണ്ടായിരുന്നു. വലിയ വലിയ സഹാബത്ത് അവരോട് ഫത്‌വകൾ ചോദിച്ചിരുന്നു. അവിടുന്നു പറയുന്നു:

അതായത്, **നിങ്ങൾ നബി (സ)യെ ഖാത്തമുൽ അമ്പിയ്യാഅ് എന്ന് പറയുക, എന്നാൽ തിരുമേനിക്ക് ശേഷം യാതൊരു നബിയുമില്ലയെന്ന് പറയരുത്. (ദറെ മൻസൂർ വാള്യം 5, പേജ് 204)**

ഇനിപറ! ശരിയായ ഖുർആനീക പരിജ്ഞാനവും വിവക്ഷയും നബി (സ) തിരുമേനിയും ഹദ്റത്ത് ആയിശ (റ) യുമാണോ മനസിലാക്കിയിരുന്നത്. അതോ വെറും ദുർവാശികാണിക്കുന്ന ഇന്നുള്ള മുസ്‌ലിം ഉലമാക്കളാണോ?

ആദ്യകാല മുസ്‌ലിം ഉലമാക്കളും ആയിശ (റ) ന്റെ വാക്കുകൾ അംഗീകരിച്ചവരാണ്. അതിൽ പ്രശസ്ത മുജദ്ദിദും ആലിമുമായ ഹദ്റത്ത് ഇമാം മുഹമ്മദ് താഹിർ (റഹ്) (മുതവഫാ 986 ഹി. 1578 ക്രി.), ഖുതുബുൽ ഖിതാബ് ഇമാം റബ്ബാനി മുജദിദ് അലിഫി സാനി ഹദ്റത്ത ശൈഖ് അഹ്മദ് ഖാറൂതീ സർഹിന്ദി (റഹ്), (മുതവഫാ 1034 ഹി. 1624 ക്രി.) ഇസ്‌ലാമിക ലോകത്തെ പ്രശസ്ത സൂഫിവര്യനും എഴുത്തുകാരനും പ്രഭാഷകനുമായ ഹദ്റത്ത് ഇമാം അബ്ദുൽ വഹാബ് ശഅറാണീ. (റഹ്) (മുതവഫാ 976 ഹി. 1568 ക്രി), ആറാം നൂറ്റാണ്ടിലെ പ്രശസ്ത മുഫസിർ ശൈഖ് അക്ബർ ഹദ്റത്ത് മുഹിയുദ്ധീൻ ഇബ്നു അറബി (റഹ്) (മുതവഫാ 638 ഹി. 1240 ക്രി) പന്ത്രണ്ടാം നൂറ്റാണ്ടിലെ മുജദ്ദിദ് ഭാരതത്തിൽ ആദ്യമായി വിശുദ്ധ ഖുർആനെ ഫാർസിയിൽ തർജുമ ചെയ്ത ഹദ്റത്ത് സയ്യിദ് വലിയുല്ലാഹ് ശാഹ് ദഹ്‌ലവി (റഹ്)(മുതവഫാ 1171 ഹി. 1762 ക്രി) അഹ്‌ലെ സുന്നത്തിലെ പ്രശസ്തനും വ്യത്യസ്തനുമായ പണ്ഡിതൻ ഹദ്റത്ത് മൗലാനാ അബുൽ ഹസനാത്ത് അബ്ദുൽ ഹയ്യ് ലക്നവി ഫറങ്കി മഹല്ല (മുതവഫാ 1304 ഹി. 1886 ക്രി) മൗലാനാ മുഹമ്മദ് ഖാസിം നാനൂത്തവി (മുതവഫാ 1880 ക്രി.) ഖാരി മുഹമ്മദ് ത്വയ്യബ് സാഹിബ് സാബിക് മുഅ്തമിദ് ദാറുൽ ഉലൂം ദേവ്ബന്ദ് ഈ പറഞ്ഞ ഉലമാക്കൾ അഹ്മദിയ്യാ ജമാഅത്ത് ഖത്തമെ നുബൂവത്തിന് നല്കിയ വിവക്ഷ തന്നെയാണ് നല്കിയിട്ടുള്ളത്. ഈ ഖത്തമെ നുബൂവത്തിൽ ഉമ്മത്തിന്റെ ഇജ്മാഅ് (അഭിപ്രായഐക്യം) ഉണ്ടെന്ന് വാദിക്കുന്നവർ എത്ര മാത്രം അബദ്ധ വിചാരത്തിലാണ് ആപതിച്ചിരിക്കുന്നതെന്ന് ഒരുപക്ഷേ സ്വയം അവർ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

ആദ്യം വിവരിക്കപ്പെട്ട രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം വിവേകികൾക്കും നീതിബോധമുള്ളവർക്കും ഇപ്പോൾ ലഭിച്ചിട്ടുണ്ടാവും. എന്നിരുന്നാലും ഇതിനുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉത്തരം നമുക്ക് നോക്കാം, അദ്ദേഹം പറയുന്നു,

**പുതിയ ശരീഅത്ത് കല്പനകളോടുകൂടിയ നുബൂവത്തിന്റെ വാതിലാണ് അടക്കപ്പെട്ടിട്ടുള്ളത്. നബി (സ) തിരുമേനിയിൽ നിന്ന് വിട്ട്മാറി കൊണ്ട് പുതിയ വാദം ഉന്നയിക്കപ്പെടുക എന്നതും സാധ്യമല്ല. എന്നാൽ അല്ലാഹു ഒരാളെ വഹ്‌യിലൂടെ ഉമ്മത്തീ എന്ന് പറയുകയും മറുവശത്ത് അദ്ദേഹത്തിന്റെ പേര് നബി എന്ന് വെക്കുകയും ചെയ്യുന്നു, ഈ വാദം ഖുർആനീക അധ്യാപനങ്ങൾക്ക് വിപരീതമല്ല. കാരണം ഈ നുബൂവത്ത് ഉമ്മത്തീയായതിനാൽ യഥാർഥത്തിൽ നബി (സ) തിരുമേനിയുടെ തന്നെ നുബൂവത്തിന്റെ ഒരു പ്രതിരൂപമാണ്. അത് പുതിയ നുബൂവത്തല്ല.** (ബറാഹീനെ അഹ്മദിയ്യാ ഭാഗം.5, പേജ്.177-178)

അതായത് ഖാത്തമുന്നബിയ്യീൻ എന്ന നബി (സ) ന്റെ സവിശേഷ പദവി പുതിയ ശരിഅത്തോ, ദൈവീക ഗ്രന്ഥമോ അവതരിക്കുന്നതിനാണ് തടസ്സം സൃഷ്ടിക്കുന്നത്. അതല്ലാതെ തന്റെ ഉമ്മത്തിന് ആത്മീയ അനുഗ്രഹങ്ങൾ നല്കുന്നതിന് ഒരിക്കലും തടസ്സമല്ല. ഈ ഉമ്മത്തിന് ഇനി പുറത്ത് നിന്നുള്ള പുതിയ പ്രവാചകന്റെയോ പഴയ പ്രവാചകന്റെയോ ആവശ്യമില്ല. മറിച്ച് ഇനി പ്രവാചകന്റെ ആവശ്യം നേരിടുമ്പോൾ അല്ലാഹു ഈ ഉമ്മത്തിൽ നിന്ന് തന്നെ ഒരാളെ പ്രവാചകനായി തെരഞ്ഞെടുക്കുന്നതാണ്. എന്നാൽ അതിനുള്ള നിബന്ധന അയാൾ പരിപൂർണമായി നബി (സ) തിരുമേനിയെ പിൻപറ്റണം. പ്രവാചകചര്യയ്ക്ക് പുതുജീവൻ നല്കി ലോകരുടെ കണ്ണുകളിൽ അത്ഭുതം സൃഷ്ടിക്കണം.

തനിക്ക് ലഭിച്ച നുബൂവത്തിനെ കുറിച്ച് അഹ്മദിയ്യത്തിന്റെ സ്ഥാപകർ ഇപ്രകാരം പറയുന്നു:

**ഈ അനുഗ്രഹം എനിക്ക് തിരുമേനി (സ) യെ പിൻപറ്റിയത് കൊണ്ട് മാത്രമാണ് ലഭിച്ചത്. ഞാൻ നബി (സ) ന്റെ ഉമ്മത്തിൽപ്പെട്ടവനായിരുന്നില്ലായെങ്കിൽ (അത്പോലെ) തിരു**

**മേനിയെ പിൻപറ്റിയില്ലായിരുന്നുവെങ്കിൽ ഭൂമിയിലുള്ള അത്ര പർവതങ്ങൾക്ക് സമാനമായ നന്മ ഉണ്ടായിരുന്നാലും ശരി ഈ ആത്മീയ ഭാഷണത്തിനും ദിവ്യവെളിപാടിനും ഒരിക്കലും ഞാൻ അർഹനാകുമായിരുന്നില്ല. കാരണം ഇനി മുഹമ്മദ് (സ) ന്റെ നുബൂവത്തല്ലാതെ മറ്റെല്ലാ നുബൂവത്തും അവസാനിച്ചിരിക്കുന്നു. ശരീഅത്തോടുകൂടി ആരുംതന്നെ വരുന്നതല്ല. ശരീഅത്തില്ലാത്ത നബി വരാം എന്നാൽ മുമ്പ് അദ്ദേഹം ഉമ്മത്തിൽപ്പെട്ട ആളായിരിക്കണം. ഈ കാരണത്താൽ ഞാൻ ഉമ്മത്തുമാണ്. നബിയുമാണ്.**

(തജല്ലിയ്യത്തെ ഇലാഹിയാ പേജ്, 24)

125 വർഷമായി മുസ്‌ലിം സമൂഹം ഈ കാര്യത്തിനായി സംവാദത്തിലും സംഭാഷണത്തിലും ഏർപ്പെട്ടിരിക്കുന്നു. അങ്ങനെ ഒരു നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ശത്രുതയുടെയും പകയുടെയും അഗ്നിയിൽ മുസ്‌ലിം സമൂഹവും അവരുടെ ഉലമാക്കളും അനുദിനം എരിഞ്ഞ് കൊണ്ടിരിക്കുന്നു. മറുവശത്ത് നശിപ്പിക്കാനായി എത്രതന്നെ ഗൂഢതന്ത്രങ്ങൾ മെനഞ്ഞിട്ടും ആളുകളിൽ ആശയകുഴപ്പം സൃഷ്ടിച്ചിട്ടും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദൈവീക തണലിൽ 200 ൽ അധികം രാജ്യങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു. ഇന്നത്തെ മുസ്‌ലിംകൾ പ്രചരിപ്പിക്കുന്ന ഇസ്‌ലാം ഭീതിയോടെ ലോകം നോക്കി കാണുമ്പോഴും അബിസീനിയായിലെ രാജാവ് നജാശി, സഹാബത്തിന്റെ വാക്കുകൾക്ക് ചെവി നല്കിയത് പോലെ ഇന്ന് ലോകം അഹ്മദിയ്യത്തിന്റെ വാക്കുകൾക്ക് ചെവിയോർക്കുന്നു. ഇസ്‌ലാമിലേക്ക് അവർ ആകർഷിക്കപ്പെടുന്നു. ഇന്ന് നബി (സ) തിരുമേനിയെ വിശ്വസിക്കുന്നുവെന്ന് വാദം മുഴക്കുന്ന മുസ്‌ലിംകൾക്ക് അപമാനവും അപജയവും ഉണ്ടാകുന്നത് എന്ത് കൊണ്ടാണ്? കാരണം അവർ നബി (സ) തിരുമേനിയെ അന്ത്യപ്രവാചകനാക്കി കൊണ്ട് അവർക്ക് ലഭിക്കേണ്ടിയിരുന്ന അനുഗ്രഹങ്ങളുടെ കടക്കൽ കത്തി വെച്ചിരിക്കുന്നു. ഇസ്‌ലാം അല്ലാഹു തൃപ്തിപ്പെട്ട മതമായതിനാൽ അതിനെ നശിപ്പിക്കാൻ ആർക്കും സാധിക്കുന്നതല്ല. അതിനെ അല്ലാഹു സംരക്ഷിക്കുക തന്നെ ചെയ്യുന്നതാണ്. അവൻ ഇസ്‌ലാമിന്റെ നിലനിൽപ്പിനായി അവതരിക്കുമെന്ന് പ്രവചനം ചെയ്ത ഇബ്നു മറിയം മറ്റൊരു വ്യക്തിയിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) മസീഹിന്റെയും മഹ്ദിയുടെയും ദൗത്യം ഏറ്റെടുത്തു കൊണ്ടാണ് താൻ അവതരിച്ചിരിക്കുന്നതെന്ന് പ്രഖ്യാപിച്ച് കൊണ്ട് ഒരു ജമാഅത്ത് സ്ഥാപിച്ചു. ഇന്ന് ലോകത്ത് ഖത്തമെ നുബൂവത്താകുന്ന മഹത്വപൂർണമായ അനുഗ്രഹത്തെ ഉന്നതനിലയിൽ സേവിക്കുന്ന ഏതെങ്കിലും ഒരു ജമാഅത്ത് ഉണ്ടെങ്കിൽ അത് ആ മഹാത്മാവ് സ്ഥാപിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ്. അത് കുഫ്റിന്റെയും ശിർക്കിന്റെയും മുകളിൽ ഒന്നാകുന്ന തൗഹീദിന്റെ പതാക ഉയർത്തിപ്പിടിച്ച് കൊണ്ട് ഇസ്‌ലാമിന്റെ യഥാർഥ മുഖം ലോകത്തിന് മുന്നിൽ പരിപൂർണ സൗന്ദര്യത്തോടെ തുറന്ന് കാട്ടുന്നു. ഇതിന്റെ ഫലമായി മുമ്പ് ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ സ്ഥാപകരെയും ചീത്തപറഞ്ഞിരുന്നവർ ഇന്ന് ഖാത്തമുൽ അമ്പിയാഅ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ദാസത്വത്തിൽ അഭിമാനം കൊള്ളുകയും രാവും പകലും തിരുമേനിക്കായി സ്വലാത്ത് ചൊല്ലുകയും ചെയ്യുന്നു.

ഇന്ന് മുസ്‌ലിം ലോകം അനുഭവിക്കുന്ന യാതനകളും പീഢനങ്ങളും അന്യർ മുഖേനയല്ല ഉണ്ടാക്കുന്നത്, മറിച്ച് മുസ്‌ലിംകൾ തന്നെ മുസ്‌ലിംകളോട് ഇത് ചെയ്ത്കൊണ്ടിരിക്കുന്നു. അവർ പരസ്പരം കഴുത്ത് അറക്കുന്നതിൽ വ്യാപൃതരാണ്. രാഷ്ട്രീയ സാമൂഹിക മേഖലകളിൽ മുസ്‌ലിംകൾ അനുഭവിക്കുന്ന നരകവേദന കണ്ട് അന്യർ പോലും സഹതപിക്കുന്നു. മറുവശത്ത് ഞങ്ങൾ മുസ്‌ലിംകളാണെന്ന് പറയുന്ന കാര്യത്തിൽ വിദ്യാസമ്പന്നരായ ചില മുസ്‌ലിംകൾ അപകർഷത കാണിക്കുന്നു. അങ്ങനെ അവരുടെ വിശ്വാസം നിരീശ്വരത്വത്തിലേക്ക് കുത്തിയൊലിക്കുകയാണ്. നാലുഭാഗത്ത് നിന്നും ദുരിതം അനുഭവിക്കുകയും ഇസ്‌ലാമിന്റെ ഈ ശോചനീയ അവസ്ഥയിൽ വേദനിക്കുകയും ചെയ്യുന്ന മുസ്‌ലിം സഹോദരനോട് ഒരഹ്മദിക്ക് പറയാൻ ഇത്രമാത്രം,

**നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന മസീഹും മഹ്ദിയും അവതരിച്ച് കഴിഞ്ഞിരിക്കുന്നു. ആ പരിഷ്കർത്താവിന്റെ വിളിക്ക് ഒന്ന് ഉത്തരം നല്കുന്നതായാൽ നിമിഷനേരം കൊണ്ട് നിങ്ങൾ ദൈവദാസന്മാരായി മാറുന്നതാണ്. ഇസ്‌ലാമിനുണ്ടായ എല്ലാ കുഴപ്പങ്ങൾക്കുള്ള കാരണവും പരിഹാരവും നിങ്ങൾക്ക് മനസിലാകുന്നതാണ്. അങ്ങനെ നിങ്ങളുടെ വേദനയ്ക്ക് ശമനവും ലഭിക്കുന്നതാണ്. ഇസ്‌ലാമിന്റെ സൗന്ദര്യം പുതിയ രൂപത്തിൽ നിങ്ങൾക്ക് മുന്നിൽ തുറക്കുന്നതാണ്. നബി (സ) തിരുമേനിയുടെ ധാർമിക ഗുണങ്ങളുടെ പൊരുൾ നിങ്ങൾക്കും വ്യക്തമാകുന്നതാണ്. മുമ്പ് അന്യരോട് ശങ്കയോട് കൂടി പറഞ്ഞ ഈമാനിക വശങ്ങളിൽ നിങ്ങൾക്ക് സ്വയം ദൃഢവിശ്വാസമുണ്ടാകുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ ഗുണങ്ങളും നിങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നതാണ്. അതിനുശേഷം ഇബാദത്തുകളിൽ ആത്മീയ അനുഭൂതി കരസ്ഥമാകുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നതിൽ നിങ്ങൾ ഉന്മത്തരാകുകയും ചെയ്യും. അതോടൊപ്പം അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്തിന്റെ അനുഗ്രഹത്തിന് നിങ്ങളും അവകാശികളായിത്തീരുന്നതാണ്. നബി (സ) തിരുമേനി തന്റെ സഹാബത്തിനോട് കൂടി ച്ചേർക്കാൻ ആഗ്രഹിച്ച അവസാന സംഘത്തിൽ നിങ്ങളും നിങ്ങളുടെ സന്താനങ്ങളും ഉൾപെടുന്നതാണ്. എന്നാൽ നിബന്ധന, നിങ്ങൾ നല്കുന്ന ആ ഉത്തരത്തിൽ അല്ലാഹുവിനോടും അവന്റെ പ്രവാചകനോടുമുള്ള സ്നേഹവും ആത്മാർഥതയും ഉണ്ടായിരിക്കണം. അല്ലെങ്കിൽ അതിന് ഈ പറഞ്ഞ പ്രത്യേകതകൾ ഉണ്ടാകുന്നതല്ല.**

# ചരിത്രത്തിന്റെ പുനരാവർത്തനവും വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യവും

ദൈവം അയക്കുന്ന പ്രവാചകന്മാർ തത്ത്വദീക്ഷയില്ലാതെ ക്രൂരമായി നിഷേധിക്കപ്പെടുന്നത് ചരിത്രത്തിൽ ആവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രതിഭാസമാണെന്നും അവസാനം പ്രവാചകനും അവരുടെ പ്രസ്ഥാനവുമാണ് വിജയിക്കുക എന്നും വിശുദ്ധ ഖുർആൻ ഖണ്ഡിതമായും പറയുന്നു. വാഗ്ദത്ത മസീഹും അഹ്മദിയ്യാ പ്രസ്ഥാനവും നേരിടുന്ന എതിർപ്പുകളെല്ലാം അതിന്റെ വളർച്ചക്കുള്ള പോഷണമായി മാറുമെന്ന് ലോകം തിരിച്ചറിയുന്നതാണ്.

മഹ്മൂദ് കൽക്കുളം

മനുഷ്യരുടെ സമുദ്ധരണാർഥം നിയോഗിതരാവുന്ന ദൈവദൂതരെ ബഹുഭൂരിപക്ഷം ആളുകളും നിഷേധിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നതായി ഭൂതകാല ചരിത്രം വിളിച്ചോതുന്നു. ജനങ്ങളുടെ ആക്ഷേപഹാസ്യങ്ങൾക്ക് വിധേയനല്ലാത്ത ഒരു പ്രവാചകനും കടന്നുപോയിട്ടില്ലെന്ന് വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. ***'മനുഷ്യർക്ക് അഹോ കഷ്ടം അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല.' (വി. ഖുർആൻ 36: 31)*** അങ്ങേയറ്റത്തെ ജുഗുപ്സാവഹമായ രീതിയിലാണ് അതത് കാലത്തെ പ്രമാണി വർഗം ദൈവത്തിന്റെ വരിഷഠ്ദാസരായ പ്രവാചകന്മാരോട് പെരുമാറിയത്. ***'ദൈവദൂതൻ വന്നപ്പോൾ അവർക്ക് ആശ്ചര്യമായി! ഇവനൊരു വലിയ നുണയനും മാന്ത്രികനുമാകുന്നു. പൂർവ മതത്തിൽ ഇപ്രകാരം കേട്ടിട്ടില്ല ഇത് കറ്റുകെട്ട് മാത്രമാണ് (വി.ഖു.38:5-8) 'നിന്നെ അവർക്ക് ഒരു പരിഹാസ്യ വസ്തുവായിട്ടല്ലാതെ കാണുന്നില്ല. ഇവനെയാണോ ദൈവം ഒരു ദൂതനായി നിയമിച്ചത്'(വി.ഖു25: 42) ദൈവദൂതന്മാർ അവർക്ക് ദൈവത്തിൽ നിന്നും ലഭിച്ച സന്ദേശങ്ങൾ കേൾപ്പിച്ചപ്പോൾ അത് നിരർഥകമായ തോന്നലുകളാണ് അല്ലാ അയാൾ കെട്ടിയുണ്ടാക്കി പറഞ്ഞതു മാണ് അല്ലാ അയാൾ മാരണക്കാരനുമാകുന്നു.'(വി.ഖു. 21: 5)***എന്ന് പറയാനും അവർ ധൃഷ്ടരായി. പ്രവാചകന്മാരെ നിഷേധിക്കുന്നതിനും അവർക്കെതിരിൽ തരംതാണ പരിഹാസങ്ങൾ പറയുന്നതിനും പുച്ഛിക്കുന്നതിനും സമൂഹത്തിലെ തലവന്മാരും തങ്ങളുടെ അറിവിൽ ഊറ്റം നടിച്ചവരും തന്നെയാണ് മുന്നിൽ നിന്ന് പ്രവർത്തിച്ചത്. ദൈവത്തിന്റെ വന്ദ്യപ്രവാചകനെ നുണയൻ, മാന്ത്രികൻ, മാരണം ചെയ്യപ്പെട്ടവൻ, കള്ളവാദി, ഭ്രാന്തൻ, കെട്ടിച്ചമക്കുന്നവൻ തുടങ്ങിയ അത്യന്തം മ്ലേഛമായ പദങ്ങൾ ക്കൊണ്ട് അഭിഷേകം ചെയ്യാനും അവർ മുതിർന്നു. ***'ഇവർക്ക് മുമ്പ് മാന്ത്രികനെന്നോ ഭ്രാന്തനെന്നോ വിളിച്ചിട്ടില്ലാത്ത ഒരു ദൂതനും വന്നിട്ടില്ല. എന്ത് അവർ ഇക്കാര്യം പരസ്പരം വസിയ്യത്ത് ചെയ്തിരിക്കയാണോ? അല്ലാ പരിധിലംഘിക്കുന്ന ഒരു ജനതയാണവർ' (വി.ഖു 51: 53, 54)***

പ്രവാചകന്മാരുമായി ബന്ധപ്പെട്ട ചരിത്ര പ്രതിപാദനങ്ങൾ വിശുദ്ധ ഖുർആനിലെ മിക്ക അദ്ധ്യായങ്ങളിലും കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ വഴികാട്ടിയായി സ്വീകരിച്ചവർക്ക് വ്യക്തമായ ഗുണപാഠമാണ് ഇത് വഴി നൽകപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാരെ ദ്രോഹിക്കുകയും അവർക്കെതിരെ അവാസ്തവമായ ദൂഷ്യങ്ങളാരോപിക്കുകയും ചെയ്ത യഹൂദികൾ തന്നെയാണ് മസീഹിനെ വ്യഭിചാരപുത്രനായി മുദ്രകുത്തി പീഡിപ്പിച്ചത്. യേശുവിന്റെ അദ്ധ്യാപനങ്ങളിൽ നിന്നും ബഹുദൂരം അകന്ന് അദ്ദേഹത്തെ ദൈവമാക്കിയ ക്രിസ്ത്യാനികൾ തന്നെയാണ് കാരുണ്യത്തിന്റെ നിറകുടമായ നബി (സ) തിരുമേനിയെ നിരാകരിച്ചു കളഞ്ഞത്. ഇക്കാരണത്താലാണ് ദൈവത്തിന്റെ ശാപത്തിന്നും കോപത്തിനും ഗ്രന്ഥാനുസാരികൾ പാത്രീഭൂതരായത്.

## മുസ്‌ലിം സമുദായത്തിന് താക്കീത്

തന്റെ സമുദായം ഭാവിയിൽ ഗ്രന്ഥാനുസാരികളുടെ ചെയ്തികൾ അനുപദം പിന്തുടരുന്നതായി മുൻകൂട്ടി കണ്ട് നബി (സ) തിരുമേനി അവർ ചെയ്ത തെറ്റുകളിൽ പെട്ടുപോകാതിരിക്കാൻ മുസ്‌ലിംകളെ ജാഗ്രതപ്പെടുത്തുകയുണ്ടായി. എന്നാലവർ വിശുദ്ധ ഖുർആനെ പിന്തള്ളുകയും ഗ്രന്ഥാനുസാരികളുടെ പാതയെ അനുഗമിക്കുകയും ചെയ്തതാണെന്ന് അവിടുന്ന് വേദനയോടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മുസ്‌ലിം സമുദായത്തിന്റെ പതനാവസ്ഥയെ സംബന്ധിച്ച് സവിസ്തരമായ പ്രതിപാദനം ഹദീസുകളിൽ കാണം. റസൂൽ തിരുമേനി (സ) അരുളി: ***'മുസ്‌ലിംകളെ, നിങ്ങൾ നിശ്ചയമായും നിങ്ങൾക്ക് മുമ്പുള്ളവരുടെ ചെയ്തികളെ ചവിട്ടടി തോറും അനുഗമിക്കും. ചാണിന്നു ചാണായും മുഴത്തിന്ന് മുഴമായും.***

*അവർ ഒരു ഉടുമ്പിന്റെ പൊത്തിൽ കടന്നിട്ടുണ്ടെങ്കിൽ നിങ്ങളും അതിൽ കടക്കും. സഹാബികൾ ചോദിച്ചു: ' അല്ലാഹുവിന്റെ ദൂതരെ മുമ്പുള്ളവർ എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് യഹൂദികളും ക്രിസ്ത്യാനികളുമാണോ? നബി (സ) പ്രതിവചിച്ചു. അവരല്ലാതെ മറ്റാരുണ്ട്? മുസ്‌ലിംകൾ എണ്ണത്തിൽ വളരെ കൂടുതലാ യിരിക്കും. എന്നാൽ വെള്ളപ്പൊക്കത്തിന് ശേഷം ജലാശയത്തിന്റെ തീരത്ത് കാണപ്പെടുന്ന ചണ്ടികൾക്ക് തുല്യമായിരിക്കും അവർ. എനിക്ക് ശേഷം ഒരു കാലത്ത് എന്റെ മാർഗദർശനം സ്വീകരിക്കാത്തവരും എന്റെ സുന്നത്തനു സരിക്കാത്തവരുമായ ഉലമാക്കൾ ഉണ്ടാകുന്നതാണ്. എന്റെ സമുദായ ത്തിൽ ഹൃദയം ശൈത്വാന്റേയും ശരീരം മനുഷ്യന്റെതുമായ ജനങ്ങൾ ജനിക്കുകയും ചെയ്യും. (മിശ്ക്കാത്ത്, കിതാബുൽ ഫിതൻ) 'ഒരു ജോഡി ചെരിപ്പ് പരസ്പരം സമമായിരിക്കുന്നത് പോലെ ഇസ്രയേല്യരിൽ സംഭവിച്ചതൊക്കെയും എന്റെ സമുദായത്തിലും സംഭവിക്കും. ഇസ്രയേലർ 72 കക്ഷികളായി പിരിഞ്ഞു. എന്റെ ഉമ്മത്ത് (ഒരടി കൂടി കടന്ന്) 73 കക്ഷികളായി പിരിയും. അവരിൽ ഒരു കൂട്ടരൊഴിച്ച് മറ്റെല്ലാവരും നരകത്തിലായിരിക്കും. (മിശ്ക്കാത്ത്) ജനങ്ങളിൽ ഒരു കാലം വരും അന്ന് ഇസ്‌ലാമിന്റെ നാമവും ഖുർആന്റെ ലിപിയും മാത്രം അവശേഷിക്കും. അവരുടെ പള്ളികൾ ജനബഹുലമായി തീരുന്നതായിരിക്കുമെങ്കിലും സന്മാർഗം അവിടെ ദൃശ്യമാവുന്നതല്ല. അവരുടെ പണ്ഡിതന്മാർ ആകാശത്തിന് കീഴിലെ ഏറ്റവും ശർറുകൾ ആയ-ദുഷിച്ചവർ ആയിരിക്കും. ഫിത്ന അവരിൽ നിന്ന് പുറപ്പെടുകയും അവരിലേക്ക് മടങ്ങുകയും ചെയ്യും' (മിശ്ക്കാത്ത്)*

## ചരിത്രത്തിന്റെ പുനരാവർത്തനം

പരിമിതവൃത്തത്തിലൊതുങ്ങുന്നതും സ്ഥാപിത ലക്ഷ്യത്തിൽ നിലകൊള്ളുന്നതുമായ മനുഷ്യ നിർമിത സംഘടനകൾക്കും സംഘങ്ങൾക്കും ആത്മീയാധപതനത്തിൽ ആണ്ടു പോയ ജനതകളെ വീണ്ടെടുക്കാൻ സാധിക്കുന്നതല്ലെന്ന് വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. *'നിശ്ചയമായും അല്ലാഹു ഭൂമിയെ അതിന്റെ നിർജീവാവസ്ഥക്ക് ശേഷം ജീവിപ്പിക്കുന്നു.'(57:18)* മുസ്‌ലിംകൾ കക്ഷി പ്രതികക്ഷികളായി ഭിന്നിക്കുകയും ഈമാൻ കാർത്തിക നക്ഷത്രത്തിലേക്ക് ഉയർന്നു പോകുകയും ചെയ്യുമ്പോൾ വാഗ്ദത്ത മസീഹിന്റെ ഇസ്‌ലാമിന്റെ പ്രത്യുത്ഥാനം സംഭവിക്കുമെന്ന് തന്നെയാണ് നബി (സ) തിരുമേനി സുവിശേഷമറിയിച്ചത്. മഹ്ദി ഇമാമിനെ പറ്റി നിങ്ങൾ അറിഞ്ഞു കഴിഞ്ഞാൽ ഹിമത്തിൽ ഇഴഞ്ഞു പോയിട്ടെങ്കിലും അദ്ദേഹത്തിന് നിങ്ങൾ അനുസരണ പ്രതിജ്ഞ ചെയ്യണമെന്ന് നബി (സ) തിരുമേനി ഉണർത്തുകയുണ്ടായി. *നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ഇസബ്നുമർയമിനെ മഹ്ദി ഇമാമായും നീതിമാനായ വിധികർത്താവായും കാണുമാറാകും.' (മുസ്നദ് അഹ്മദ്) 'നിങ്ങൾക്ക് നിങ്ങളുടെ ഇമാമായി ഇസ്ബനു മറിയം ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതിയെന്തായിരിക്കും.'(ബുഖാരി, മുസ്‌ലിം)* പ്രവചനങ്ങളെല്ലാം സക്ഷാത്ക്കരിക്കുകയും തക്കസമയത്ത് തന്നെ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) നെ അല്ലാഹു നിയോഗിച്ചയക്കുകയുമുണ്ടായി. ആ മഹാത്മാവ് അല്ലാഹുവിൽ ആണയിട്ടു കൊണ്ട് പറഞ്ഞു:

*വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയും മസീഹും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്ക് വിധികർത്താവും ഞാനാണെന്ന് അല്ലാഹുവിന്റെ പരിശുദ്ധിയും പവിത്രവുമായ വെളിപാട് മുഖേന എന്നെ അറിയിച്ചിരിക്കുന്നു. (അർബയീൻ) ഏതൊരുവന്റെ കയ്യിൽ എന്റെ ജീവൻ ഇരിക്കുന്നുവോ ആ സർവേശരനെ കൊണ്ട് സത്യം അതുകൊണ്ട് ഞാൻ പറയുന്നു. ബുഖാരി മുസ്‌ലിം മറ്റു സിഹാഹു സിത്തകളിൽ വന്നിട്ടുള്ള സഹീയായ ഹദീസുകളിൽ നബി (സ) അറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെ യാകുന്നു. (മൽഫൂസാത്ത്)*

ദൗർഭാഗ്യകരമെന്ന് പറയട്ടെ നബി (സ) ഊന്നിപ്പറയുകയും മഹത്തുക്കൾ ദീർഘദർശനം നടത്തുകയും മുസ്‌ലിം ലോകം ഒന്നടങ്കം വിശ്വസിക്കുകയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്ത മഹ്ദീ ഇമാമിന്റെ ആഗമനം ഹദ്റത്ത് അഹ്മദ് (അ) ലൂടെ യാഥാർഥ്യമായപ്പോൾ അദ്ദേഹത്തിന്റെ സത്യതയെ അവധാന പൂർവം കണ്ടെത്തുന്നതിന്ന് പകരം പൂർവകാല നിഷേധികളുടെ ചെയ്തികൾ അതേപടി പിന്തുടർന്ന് നിഷേധിക്കാനും സാമന്യ ജനതകൾ ക്കിടയിൽ തെറ്റിദ്ധാരണകൾപരത്തി ആ മഹാത്മാവിനെ വ്യാജനായി ചിത്രീകരിക്കാനുമാണ് ചിലർ ശ്രമിച്ചത്. പ്രവചനങ്ങളും സാക്ഷ്യ പ്പെടുത്തലുകളും പാടെ നിരാകരിച്ച് വാഗ്ദത്ത ലോകോദ്ധാരകന്റെ ആഗമനം തന്നെ മിഥ്യയാണെന്ന് മാറ്റിപ്പറയാനും പിന്നീട് അവർ മുതിരുകയും ചെയ്തു.

## ആരോപണങ്ങളിലെ സാമ്യത

നിനക്ക് മുമ്പുള്ള പ്രവാചകരെക്കുറിച്ച് പറയപ്പെട്ടതല്ലാതെ നിന്നെക്കുറിച്ചും പറയപ്പെടുന്നില്ല. എന്ന് നബിതിരുമേനി (സ) സാന്ത്വനപ്പെടുത്തി പറഞ്ഞു കൊണ്ട് നിഷേധികളുടെ ആരോപണങ്ങളെല്ലാം പരസ്പരം സാദൃശ്യമുള്ള വയാണെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കുന്നു. ഇക്കാലത്ത് അവതീർണനായ വാഗ്ദത്ത മസീഹിനെതിരെയും എല്ലാക്കാലത്തെ നിഷേധികൾ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ തന്നെയാണ് അനു വർത്തിച്ചു വരുന്നത്. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ ചില ഉദാഹരണങ്ങൾ ഇവിടെ കുറിക്കുന്നു. 'അല്ലാഹുവിന്റെ വരിഷ്ഠരായ പ്രവാചകന്മാർ ഭ്രാന്തരും വ്യാജരുമായി മുദ്ര കുത്തപ്പെട്ടിട്ടുണ്ട്. ദൈവാനുഗ്രഹത്താൽ നീയൊരു ഭ്രാന്തനല്ലെന്ന് നബി (സ) തിരുമേനിയെ കുറിച്ച് അല്ലാഹു പ്രഖ്യാപിച്ചത് നിഷേധികളുടെ ആരോപണത്തെ

ഖണ്ഡിക്കാനായിരുന്നു. പ്രവാചക പ്രഭുവായ റസൂൽ തിരുമേനി (സ) തന്നെയായിരുന്നു ഏറ്റവും വലിയ ആരോപണങ്ങൾക്ക് കുറിമാനമായത്. ജൂത ക്രൈസ്തവ പണ്ഡിതന്മാരും നിർമത-പാശ്ചാത്യ ചിന്തകന്മാരും സർവ സീമകളും അതിലംഘിക്കും വിധം ഇന്നും അവി ടുത്തെ വ്യക്തി ജീവിതത്തെയും കുടുംബ ജീവിതത്തെയും കടന്നാക്ര മിച്ചു കൊണ്ടിരിക്കുന്നു. നബി (സ)യുടെ ആത്മീയ സുതനും വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ)നെയും ശത്രുക്കൾ മനോരോഗിയായി മുദ്രകുത്തിയിട്ടുണ്ട്. ഐ പി. എഷ്. പ്രസിദ്ധീകരിച്ച ഖാദിയാനിസം എന്ന ക്ഷുദ്ര കൃതിയുടെ കർത്താവാണ് ഈ ആരോപണ മുന്നയിച്ചു കൊണ്ട് പൂർവ നിഷേധികളുടെ അനന്തരാവകാശം കൈവശപ്പെടുത്തിയിരിക്കുന്നത്. ദൈവ പ്രേഷിതരെ മാനസികരോഗികളായി ചിത്രീകരിക്കുന്നവർ ഭാഗ്യദോഷികൾ തന്നെയാണ്. അവരെയും ശിഷ്യ സംഘത്തെയും ഉന്മൂലനം ചെയ്യുന്നതിന് വേണ്ടി ഇടതടവില്ലാതെ ഭഗീരഥ പ്രയത്നങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും. ഇത് ദൈവദൂതന്മാരുടെ സത്യസാക്ഷ്യത്തിലേക്കുള്ള പ്രബലമായ തെളിവ് തന്നെയാണ്. അല്ലാഹുവിന്റെ സത്യാത്മാക്കളായ ദൂതന്മാർക്കെതിരിൽ അസാന്മാർഗിക ദൂഷ്യങ്ങളാരോപിച്ചു കൊണ്ട് സ്വഭാവഹത്യ നടത്തുകയെന്നത് ഒരു വിനോദ മായിട്ടാണ് എതിരാളികൾ സ്വീകരിച്ചിരിക്കുന്നത്. '***നിശ്ചയമായും നീ ഉൽകൃഷ്ട സ്വഭാവത്തോടു കുടിയ വനാകുന്നു.'-(68:5)*** എന്ന ഖുർആ നിക പ്രഖ്യാപനം നബി തിരുമേനിക്കെതിരിൽ ഉന്നയിക്കപ്പെട്ട എല്ലാ ദോഷാ രോപണങ്ങൾക്കുമുള്ള മറുപടികൂടിയാകുന്നു. നബി (സ) നബിതിരുമേനിയുടെ ജീവിതത്തിലെ ഓരോ നിമിഷവും മനുഷ്യ കുലത്തിന്ന് ഉത്തമ മാതൃകയാണ്. ആ പുണ്യാത്മാവിന്റെ ജീവിതത്തിൽ പോലും അസന്മാർഗികത കണ്ടെത്താൻ ശ്രമിച്ചവരുണ്ട്. അതിനവർക്ക് ആധാരമാക്കാൻ ഖുർആൻ വചനങ്ങളും തിരുസുന്നത്തുകളും ഹദീസുകളും തന്നെകിട്ടി യെങ്കിൽ അത് മാറ്റി മറിക്കാനും അത് സന്ദർഭത്തിൽ നിന്ന് അടർത്തി വികൃതമാക്കി കാണിക്കാനുമുള്ള അവരുടെ സാമർഥ്യം എത്ര വിസ്മയാ വഹമാണ്! വാഗ്ദത്ത മസീഹിനെ തിരിലും ഇതേ രീതിയിലുള്ള സമീപനം തന്നെയാണ് എതിരാളികൾ അനുവർത്തിച്ചു വരുന്നത്. ദൗത്യ പ്രഖ്യാപനത്തിന്ന് മുമ്പ് ദൈവദൂ തന്മാരുടെ നിഷ്ക്കളങ്കതയും സത്യ നിഷ്ഠതയും ഏറ്റു പറഞ്ഞിരുന്നവർ തന്നെയാണ് പിന്നീട് അവർ ക്കെതിരിൽ രംഗത്തു വന്നതെന്ന കാര്യവും ശ്രദ്ധേയമാണ്. ഇതും നിഷ്പക്ഷ മതികൾക്ക് സത്യം ഗ്രഹിക്കുന്ന തിനുള്ള ഒരു മാനദണ്ഡമാകുന്നു. നുബൂവത്ത് വാദത്തിന് മുമ്പ് നബി (സ) തിരുമേനിയെ സത്യസന്ധനെന്നും വിശ്വസ്തനെന്നും വിളിച്ച് നടന്നവർ തന്നെയാണല്ലോ പിന്നീട് ആ പുണ്യാത്മാവിനെ വ്യാജനാക്കി തള്ളിയത്. അത്പോലെ വാഗ്ദത്ത മസീഹിനെ പരിശുദ്ധനെന്നും വൊലിയെന്നും ഇസ്ലാമിന്റെ വീരപുത്രനെന്നും പറഞ്ഞ് പ്രചരിപ്പിച്ചവർക്ക് അദ്ദേഹം ദൗത്യ പ്രഖ്യാപനം നടത്തിയപ്പോൾ വ്യാജനും സ്വഭാവദൂഷ്യവുമുള്ള വ്യക്തിയുമായി! എന്തൊരു വിരോധാഭാസം! കാരുണ്യത്തിന്റെ പ്രവാചകനായ നബി (സ) യുടെ ദൗത്യ പ്രഖ്യാപനം നടത്തിയപ്പോൾ അദ്ദേഹത്തെ ആരോ സഹായിച്ചു കൊണ്ടിരിക്കുന്നുണ്ടെന്ന് നിഷേധികൾ പറഞ്ഞു. (വി.ഖു. 25: 5) ഹദ്റത്ത് അഹ്മദ് (അ) നെ ബ്രിട്ടീഷുകാരാണ് സഹായിച്ചു കൊണ്ടിരിക്കുന്നതെന്ന എതിരാളികളുടെ ആക്ഷേപവും മേൽ പറഞ്ഞ ആക്ഷേപത്തോട് സാദൃശ്യം പുലർത്തുന്നു. എന്നാൽ ദൈവത്തിന്റെ പേരിൽ കൃതിച്ചുണ്ടാക്കി പറയുന്ന വ്യാജ വാദിയെ നിശേഷം നശിപ്പിക്കുന്നതാണെന്ന് ഖണ്ഡിത നിയമമുള്ളപ്പോൾ കറ്റു കെട്ടി പറയുന്ന വ്യാജവാദിയെ ലോകത്ത് ആർക്കെങ്കിലും സഹായിക്കാനോ രക്ഷിക്കാനോ കഴിയുമെന്ന് കരുതുന്നത് തനി വങ്കത്തമാണ് സത്യത്തെ സത്യംകൊണ്ട് നേരിടാൻ നിഷേധികൾക്ക് ഒരിക്കലും സാധ്യമല്ല. അതിനാൽ അടിസ്ഥാന വിഷയങ്ങളിൽ നിന്ന് തെന്നിമാറുകയും വക്രമാർഗങ്ങളിലൂടെയും ആക്ഷേപ ഹാസ്യങ്ങളിലൂടെയുമാണ് എല്ലാ കാലങ്ങളിലും പ്രവാചകനിഷേധികൾ രംഗപ്രവേശനം ചെയ്തിട്ടുള്ളത്. കാലകാലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നിഷേധികളുടെ ആരോപണങ്ങൾ ഒരേ സ്വഭാവം പുലർത്തുന്നു എന്നതും സത്യം വേർതിരിച്ചറിയുന്നതിന് പര്യാപ്തമാണ്.

## ധിഷണയുടെ സാക്ഷ്യങ്ങൾ

വാഗ്ദത്ത മസീഹ് നിർവഹിച്ചിട്ടുള്ള കർത്തവ്യങ്ങളെക്കുറിച്ച് സാവകാശം ചിന്തിക്കുന്നവർക്ക് അദ്ദേഹത്തിന്റെ സത്യത ബോദ്ധ്യപ്പെടുമെന്നതിൽ സന്ദേഹമില്ല. ആ പുണ്യാത്മാവിനെ മനോരോഗിയായി ചിത്രീകരിച്ചവർക്ക് പോലും അദ്ദേഹത്തിന് വെളിപ്പെട്ട ഖുർആനിക വിജ്ഞാനങ്ങളെ പറ്റി വാഴ്ത്തിപറഞ്ഞിട്ടുണ്ട് എന്നതാണ് വാസ്തവം. ക്രിസ്തീയ പാതിരിമാരും ആര്യസമാജികളും ഇസ്ലാമിനെതിരിൽ ഉന്നയിച്ച എല്ലാ ആക്ഷേപങ്ങൾക്കും ഖുർആനിക പരിപ്രേക്ഷ്യത്തിൽ യുക്തിഭദ്രമായി മറുപടി നൽകി കൊണ്ട് അദ്ദേഹം രചിച്ച 'ബറാഹീനെ അഹ്മദിയ്യാ'എന്ന ഗ്രന്ഥത്തിന്റെ മഹത്വം ശത്രുക്കളടക്കമുള്ളവർ പ്രകീർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നും ചേർന്ന് പഠിച്ചിട്ടില്ലാത്ത അദ്ദേഹം ദൈവത്തിന്റെ സവിശേഷമായ അനുഗ്രഹത്താൽ അറബി ഭാഷയിൽ അപാരമായ ജ്ഞാനം നേടുകയും സാഹിത്യ മേന്മയും അർഥ സമ്പുഷ്ടിയും വെളിപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഭാഷയിൽ ഗ്രന്ഥം രചിക്കുകയും അതിന് സമാനമായ ഗ്രന്ഥം രചിക്കാൻ എതിരാളികളെ ആഹ്വാനം ചെയ്യുകയുമുണ്ടായി. എന്നാൽ ഈ ആഹ്വാനത്തെ എതിരിടാൻ ലോകത്തുള്ള പണ്ഡിതന്മാരിൽ ആരും മുന്നോട്ട് വന്നില്ല. 1896 ൽ ലാഹോ

റിൽ വെച്ചു നടന്ന സർവമത സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനായി വാഗ്ദത്ത മസീഹ് (അ) തയ്യാറാക്കിയിട്ടുള്ള ഉപന്യാസം അദ്ദേഹം മുഖേന വെളിപ്പെട്ടിട്ടുള്ള ഖുർആനിക ജ്ഞാനങ്ങൾ തിരിച്ചറിയുന്നതിനുള്ള ഉരക്കല്ലായി നിലകൊള്ളുന്നു. തന്റെ ഉപന്യാസം സമ്മേളനത്തിൽ അവതരിക്കപ്പെടുന്ന മറ്റെല്ലാ ഉപന്യാസങ്ങളെക്കാളും അതിജയിക്കുമാറ് മേന്മയുള്ളതായിരിക്കുമെന്ന് അദ്ദേഹം മുൻകൂട്ടി പ്രവചിക്കുകയും അപ്രകാരം സംഭവിക്കുകയും ചെയ്തു. ഈ ഉപന്യാസം ഇസ്‌ലാം കീ ഉസൂൽ കീ ഫിലോസഫി എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയും പിന്നീട് അനേകം ലോകഭാഷകളിൽ അത് തർജമ ചെയ്യപ്പെടുകയുമുണ്ടായി. വിശുദ്ധ ഖുർആന്റെ തത്വചിന്താപരവും സൂക്ഷ്മജ്ഞാനപരവുമായ യഥാർഥ വ്യാഖ്യാനങ്ങളൂടെ നിദർശന മാണിത്. വിശ്വപ്രസിദ്ധ ചിന്തകന്മാരും അറിയപ്പെടുന്ന മറ്റു വ്യക്തികളും പ്രസ്തുത ഗ്രന്ഥത്തിന്റെ മഹനീയത ഏറ്റു പറഞ്ഞിട്ടുള്ളതാണ്. വി. ഖുർആന്റെ അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹ് ഏറ്റു പറഞ്ഞിട്ടുള്ള ചില വാദഗതികളും ചിന്താലോകത്ത് വിസ്ഫോടനം സൃഷ്ടിച്ചിട്ടുണ്ട്. അതിലൊന്നാണ് ഈസാ നബി (അ) ന്റെ കുരിശു മരണത്തിൽ നിന്നുള്ള മോചനം. വിജയകരമായ ദൗത്യ പൂർത്തീകരണത്തെ തുടർന്ന് കാശ്മീരിൽ വെച്ചുള്ള അദ്ദേഹത്തിന്റെ മരണവും കുരിശു വിശ്വാസത്തിന്റെ അടിത്തറയിളക്കുന്ന ഈ വെളി പ്പെടുത്തൽ പ്രമാണപരവും ചരിത്രപരവുമായ അഖണ്ഡിത രേഖകളാൽ അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. അതിൽ പിന്നെ ഒട്ടേറെ ചർച്ചകൾക്കും ഗവേഷണങ്ങൾക്കും അത് വഴിതെളിയിക്കുകയും കിഴക്കൻ പ്രദേശങ്ങളിൽ യേശു സഞ്ചരിച്ചിരുന്നതായ യാഥാർഥ്യം അംഗീകരിക്കാൻ ധൈഷണിക ലോകം തയ്യാറാകുകയുമുണ്ടായി. ഈസാ നബി (അ) മരിച്ചു പോയി എന്നു പ്രഖ്യാപിച്ചത് ഗുരുതരമായ ഒരു കുറ്റമായി കാണുകയും അക്കാരണത്താൽ അദ്ദേഹത്തിനെതിരിൽ കുഫറ് ഫത്‌വ വിധിക്കുകയും ചെയ്തവരായിരുന്നു ഉലമാക്കന്മാർ. എന്നാൽ അദ്ദേഹം മുന്നോട്ടു വെച്ച ഖുർആനിക തെളിവുകൾ ഖണ്ഡിക്കാനാവാതെ വന്നപ്പോൾ ഒടുവിൽ അവർ അടവ് മാറ്റുകയായിരുന്നു. ഇത് സംബന്ധമായി വാഗ്ദത്ത മസീഹ് സർപ്പിച്ചിരിക്കുന്ന ഖുർആനിക പ്രമാണങ്ങൾ ഇന്നേവരെ ഖണ്ഡിക്കപ്പെട്ടിട്ടില്ല എന്നതും ശ്രദ്ധേയമാണ്. അതെ, മുമ്പ് ഈസാ നബി (അ) മരിച്ചു വെന്നതിന് കുഫ്റ് ഫത്‌വ വിധിച്ചവർ പിന്നീട് അദ്ദേഹം സമർപ്പിച്ച ഖുർആനിക പ്രമാണങ്ങൾ ഖണ്ഡിക്കാനാകാതെ വന്നപ്പോൾ ഈ വിഷയത്തിന് പ്രസക്തിയില്ല എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറിയവർ, തുടർന്ന് ഇസാ നബി (അ) മരിക്കട്ടെ മരിക്കാതിരിക്കട്ടെ എന്ന ദ്വന്ദാത്മക 'ട്ടെ' തിയറിയുമായി രംഗ പ്രവേശനം ചെയ്തവർ ( ദ്വന്ദാത്മക 'ട്ടെ' തിയറിയുടെ പ്രണേതാക്കൾ മുജാഹിദുകളും ജമാഅത്തെ ഇസ്‌ലാമിയുമാണ്). ഒടുവിൽ സത്യം പതുക്കെ പറയാൻ തുടങ്ങിയവർ ഇനി വരും കാലങ്ങളിൽ ഈസാ നബി(അ) ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹം ഇറങ്ങി വരുമെന്നുമുള്ള മൂഢ വിശ്വാസം കൈ യൊഴിയുന്ന കാലം വിദൂരമല്ല. കാരണം സർവജ്ഞനായ ദൈവ ത്തിൽ നിന്നും പരോക്ഷ ജ്ഞാനം ലഭിച്ച അവന്റെ ഒരു ദാസനായ വാഗ്ദത്ത മസീഹ് (അ) ചെയ്ത പ്രവചനം പുലരുക തന്നെ ചെയ്യു മെന്നതിൽ സംശയമില്ല. അദ്ദേഹം ഇപ്രകാരം പ്രഖ്യാപിച്ചു:

***ഈസാ നബി ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്ന് കരുതുന്നത് വ്യാമോഹം മാത്രമാകുന്നു. ആകാശത്ത് നിന്നും ആരും ഇറങ്ങി വരുന്നതെല്ലെന്നും ഓർത്തു കൊള്ളുക. ഇന്ന് എന്റെ എല്ലാ എതിരാളികളും അതിന് ശേഷമുള്ള അവരുടെ സന്താനങ്ങളും അവരുടെ സന്തതികളും ഈസാ നബിയുടെ വരവ് കാണാതെ നിരാശരായി മരണമടയുന്നതാണ്, അങ്ങനെ ഇന്ന്മുതൽ മൂന്ന് നൂറ്റാണ്ട് പൂർണമാകുന്നതിന് മുമ്പായി ഈസാ നബിയെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെ കുറിച്ച് തീരെ മനംമടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും (തദ്കിറത്തുശ്ശഹാദത്തൈൻ)***

---

പേജ് 6 ൽ നിന്ന് തുടർച്ച

അത്ഭുതദൃഷ്ടാന്തങ്ങളുടെയും വാതിലുകൾ ഭാവിത ലമുറക്ക് വേണ്ടി തുറന്നിടുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവീൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവ പിതാക്കന്മാർ ഏതൊരുനാളിനെ ആകാംക്ഷാപൂർവം കാത്തുകാത്തിരുന്ന ശേഷം അപ്രത്യക്ഷമായോ എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷ ദിനങ്ങളുടെ മധുരസ് മരണകളോടെ ഈ ലോകത്തുനിന്നും വിടപറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇനി ഇതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുയോ ചെയ്യാം. അത് നിങ്ങളുടെ ഇഷ്ടം. എന്നാൽ ഞാനിത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കും. ഈമാനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃ പ്രതിഷ്ഠിക്കുന്നതിന് വേണ്ടി. മനുഷ്യർക്കായി തക്കസമയത്ത് അയക്ക പ്പപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെ യാകുന്നു. എന്ന സത്യം പ്രഖ്യാപി ക്കുന്നത് നിർത്തിവെക്കുവാൻ എനിക്കാവില്ല. കലീമുല്ലാഹ് ആയ ധർമഭടന്റെ ശേഷം അയക്കപ്പെട്ടി രുന്നതാരോ, ആരുടെ ആത്മാവ് ഹെരോദോവിന്റെ ഭരണത്തിൽ ഏറിയ കഷ്ടപ്പാടുകൾക്ക് ശേഷം സ്വർഗത്തിലേക്കെടുത്തുകൊള്ളപ്പെട്ടുവോ ആ വ്യക്തിയെ പോലെ പ്രേഷണം ചെയ്യപ്പെട്ടിരിക്കുന്നവത്രെ ഞാൻ. (ഫത്ഹെ ഇസ്‌ലാം)

# അഹ്മദിയ്യാ വാദം സ്വീകരിക്കുന്ന കേരളത്തിലെ അനഹ്മദി മുസ്‌ലിം സംഘടനകൾ

അഹ്മദികളുമായി ഒരു നൂറ്റാണ്ടുകാലം സംവാദം നടത്തിയ കേരളത്തിലെ അനഹ്മദി മുസ്‌ലിം സംഘടനകൾ അവരുടെ പല ആശയങ്ങളും നിലപാടുകളും യഥാർഥ ഇസ്‌ലാമിക അദ്ധ്യാപനമായ അഹ്മദികളുടെ വാദമുഖങ്ങൾക്കും ആശയങ്ങൾക്കും അനുകൂലമായി അറിഞ്ഞോ അറിയാതെയോ മാറ്റിക്കൊണ്ടിരിക്കുകയാണ്.

അബ്ദുർറഹ്മാൻ, കൊടിയത്തൂർ

അഹ്മദിയ്യാ പ്രസ്ഥാനം കേരളത്തിൽ സ്ഥാപിതമായതിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ നബി (സ) തിരുമേനി ഭൂമുഖത്ത് സ്ഥാപിച്ചുറപ്പിച്ച ഇസ്‌ലാമിക വ്യവസ്ഥിതിക്കും മൂല്യങ്ങൾക്കും ക്ഷതം സംഭവിക്കുന്ന ഒരു കാലഘട്ടത്തിൽ വിനഷ്ടമായ ആത്മീയ മൂല്യങ്ങളെയും തിരിച്ചുകൊണ്ടു വരുക എന്നതാണ് വാഗ്ദത്ത മസീഹിന്റെ ആഗമന ലക്ഷ്യമെന്നത് സുനിശ്ചിതമാണല്ലോ. പ്രവചിക്കപ്പെട്ട കാലം ആഗതമായപ്പോൾ അല്ലാഹു തന്റെ സവിശേഷകാരുണ്യത്താൽ ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനി (അ) യെ മഹ്ദിയും മസീഹുമായി നിയോഗിച്ചയക്കുകയുണ്ടായി. ദൈവിക നിർദേശം അനുസരിച്ച് അദ്ദേഹം സ്ഥാപിച്ച ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനമാണ് ഒരു നേതാവിന്റെ കീഴിൽ 208 രാജ്യങ്ങളിൽ പ്രവർത്തിച്ചു വരുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്.

തന്റെ ഉമ്മത്ത് 73 കക്ഷിപ്രതികക്ഷികളായി ഭിന്നിക്കുന്ന കാലത്ത് അതിൽ ഒരു വിഭാഗമായിരിക്കും യഥാർഥമാർഗത്തിൽ നിലകൊണ്ട് മോക്ഷപ്രാപ്തരായി തീരുക എന്നും അവിടുന്ന് അരുളുകയുണ്ടായി. ഇന്ന് മുസ്‌ലിം ലോകത്ത് നിലനിൽക്കുന്ന കക്ഷികളിലഖിലം തങ്ങളാണ് ആ സവിശേഷ സംഘം എന്ന് അവകാശപ്പെടുന്നവരാണ്. എന്നാൽ ഈ അവകാശവാദത്തിന് ന്യായയുക്തമായ തെളിവുകൾ സമർപ്പിക്കാൻ പ്രസ്തുത സംഘടനകൾക്ക് സാധിക്കാറുണ്ടോ എന്നതാണ് കാതലായ പ്രശ്നം ഇസ്‌ലാമിന്റെ വിശ്വാസപരവും കർമപരവുമായ 6 ഉം 5 ഉം കാര്യങ്ങൾ സ്വീകരിക്കുന്ന കക്ഷികളിൽ ഒരു വിഭാഗം മോക്ഷപ്രാപ്തരും മറ്റെല്ലാവരും ഒരുപോലെ നരകസ്ഥരുമാണെന്ന് പറയപ്പെടുമ്പോൾ അതിന് ന്യായയുക്തമായ കാരണമുണ്ടാകുകയും രക്ഷയുടെ അവകാശികളായ ഒരു പ്രത്യേക വിഭാഗത്തെ പ്രത്യേകമായ നിലയിൽ തിരിച്ചറിയപ്പെടേണ്ടതുമല്ലേ? ഏതെങ്കിലും നിസ്സാരമായ വ്യതിയാനങ്ങൾ കാരണം മുസ്‌ലിം ഉമ്മത്തിനെ അല്ലാഹു നരകസ്ഥരെന്ന് വിധിക്കുമോ? അതേപോലെ മോക്ഷാർഹ സംഘത്തിന് ഏതൊരാൾക്കും വ്യക്തമാവുന്ന അടയാളങ്ങൾ ഇല്ലാതിരിക്കുമോ?

എന്നാൽ തിരു നബി(സ) യുടെ തിരു വചനങ്ങൾ സസൂക്ഷ്മം മനസ്സിലാക്കുന്നവർക്ക് ഈ പ്രശ്നത്തിന് ഉത്തരം കണ്ടെത്താൻ സാധിക്കും. മോക്ഷർഹമായ സംഘത്തിന് തിരുനബി(സ)നൽകി യ വ്യക്തമായ ഒരു അടയളം ***'മാ അന അലെയ്ഹി വ അസ്ഹാബിഹി'*** (ഞാനും എന്റെ സഹാബി മാരും ഉള്ള സ്ഥിതിയിൽ നിലകൊള്ളുന്നവരായിരിക്കും) എന്നാണ്. നബി (സ) തിരുമേനി അല്ലാഹുവിനാൽ നിയോഗിതനായ പ്രവാചകനും സഹാബത്ത് അവിടത്തെ പ്രവാചകത്വത്തിൽ വിശ്വസിച്ച ശിഷ്യസംഘവുമായിരുന്നു. ആ കാലഘട്ടത്തിൽ ഭൂമുഖത്ത് ഇത്പോലെയൊരു സംഘം ഉണ്ടായിരുന്നില്ല എന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും. നബിതിരുമേനി (സ) തന്റെ സമുദായത്തിൽ അവസാന കാലഘട്ടത്തിൽ മസീഹിന്റെ ആഗമ

നത്തെസംബന്ധിച്ച് പ്രവചിക്കുകയുണ്ടായി. വരാനിരിക്കുന്ന മഹ്ദി മസീഹ് നബിയുല്ലാഹി ആയിരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു. (സഹീഹ് മുസ്‌ലിം) ഒരു ദൈവിക മുന്നറിയിപ്പുകാരനെ നിഷേധിക്കുന്നത് മൂലമാണ് സമൂഹം ഒന്നടങ്കം ശിക്ഷാർഹരായി തീരുന്നതെന്ന കാര്യം സുവ്യക്തമാണ്. വിശുദ്ധ ഖുർആനും അക്കാര്യം മനസ്സിലാക്കിത്തരുന്നു. സൂറ: മുൽക്കിൽ നരകത്തിലേക്ക് കൂട്ടായി നയിക്കപ്പെടുന്ന സമൂഹങ്ങളോട് ചോദിക്കപ്പെടുന്ന ചോദ്യവും അവർ നൽകുന്ന ഉത്തരവും രേഖപ്പെടുത്തിയത് ഇപ്രകാരമാണ്:

***'അതിൽ ഓരോ വിഭാഗമാളുകളും തള്ളി വിടപ്പെടുമ്പോഴും അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും, 'നിങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ (പ്രവാചകൻ) വന്നിരുന്നില്ലയോ? ' അവർ പറയും, 'അതേ തീർച്ചയായും ഞങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നിരുന്നപ്പോൾ ഞങ്ങൾ നിഷേധിച്ചു കളഞ്ഞു. ഞങ്ങൾ പ്രവാചകനോടും അനുയായികളോടും പറഞ്ഞു: അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ ഭീമമായ സന്മാർഗ ഭ്രംശത്തിൽ തന്നെയാണ്'(സൂറ: മുൽക്ക് 9,10)***

ഈ സൂക്തം നബി തിരുമേനി (സ) യുടെ വചനത്തെ സത്യപ്പെടുത്തുന്നു എന്ന് മാത്രമല്ല, മോക്ഷാർഹരായ വിഭാഗത്തേയും നരകസ്ഥരെന്ന് വിവരിച്ച വിഭാഗത്തെയും മനസ്സിലാക്കിത്തരികയും ചെയ്യുന്നു. ഞാനും എന്റെ സഹാബിമാരും ഉള്ള നിലയിൽ നിലകൊള്ളുന്നവർ എന്ന് പറഞ്ഞവർ തിരുനബി (സ) യുടെ ഉമ്മത്തിൽ അവതരിക്കുമെന്ന് പ്രവചിക്കപ്പെട്ട ദൈവനിയുക്തനെ സ്വീകരിച്ച വിഭാഗത്തെക്കുറിച്ചാണെന്ന് ഇവിടെ വ്യക്തമാവുന്നു. വാഗ്ദത്ത മസീഹിനാൽ സ്ഥാപിതമായ അഹ്മദിയ്യാ ജമാഅത്തും ഈ ജമാഅത്തിനെതിരെ മറ്റെല്ലാ ഭിന്നതകളും മാറ്റിവെച്ച് ഒരുമിക്കുന്ന മുസ്‌ലിം സംഘടനകളിലും ഈ വചനം പുർത്തിയായതായി നമുക്ക് കാണാവുന്നതാണ്. ഈ സമൂഹം ദൈവിക മുന്നറിയിപ്പുകാരനെ നിഷേധിച്ചു തള്ളിക്കളഞ്ഞു എന്ന് മാത്രമല്ല ഖുർആൻ എടുത്ത് പറഞ്ഞത് പോ ലെ അല്ലാഹു ഒന്നും തന്നെ ഇറക്കിയിട്ടില്ല ഇറക്കുകയുമില്ല എന്ന് വാശിയോടെ വാദിച്ചുകൊണ്ടി രിക്കുന്നു. മാത്രമല്ല അഹ്മദി മുസ്‌ലിംകൾ അമുസ്‌ലിംകളേക്കാളും മുശ്‌രിക്കുകളേക്കാളും വഴിപിഴച്ചവരാണെന്നും ഫത്‌വ ചെയ്യുകയും ചെയ്യുന്നു. 'ളലാലൻ കബീറാ'(ഏറ്റവും വലിയ വഴികേടിലാണ്) എന്ന ഖുർആനിക വചനവും ഇവിടെ പൂർത്തിയായിരിക്കുന്നു. നിങ്ങൾ ഏറ്റവും വലിയ വഴികേടിൽ ളലാലൻ കബീറാണെന്ന് ദൈവിക മുന്നറിയിപ്പ് കാരനോടും അനുയായികളോടും പറഞ്ഞുപോയി എന്ന് നരകസ്ഥരായ സംഘങ്ങൾ വിലപിക്കുന്നതായി സൂറാ: മുൽക്കിൽ അല്ലാഹു പറഞ്ഞ കാര്യം അഹ്മദിയ്യാ ജമാഅത്തിനെതിരിലുള്ള ഭൂരിപക്ഷ മുസ്‌ലിംകളുടെ കുറ്റം ശരിവെക്കുന്നതായി നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നു.

മോക്ഷാർഹമായ സംഘടനയുടെ അടയാളമായി തിരുമേനി (സ) വിവരിച്ച മറ്റൊരു സവിശേഷത ആ വിഭാഗം അൽ ജമാഅത്തായി നില കൊള്ളുന്നവർ ( അൽ ജമാ അത്തി) ആയിരിക്കുമെന്നാണെന്ന് നമുക്കറിയാം. ജമാഅത്ത് എന്ന് പറയപ്പെടണമെങ്കിൽ ഒരു ഇമാമിന്റെ നേതൃത്വം അനിവാര്യമാണ്. നമസ്ക്കാരത്തിന്റെ കാര്യമെടുത്ത് പരിശോധിക്കുകയാണെങ്കിൽ ഒരു മൈതാനത്ത് ആയിരക്കണക്കിനാളുകൾ ഒരേ സമയം നമസ്ക്കരിച്ചാലും ഒരു ഇമാമിന്റെ നേതൃത്വമില്ലെങ്കിൽ അത് ഒരു ജമാഅത്തായ നമസ്ക്കാരമാകുകയില്ല. മറിച്ച് ഒരു ഇമാമും ഒന്നോ രണ്ടോ വ്യക്തികൾ പി ൻതുടരുന്നവരായി ഉള്ളുവെങ്കിൽ പോലും അത് ഒരു ജമാഅത്തായ നമസ്ക്കാരമായിരിക്കും. ഇതിൽ നിന്നും ജമാഅത്ത് നില കൊള്ളുന്ന സമൂഹം എന്ന് പറയപ്പെടണമെങ്കിൽ ഒരു നേതാവിന്റെ അതായത് ഖലീഫക്ക് കീഴിൽ അണിനിരന്ന വരായിരിക്കണം. തിരുമേനി (സ) യും അനുയായികളും അപ്രകാരം നിലകൊണ്ട വരായിരുന്നു എന്നത് തർക്കമറ്റ കാര്യമാണ്. അവിടത്തെ വഫാത്തിന് ശേഷം ഖുലഫാ ഉർറാശിദയുടെ നേതൃത്വത്തിൽ സഹാബത്ത് നിലകൊള്ളുകയുണ്ടായി. ഇതിൽ നിന്നും ഞാനും എന്റെ സഹാബിമാരും ഉള്ള സ്ഥിതിയിൽ നിലകൊള്ളുന്നവരാണ് അവർ എന്നും അവർ അൽ ജമാഅത്ത് ആയിരിക്കുമെന്നും വിവരിച്ചത് ഓരോ അവസ്ഥയെക്കുറിച്ച് തന്നെയാണെന്ന് വ്യക്തമാകുന്നതാണ്.

ഇവിടെ നബിതിരുമേനി (സ) നബിയുള്ളാ എന്ന് ആവർത്തിച്ച് വ്യക്തമാക്കിയ ഒരു മഹാത്മാവിനാൽ സ്ഥാപിതമായ ഒരു ജമാഅത്തും, അവിടുത്തെ വിയോഗത്തിന് ശേഷം സഹാബത്തിന്റെ മാതൃക പിന്തുടർന്ന് ഖിലാഫത്ത് സംവിധാനത്തിന്റെ കീഴിൽ 125 വർഷത്തിലധികമായി നില കൊള്ളുന്ന അഹ്മദിയ്യാ ജമാഅത്തിലല്ലാതെ ഈ സവിശേഷതകൾ ഒത്തുചേരില്ലെന്ന കാര്യം സാമാന്യ ബുദ്ധിയുള്ള ഏതൊരാൾക്കും മനസ്സിലാക്കാവുന്നതാണ്. മിശ്കാത്ത് എന്ന ഹദീസ് ഗ്രന്ഥത്തിന്റെ വ്യാഖ്യാനമായ മിർഖാത്ത് എന്ന ഗ്രന്ഥത്തിൽ മുസ്‌ലിം ലോകത്തെ ആധികാരിക പണ്ഡിതൻ മുല്ലാ അലിയുൽ ഖാരി (റ.അ) മോക്ഷാർഹമായ സംഘത്തിന്റെ നാമം അഹ്മദിയ്യാ പ്രസ്ഥാനം (അത്വരീഖത്തെ അഹ്മദിയ്യ:) എന്ന് ആണെന്ന് കൂടി വ്യക്തമാക്കിയിരിക്കുന്നു. ഹ: ഹുദൈഫ റിപ്പോർട്ട് ചെയ്ത ബുഖാരിയും മുസ്‌ലിമും അടങ്ങുന്ന മിക്ക ഹദീസ് ഗ്രന്ഥങ്ങളിലും റിപ്പോർട്ട് ചെയ്ത സുദീർഘമായ ഹദീസിൽ മുസ്‌ലിം ലോകത്ത് വിവിധ കാലഘട്ടങ്ങളിൽ നടമാടുന്ന തിന്മകളെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. പ്രസ്തുത ഹദീസിന്റെ അവസാന ഭാഗത്ത് ഇപ്രകാരം പറയുന്നു: 'നരകത്തിന്റെ കവാടത്തിൽ നിന്ന് ജനങ്ങളെ

വിളിക്കുന്ന വിളിയാളന്മാരുണ്ടാകും. അവരുടെ വിളിക്ക് ഉത്തരം നൽകുന്നവരെ അവർ നരകത്തിലേക്ക് നയിക്കും. ഹുദൈഫ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ എനിക്ക്അക്കൂട്ടരെ പറ്റി വിവരിച്ച് തന്നാലും, റസൂൽ തിരുമേനി (സ) പ്രതിവചിച്ചു: അവർ നമ്മിൽ പെട്ടവരും നമ്മുടെ ഭാഷയിൽ സംസാരിക്കുന്നവരുമാണ്.' ഇങ്ങനെയുള്ള ഒരു കാലം വന്നാൽ എന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചതിന് തിരുമേനി (സ) പറഞ്ഞ മറുപടി നിങ്ങൾ അൽ ജമാഅത്തിനേയും അവരുടെ ഇമാമിനെയും മുറുകെ പിടിക്കുക. ഇമാമും ജമാഅത്തും ഇല്ലെങ്കിൽ (അല്ലെങ്കിൽ കാണുവാൻ കഴിഞ്ഞില്ലെങ്കിൽ) എന്തു ചെയ്യണമെന്ന് ഹുദൈഫ ചോദിച്ചപ്പോൾ തിരുനബി (സ) നൽകിയ മറുപടി ഇപ്രകാരമാണ്. നീ എല്ലാ ഫിർക്കകളുമായുള്ള ബന്ധം വിച്ഛേദിക്കുക എന്നിട്ട് കാട്ടിൽ പോയി ജീവിക്കേണ്ടി വന്നെങ്കിൽ (ഫിർഖകളിൽ പെടുന്നതിനേക്കാളും) നിനക്ക് അതാണുത്തമം. (ബുഖാരി. പേ. 1487 ഹദീസ് നമ്പ്ര. 7084)

ഇവിടെ മുസ്‌ലിം സമുദായത്തിൽ കുഴപ്പങ്ങളും വിഭാഗീയതയും നടമാടുന്ന കാലത്തെ സംബന്ധിച്ചും ആ കാലത്ത് മുസ്‌ലിംകൾ സ്വീകരിക്കേണ്ട രക്ഷാ മാർഗങ്ങളെ സംബന്ധിച്ചും നബി (സ) വ്യക്തമായ നിലയിൽ മാർഗനിർദേശം നൽകുന്നു. നേരത്തെ സൂചിപ്പിച്ചത് പോലെ പ്രസ്തുത ഹദീസ് മിക്ക പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തപ്പെട്ടിരിക്കയാണെന്നും മാത്രമല്ല കേരളത്തിലെ മിക്ക മുസ്‌ലിം പ്രസിദ്ധീകരണങ്ങളിലും ഉദ്ധരിക്കപ്പെട്ടതുമാണ്. 73 വിഭാഗത്തെ പറ്റി പറയുന്ന ഹദീസിൽ വിവരിക്കപ്പെട്ട കാര്യങ്ങൾ തന്നെയാണ് ഇവിടെയും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഓർത്തിരിക്കേണ്ട ഏറെ പ്രസക്തമായ മറ്റൊരു കാര്യം തങ്ങൾ അൽ ജമാഅത്ത് ആണെന്നും തങ്ങൾക്ക് ഒരു ആഗോള ഇമാം ഉണ്ടെന്നും അവകാശപ്പെടുന്ന ഏക മുസ്‌ലിം കക്ഷി അഹ്മദിയ്യാ ജമാഅത്താണെന്നും മറ്റാർക്കും തന്നെ ഒരു ലോക നേതൃത്വമോ, സംഘടനാ സംവിധാനമോ ഇല്ലെന്ന കാര്യം സുവ്യക്തമാണ്. ഇത്രയും കാര്യങ്ങൾ പ്രാഥമികമായി സൂചിപ്പിച്ച ശേഷം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ഇതര മുസ്‌ലിം ജമാഅത്തും വ്യതിരിക്തത പുലർത്തുന്ന വിഷയങ്ങളെ സംബന്ധിച്ച് പരിശോധിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നു. ഈ കാര്യങ്ങൾ നമ്മൾ പരിശോധിക്കുമ്പോൾ അനഹ്മദി മുസ്‌ലിം സംഘടനാ വക്താക്കളിൽ പലരും തങ്ങളുടെ പൂർവ വിശ്വാസങ്ങളിൽ നിന്ന് വ്യതിചലിച്ചതായും അഹ്മദിയ്യാ ജമാഅത്ത് നേരത്തെ അംഗീകരിച്ച സത്യങ്ങൾ പലതും ഏറ്റു പറയുന്നതായും കാണാവുന്നതാണ്.

വിശുദ്ധ ഖുർആൻ നല്ല വചനത്തേയും ചീത്ത വചനത്തേയും നല്ല വൃക്ഷത്തോടും ചീത്ത വൃക്ഷത്തേടും ഉപമിച്ചതായി കാണം (സൂറ: ഇബ്റാഹിം 25) പരിശുദ്ധ വൃക്ഷത്തിന്റെ അടിവേര് ഭൂമിയിൽ ആണ്ടിറങ്ങിയതായും ഉറച്ചിരിക്കുന്നതായും വിവരിക്കുമ്പോൾ ചീത്ത വൃക്ഷത്തിന്റെ അടിവേര് ഭൂമിയുടെ ആഴങ്ങളിൽ ഇറങ്ങാത്തതും ഉപരിതലത്തിൽ നിന്ന് പിഴു തെറിയപ്പെട്ടതായും വിവരിച്ചു കാണാം. ഇവിടെ ഖുർആൻ മനസ്സിലാക്കിത്തരുന്ന ഒരു കാര്യം ദൈവിക വ്യവസ്ഥയുടെ ആദർശ അടിത്തറയും ദൈവേതര പ്രസ്ഥാനങ്ങളുടെ വിശ്വാസ / ആദർശത്തിന്റെ ഉറപ്പില്ലായ്മയുമാണ്. ഈ ഒരടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സത്യം കൂടുതൽ വ്യക്തമാവുന്നതാണ്. അഹ്മദിയ്യാ ജമാഅത്തും ഇതര മുസ്‌ലിം സംഘടനകളും വ്യതിരിക്തമായി നിലകൊള്ളുന്ന മൗലികമായ പ്രശ്നം ഹദ്റത്ത് അഹ്മദ് (അ) ന്റെ സത്യതയെ സംബന്ധിച്ചാണല്ലോ. തിരുനബി (സ) വാഗ്ദത്തം ചെയ്ത വാഗ്ദത്ത മസീഹ് താനാണെന്നും മുസ്‌ലിം സമൂഹം പ്രതീക്ഷിക്കും പോലെ ഇസ്രയേൽ മസീഹായ ഈസാ (അ) ആകാശത്ത് ഇന്നും ജീവിച്ചിരിക്കുകയോ വീണ്ടും വരികയോ ചെയ്യുകയില്ലെന്നുമാണല്ലോ അവിടുത്തെ പ്രഖ്യാപനം. വാഗ്ദത്ത മസീഹിന്റെ ആഗമന കാലഘട്ടത്തിൽ ഉണ്ടാകുമെന്ന് പ്രവചിക്കപ്പെട്ടിട്ടുള്ള ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും ആഗമനവും സംഭവിച്ചു കഴിഞ്ഞുവെന്നും അവിടുന്ന് വ്യക്തമാക്കുകയുണ്ടായി. പ്രസ് തുത പ്രവചനങ്ങൾ ഈ കാലഘ ട്ടത്തിൽ ഭൗതിക പുരോഗതിയുടെ ഉത്തുംഗത പ്രാപിച്ച യൂറോപ്യൻ ക്രൈസ്തവ സമൂഹത്തിൽ പൂർത്തിയായിരിക്കുന്നു എന്ന് അവിടുന്ന് ബുദ്ധിപരവും പ്രാമാണികവുമായ തെളിവുകൾ മുഖേന സ്ഥാപിക്കുകയുണ്ടായി. എന്നാൽ അദ്ദേഹ ത്തിന്റെ കാലഘട്ടത്തിൽ പണ്ഡിതന്മാർ ഈ കാര്യങ്ങളെ മുഴുവൻ നിഷേധിക്കുകയും ഈസാ നബി (അ) ആകാശത്ത് ജീവിച്ചി രിക്കുന്നു വെന്നും പ്രവചനത്തിലെ ബാഹ്യവിവരണത്തിൽ പറയപ്പെട്ടിട്ടുള്ള ഭീകരരൂപികളായ ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ്കളുടെ ആവിർ ഭാവം ഉണ്ടാവുമെന്നും ഈസാ നബി (അ) ഇറങ്ങി വരേണ്ട കാല ഘട്ടം പൂർത്തിയായിട്ടില്ലെന്നും വാദിക്കുകയാണ് ചെയ്തത്. ആ കാലഘട്ടത്തിൽ ഹ: അഹ്മദും (അ) മുസ്‌ലിം പണ്ഡിതന്മാരും തമ്മിൽ നടന്ന വാദപ്രതിവാദങ്ങളിലെല്ലാം ചർച്ചാവിഷയമായിട്ടുണ്ടായിരുന്നത് ഈസാ നബി (അ) യുടെ ജീവിത മരണ വിഷയമായിരുന്നു. ഹ: അഹ്മദി(അ)ന്റെ ശിഷ്യനായി തീർന്ന അഫ്ഗാനിസ്ഥാനിലെ സമുന്നത പണ്ഡിതൻ സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബിനെ എറിഞ്ഞു കൊല്ലുന്നതിന് മുമ്പ് അദ്ദേഹവുമായി കൊട്ടാര പണ്ഡിതന്മാർ നടത്തിയ സംവാദത്തിലെ വിഷയം ഈസാ നബി(അ) ജീവിത മരണ വിഷയം തന്നെയായിരുന്നു. കോഴിക്കോട്ടെ ഒജ്ജിന്റകം തറവാട്ടു മുറ്റത്ത് ഉല്പതിഷ്ണു പണ്ഡിതൻ കെ. എം മൗലവി സാഹിബും അഹ്മദിയ്യാ മുസ്‌ലിം മിഷനറി അബ്ദുല്ലാഹ് സാഹിബ് എച്ച്

എ യുമായി നടന്ന സംവാദവും ഈസാ നബി(അ) യുടെ വിഷയത്തെ സംബന്ധിച്ചായിരുന്നു. സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബിന്റെ ശഹാദത്തും തുടർന്ന് വാഗ്ദത്ത മസീഹ് ഹൃദയ സ്പൃക്കായ നിലയിൽ രചിച്ച 'തദ്ക്കിർത്തു ശഹാദത്തൈൻ' എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഈസാ നബി (അ) മരണപ്പെട്ടിരിക്കുന്നു എന്ന യാഥാർഥ്യവും തെളിയിച്ചു കാണിച്ച ശേഷം അതിമഹത്തായ ഒരു ദീർഘ ദർശനം രേഖപ്പെടു ത്തുകയും ചെയ്തിരിക്കുന്നു. ഈസാ നബി (അ) ജീവിച്ചിരിക്കുന്നു എന്ന വിശ്വാസവും അദ്ദേഹത്തിന്റെ ഇറക്കത്തെക്കുറിച്ചുള്ള പ്രത്യാശയും മുസ്‌ലിംകളും ക്രിസ്ത്യാനികളും കയ്യൊഴിയുന്ന കാലം വരാനിരിക്കുന്നു എന്നായിരുന്നു പ്രസ്തുത പ്രവചനം.

കാലമേറെ കഴിയുന്നതിന്ന് മുമ്പ് ഈസാ നബി (അ) മരിച്ചുപോയിരിക്കുന്നു എന്ന് മാത്രമല്ല മേൽ സൂചിപ്പിച്ച ദജ്ജാൽ യഅ്ജൂജ് മഅ്ജൂജ് ശക്തികളും വെളിപ്പെട്ടിരിക്കുന്നു എന്ന യാഥാർഥ്യവും പണ്ഡിത ലോകം സമ്മതിച്ചു കൊണ്ടിരിക്കയാണ്. ഈസാ നബി(അ) ജീവിച്ചിരിക്കുന്നുവെന്ന് അല്ലാഹുവിൽ ആണയിട്ട് പറയുവാൻ ധൈര്യപ്പെടുന്ന ആരും തന്നെ ഇക്കാലത്തെ പണ്ഡിതന്മാരിൽ ഇല്ലെന്ന് പറയുന്നതാവും ശരി. മുജാഹിദ് നേതാവ് അബ്ദുസ്സലാം സുല്ലമി എഴുതുന്നു: '*ഈസാ നബി മരണപ്പെട്ടുവെന്നും അദ്ദേഹം ഭൂമിയിലേക്ക് തിരിച്ചു വരികയില്ലെന്നും സംഘടനക്ക് രൂപം നൽകിയ ത്യാഗിവര്യന്മാരായ ചിലർ ശക്തിയായി പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. മറ്റൊരു വിഭാഗം അദ്ദേഹം മരിച്ചിട്ടില്ലെന്നും തിരിച്ചു വരുമെന്നും പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. മറ്റൊരു വിഭാഗം അതും ഇതും ആകാമെന്ന് എഴുതുകയും പ്രസംഗിക്കുകയും ചെയ്തു.* (മുജാഹിദുകൾക്ക് ആദർശ വ്യതിയാനമോ? . എ അബ്ദുസ്സലാം സുല്ലമി. പേജ് 8) ഇവിടെ മുജാഹിദ് പ്രസ്ഥാനത്തിന്റെ ആരംഭകാലത്തെ കാര്യമാണ് പറയുന്നതെങ്കിൽ ഇന്നിപ്പോൾ ജീവിച്ചിരിക്കുന്നു എന്ന് പറയുന്ന വിഭാഗത്തെ കാണുവാൻ തീരെ സാധിക്കുന്നില്ല എന്നതാണ് സത്യം. മുജാഹിദ് ജമാഅത്തെ ഇസ്‌ലാമി പണ്ഡി തന്മാരിൽ പ്രമുഖരിൽ പലരും ഈസാ നബി(അ) മരിച്ചു എന്ന് അംഗീകരിക്കുന്നതാണ് എന്ന സത്യം ഈ ലേഖനകന് തന്നെ നേരിട്ടറിയാവുന്നതാണ്. റാബിത്വ പ്രസിദ്ധീകരിച്ച ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷയിൽ ഈസാ നബിയുമായി ബന്ധപ്പെട്ട സൂക്തങ്ങൾക്കെല്ലാം അഹ്‌മദികൾ നൽകുന്ന സത്യമായ അർഥ വിവക്ഷ തന്നെ നൽകുകയുണ്ടായി. കേരളത്തിലെ അഹ്‌മദിയ്യാ വിരുദ്ധ കൂട്ടായ്മ അഞ്ചുമൻ ഇശാഅത്ത് പോലും തങ്ങളിൽ ഈസാ നബി ജീവിച്ചിരിക്കുന്നുവെന്നും മരിച്ചുവെന്നും വിശ്വസിക്കുന്നവരാണ് എന്ന് തുറന്ന് സമ്മതിക്കുന്ന നിലപാടാണ് അവരുമായി സംസാരിക്കേണ്ടി വന്ന പല സന്ദർഭങ്ങളിലും സ്വീകരിച്ചിട്ടുള്ളത്. ഈസാ നബി മരിക്കട്ടെ മരിക്കാതിരിക്കട്ടെ എന്ന പുതിയ അടവ് നയമാണ് ഉൽപതിഷ്ണു പണ്ഡിതന്മാർ ഇപ്പോൾ സ്വീകരിച്ചു വരുന്നത്.

ദജ്ജാലിന്റെ ആഗമനം യൂറോപ്യൻ നവോത്ഥാനത്തോടു കൂടി ഉണ്ടായിട്ടുള്ള ക്രൈസ്തവ മുന്നേറ്റത്തോടെയും അവർ സൃഷ്ടിച്ചു വെച്ചിട്ടുള്ള സാംസ്കാരിക ധാർമിക അപജയത്തേയുമെല്ലാം വരച്ചു കാട്ടുന്ന നബി (സ) തിരുമേനിയുടെ മഹത്തായ സത്യദൃഷ്ടാന്തം കൂടിയാണെന്ന് ഹദ്റത്ത് അഹ്‌മദ്(അ)ഉം അഹ്‌മദിയ്യാ ജമാഅത്തും ചൂണ്ടി കാട്ടുകയുണ്ടായി. എന്നാൽ അക്കാലത്തെ പണ്ഡിതന്മാരിൽ അങ്ങേയറ്റം യുക്തിസഹവും കണ്ണിന് മുന്നിൽ പുലർന്നുകാണുന്നതുമായ ഈ സത്യം അംഗീകരിക്കുവാൻ വിസമ്മതിക്കുകയും ഭീകരരൂപികളായ ദജ്ജാലിന്റെ ആഗമനത്തിൽ പ്രതീക്ഷ അർപ്പിക്കുകയുമായിരുന്നു. എന്നാൽ ഇന്നിപ്പോൾ ഈ സുപ്രധാന വിഷയത്തിലും അഹ്‌മദിയ്യാ വീക്ഷണ ഗതിയെ പ്രത്യക്ഷരം സ്വീകരിച്ച കാഴ്ച്ചയാണ് കാണുന്നത്. റാബിത്വയുടെ ഇംഗ്ലീഷ് ഖുർആൻ വിവർത്തകനും സുദീർഘകാലം അറബി പണ്ഡിതന്മാരുടെ സഹവാസത്തിൽ കഴിഞ്ഞ പണ്ഡിതനുമായിരുന്ന അല്ലാമാ മുഹമ്മദ് അസദ് 'മക്കയിലേക്കുള്ള പാത' എന്ന തന്റെ വിഖ്യാത പുസ്തകത്തിൽ (ഐ പി എച്ച് പ്രസിദ്ധീകരണം. പരി: എം എൻ കാരശ്ശേരി) ദജ്ജാലിനെ സംബന്ധിച്ച് വിവരിക്കുന്ന ഒരു പ്രത്യേക അദ്ധ്യായം തന്നെ രചിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യായത്തിൽ അഹ്‌മദിയ്യാ ജമാഅത്തിന്റെ വീക്ഷണങ്ങളെ പൂർണമായും ശരിവെച്ചുകൊണ്ട് നബി തിരുമേനി (സ) യുടെ പ്രവചനങ്ങളെ വ്യക്തമായ നിലയിൽ വിവരിച്ചത് കാണാം.

അദ്ദേഹം വിവരിക്കുന്നത് കാണുക: 'അതൊരു നീണ്ട കഥയാണ് ഞാൻ മറുപടി പറയുന്നു. അത് ഏതാനും വാക്കുകളിൽ പറഞ്ഞു തീർക്കാനാകില്ല. ഫറാഞ്ചികളുടെ (യൂറോപ്യന്മാരുടെ) ലോകം ദജ്ജാലിന്റെ പളപളപ്പുള്ള മോഹജനകമായ ലോകമായി മാറിയിരിക്കുന്നുവെന്ന് മാത്രമേ എനിക്ക് പറയാനാവുകയുള്ളൂ. അവസാന കാലത്ത് ഭുരിപക്ഷം പേരും ദജ്ജാൽ ദൈവമാണെന്ന് വിശ്വസിച്ച് അവനെ പിൻപറ്റുമെന്ന് പ്രവാചകന്റെ പ്രവചനം നിങ്ങൾ കേട്ടിട്ടില്ലേ?

അയാൾ ചോദ്യഭാവത്തിൽ എന്നെ ഒന്നുനോക്കി. ശൈഖ് ഇബ്നു സുലൈഹിന്റെ പ്രത്യക്ഷമായ അനുവാദത്തോടെ ഞാൻ വിശദീകരി ക്കാനാരംഭിച്ചു. ദജ്ജാൽ എന്ന ജീവിയുടെ വരവിനെക്കുറിച്ചുള്ള പ്രവചനം ഒറ്റക്കണ്ണനായ അവന് ദൈവം നൽകിയ ഒരുപാട് അദൃശ്യ ശക്തികൾ ഉണ്ടായിരിക്കും. ഭൂമിയുടെ ഏത് കോണിൽ വെച്ച് നടക്കുന്നതും സ്വന്തം കാതുകൾ കൊണ്ട് അവൻ കേൾക്കും. അനന്തമായ വിദൂരതയിൽ നടക്കുന്ന കാര്യങ്ങൾ പോലും അവൻ സ്വന്തം കണ്ണ് കൊണ്ട് കാണും. അവൻ ദിവസങ്ങൾ കൊണ്ട് ഭൂമിക്ക് ചുറ്റും പറക്കും. ഭൂമിക്കടിയിൽ നിന്ന്

സ്വർണത്തിന്റെയും വെള്ളിയുടേയും നിധികൾ പെട്ടെന്ന് വെളിപ്പെടുത്തുവാൻ അവന് സാധിക്കും. സ്വന്തം കൽപ്പന കൊണ്ട് മഴപെയ്യിക്കാൻ അവന് സാധിക്കും. സസ്യങ്ങൾ വളർത്തും. മരണം കൊടുക്കുവാനും ജീവൻ വീണ്ടെടുക്കാനും, വിത്തിടാനും അവന് സാധിക്കും അങ്ങനെ വിശ്വാസത്തിന് ബലമില്ലാത്തവൻ അവൻ തന്നെയാണ് ദൈവമെന്ന് വിശ്വസിക്കുകയും അവന്റെ മുന്നിൽ ഭയഭക്തിയോടെ സാഷ്ടാംഗം വീഴുകയും ചെയ്യും. പക്ഷേ വിശ്വാസത്തിൽ ബലമുള്ളവൻ അവന്റെ നെറ്റിയിൽ ദൈവനിഷേധി എന്ന് ജ്വാലകൊണ്ട് എഴുതിയത് വായിക്കും. അങ്ങനെ വിശ്വാസം പരീക്ഷി ക്കാനുള്ള ഉപായം മാത്രമാണ് ദജ്ജാൽ എന്ന് തിരിച്ചറിയും.

എന്റെ ബദവി സുഹൃത്ത് വിടർന്ന കണ്ണുകളോടെ എന്നെ നോക്കിയിരുന്ന് പിറുപിറുക്കുകയാണ്. ഞാൻ ദൈവത്തിൽ സഹായം തേടുന്നു. ഞാൻ ഇബ്നു സുലൈഹി ന്റെ നേരെ തിരിഞ്ഞു.

'ശൈഖ്! ഈ ഉപമ ആധുനിക സാങ്കേതിക സംസ്കാരത്തിന്റെ ഏറ്റവും നല്ല വിവരണമാണല്ലോ അതിന് ഒറ്റക്കണ്ണേ ഉള്ളൂ. അതായത് അത് ജീവിതത്തിന്റെ ഒരു വശത്തേക്ക് മാത്രമേ നോക്കുകയുള്ളൂ. ഭൗതിക പുരോഗതിയിലേക്ക് മാത്രം. ജീവിത ത്തിന്റെ ആത്മീയ വശത്തെ ക്കുറിച്ച് അതിന് യാതൊന്നും അറിഞ്ഞു കൂടാ. അതിന്റെ യാന്ത്രികമായ അത്ഭുതങ്ങൾ കൊണ്ട് തന്റെ സഹജമായ കഴിവുകൾക്കപ്പുറം മനുഷ്യന് കാണാനും കേൾക്കാനും കഴിയുന്നു. സങ്കൽപ്പിക്കാനാകാത്ത യത്ര വേഗതയിൽ അനന്തമായ ദൂരം താണ്ടാനും കഴിയുന്നു. അതിന്റെ ശാസ്ത്രീയ ജ്ഞാനം മഴപെയ്യിക്കാനും സസ്യങ്ങൾ വളരാനും കാരണമാവുന്നു. ഭൂമിക്കടിയിലെ ഊഹിക്കാനാവാത്ത നിധികൾ കണ്ടെത്താനും ഈ ജ്ഞാനം ഉതകുന്നു. അതിന്റെ ഔഷധങ്ങൾ മരണം വിധിക്കപ്പെട്ടവരെന്ന് തോന്നുന്നവർക്ക് ജീവിതം വീണ്ടെടുത്ത് കൊടുക്കുന്നു. അതേസമയം യുദ്ധങ്ങളും മറ്റു ശാസ്ത്രീയ ഭീകരതകളും ജീവിതം നശിപ്പിക്കുകയും ചെയ്യുന്നു. വിശ്വാസത്തിന് ബലമില്ലാത്തവർക്ക് അതിന് സ്വന്തമായി ദൈവികത്വമുണ്ടെന്ന് തോന്നിപ്പോവുമാറ് അതിന്റെ ഭൗതിക മുന്നേറ്റം അത്ര ശക്തവും തിളക്കമാർന്നതുമാണ്. പക്ഷേ സ്വന്തം സ്രഷ്ടാവിനെ പറ്റി ബോധം നിലനിർത്തുന്നവർക്ക് ദജ്ജാലിനെ ആരാധിക്കുക എന്നത് ദൈവത്തെ നിഷേധിക്കലാണ് എന്ന വ്യക്തമായ ധാരണയുണ്ടാവും.'(മക്കയിലേക്കുള്ള പാത പേജ്. 440 441)

ഗ്രന്ഥകാരന്റെ ഈ വിവരണം കേട്ട അറബ് പണ്ഡിതൻ അപ്പോൾ തന്നെ ഈ വിവരണം ശരി വെക്കുന്നതായി തുടർന്ന് വിവരിക്കുന്നു. അൽപ്പം ദീർഘമായിരുന്നിട്ടും ഈ ഉദ്ധരണി ഇവിടെ കുറിക്കുവാൻ കാരണം ഈ കാലഘട്ടത്തിന്റെ ഈ യാഥാർഥ്യം വായനക്കാർ മനസ്സിലാക്കേണ്ടതിന്റെ അനിവാര്യത കാരണമാണ്.

സുന്നി വിഭാഗക്കാർ പോലും ഈ യാഥാർഥ്യം മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു എന്നതാണ് വസ്തുത. കാന്തപുരം വിഭാഗത്തിന്റെ വിദ്യാർഥി വിഭാഗമായ എസ് എസ് എഫ് ഈയ്യിടെ നടത്തിയ 'സാംസ്കാരിക സാമ്രാജ്യം വിസമ്മതിക്കുക' എന്ന കാമ്പയിനിലെ പ്രാസംഗികൻ മേൽ പറഞ്ഞ ഗ്രന്ഥം ഉദ്ധരിച്ച് കൊണ്ട് തന്നെ ഇക്കാര്യം വിവരിക്കുകയുണ്ടായി. ഈ കെ വിഭാഗം സുന്നികളുടെ ദർശന ടി വി യിലെ നിവാരണം എന്ന പ്രോഗ്രാമിൽ അവതാരകൻ പ്രമുഖ പണ്ഡിതൻ മുസ്തഫ ഫൈസി പ്രസ്തുത പരിപാടിയിൽ ദജ്ജാലിനെ സംബന്ധിച്ച അഹ്മദിയ്യാ വീക്ഷണം ശരിവെക്കുന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രബോധനം വാരികയിൽ 'പ്രവാചക പ്രവചന ങ്ങളും സമകാലിക സമസ്യകളും' എന്ന ലേഖനത്തിൽ ദജ്ജാലിനെ സംബന്ധിച്ച പ്രവചനങ്ങൾ സ്വപ്ന ദർശനത്തോട് സാമ്യമുള്ളതാണെന്ന് വ്യക്തമാക്കിക്കൊണ്ട് പഴഞ്ചൻ വീക്ഷണത്തെ തള്ളുകയുണ്ടായി. ഇക്കൂട്ടർക്ക് കാര്യങ്ങൾ വ്യക്തമായി പറയുന്നതിന് തടസ്സമായി നിൽക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെയും ഹ: അഹ്മദ് (അ)ന്റെയും സത്യത വ്യക്തമായി പോവുമോ എന്ന ഭീതി മാത്രമാണ്.

യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ച അഹ്മദിയ്യാ വീക്ഷണവും ഇതേ മുസ്‌ലിം പണ്ഡിതന്മാർ ശരിവെച്ചുകൊണ്ടിരിക്കുകയാണ്. ദജ്ജാൽ എന്നും യഅ്ജൂജ് മഅ്ജൂജ് എന്നും വിവരിക്കപ്പെട്ടിരിക്കുന്നത്. ഒരു ജനവിഭാഗത്തിലെ കുഴപ്പക്കാരായ രണ്ട് വിഭാഗങ്ങളെ സംബന്ധിച്ചാണെന്നും നൂഹ് നബി (അ) യുടെ സന്തതികളിൽപ്പെട്ടവരാണ് ഇക്കൂട്ടരെന്നും പൂർവിക ഖുർആൻ വ്യാഖ്യാതാക്കളിൽ പലരും വ്യക്തമാക്കിയിട്ടുണ്ട്. വാഗ്ദത്ത മസീഹ് ഈ വിഭാഗക്കാർ റഷ്യൻ വിഭാഗക്കാരും ഇംഗ്ലീഷ് വിഭാഗക്കാരു മാണെന്ന് വ്യക്തമായി വിവരിച്ചിട്ടുണ്ട്. ( ഈ വിഷയം വിവരിക്കുക എന്നതല്ല ഈ ലേഖനത്തിന്റെ ഉദ്ദേശ്യം) ഈ വിഷയത്തിലും പഴഞ്ചൻ വീക്ഷണം വെച്ചു പുലർത്തുന്നത്കൊണ്ട് വാഗ്ദത്ത മസീഹിനെയും അഹ്മദിയ്യാ ജമാഅത്തിനെയും ഭത്സിക്കാനായിരുന്നു പണ്ഡിതന്മാർ മുതിർന്നിരുന്നത്. കാലം പിന്നിട്ടപ്പോൾ പണ്ഡിതന്മാർ സത്യം മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. ഖത്തറിലെ സർവാദരണീയ മുസ്‌ലിം പണ്ഡിതൻ ശൈഖ് അബ്ദുല്ലാ ബിൻ സൈദ് അൽ മഹ്മൂദ് രചിച്ച ജമാഅത്തെ ഇസ്‌ലാമിക്കാരൻ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച 'മഹ്ദി മിഥ്യ' - എന്ന പുസ്തകത്തിൽ വ്യക്തമായ നിലയിൽ ഈ വിഷയം വിവരിക്കുന്നത് കാണാം. വളരെ വ്യക്തമായ നിലയിൽ യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ച പ്രവചനം യൂറോപ്യൻ സമൂഹത്തിൽ പുലർന്നതായി അദ്ദേഹം സമർഥിക്കുന്നു.

'മുസ്‌ലിംകൾ ഈ വിഷയത്തിൽ അജ്ഞതയിലും അന്ധതയിലും കഴിയുമ്പോൾ ഖസീമിലെ (സഊദി) ശൈഖ് അബ്ദുർ റഹ്മാൻ ബിൻ നാസിർ സഅ്ദി വിജ്ഞാനത്തിന്റെ ദീപശിഖയുമായെത്തി. അദ്ദേഹം പറഞ്ഞു: യഅ്ജൂജ് മഅ്ജൂജ് എവിടെയാണെന്നന്വേഷിച്ച് ദൂരെയൊന്നും പോവേണ്ട അവരെക്കുറിച്ചാലോചിച്ച് ബുദ്ധി മഥിക്കേണ്ടതുമില്ല. നിങ്ങളുടെ ഇടത്തും വലത്തും പിന്നിലുമെല്ലാം അവരുണ്ട്. അവിശ്വാസികളായ വിവിധ സമുദായങ്ങളാണവർ കൊതിയന്മാർ ഭക്ഷണ തളികയിൽ വന്ന് വീഴുന്നത് പോലെ അവർ നിങ്ങളുടെ മേൽ ചാടിവീഴും. നാനാ ഭാഗങ്ങളിൽ നിന്നുമവർ നിങ്ങളുടെ നേരെ പ്രവഹിക്കും. മുസ്‌ലിംകളായ അറബികളുടെ നാട്ടിൽ പെട്രോൾ ഉണ്ടെന്ന് മണത്തറിഞ്ഞ് അവർ കണ്ണ്വെച്ചിരിക്കുന്നു......അവരുടെ വിശേഷങ്ങളെക്കുറിച്ച് നബി (സ) യുടെ വചനങ്ങളിൽ നിന്ന് മനസ്സിലാക്കുകയും ഖുർആൻ വ്യാഖ്യാതാക്കളും ചരിത്രകാരന്മാരും ദുൽഖർനൈനെ ക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ പഠിക്കുകയും ഭൂമുഖത്ത് ജീവിച്ചിരിക്കുന്ന മനുഷ്യ വർഗങ്ങളെക്കുറിച്ചറിയുകയും ചെയ്തവർക്കെല്ലാം മനസ്സിലാക്കാൻ കഴിയുന്ന ഒരു യാഥർഥ്യമാണ്, യഅ്ജൂജ് മഅ്ജൂജ് എന്ന് പറയുന്നത് ഈ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞ ആളുകളെക്കുറിച്ചാണെന്ന്. ഇവർ റഷ്യ, തുർക്കി, ജർമനി, ഇറ്റലി, ഫ്രാൻസ് ഇംഗ്ലണ്ട്, അമേരിക്ക, ജപ്പാൻ തുടങ്ങിയ നാടുകളിൽ നിന്നെല്ലാം ആവാം' (മഹ്ദി മിഥ്യ. 100 -105) സഊദി പണ്ഡിതന്റെ മേൽ വിവ രിച്ച വീക്ഷണം മറ്റു സഊദി പണ്ഡിതന്മാർ എതിർക്കുകയും ഇദ്ദേഹം ശരീഅത്ത് കോടതി മുമ്പാകെയും പണ്ഡിതന്മാർക്ക് മുമ്പാകെയും തെളിവുകൾ സമർപ്പിച്ച് കാര്യം വ്യക്തമാക്കി യപ്പോൾ മറ്റുള്ളവരുടെ തെറ്റിദ്ധാരണ നീങ്ങി. അദ്ദേഹത്തിന്റെ വീക്ഷണം അംഗീകരിക്കപ്പെട്ടുവെന്ന്കൂടി വെളിപ്പെടുത്തുന്നുണ്ട് ഗ്രന്ഥകാരൻ. സുന്നികളുടെ മുഖപത്രമായ സുന്നി വോയ്സിൽ അതിന്റെ ചീഫ് ഏഡിറ്ററായ നെല്ലിക്കുത്ത് ഇസ്മായിൽ മുസല്ല്യാർ ഈ വീക്ഷണം അവതരിപ്പിച്ചുകൊണ്ട് എഴുതിയ ലേഖനം ഏറെ ചർച്ചകൾക്ക് വിധേയമാവുകയുണ്ടായി. ഇ കെ വിഭാഗം സുന്നികളുടെ പ്രമുഖ പണ്ഡിതനും പ്രഭാഷകനുമായ ബഹാവുദ്ദീൻ നദ്‌വി കൂരിയാട് യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ച് അഹ്മദികളുടെ വിശ്വാസം തന്നെ പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രഭാഷണം യു റ്റ്യൂബിൽ ലഭ്യമാണ്. ജമാഅത്തെ ഇസ്‌ലാമി അമീറും കേന്ദ്ര ശൂറാ അംഗവുമായ ടി കെ അബ്ദുല്ല സാഹിബും നിരവധി പ്രഭാഷണങ്ങളിൽ ഇക്കാര്യം അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യം ജമാഅത്ത് സുഹൃത്തുക്കൾ തന്നെ വ്യക്തമാക്കുകയുണ്ടായി. ശ്രദ്ധേയമായ മറ്റൊരു കാര്യം ദജ്ജാൽ യഅ്ജൂജ് മഅ്ജൂജ് വിഷയത്തിൽ പണ്ഡിതന്മാരുടെ നിരീക്ഷണങ്ങൾക്കെതിരിൽ ഒരു വിയോജനക്കുറിപ്പ് പോലും ഇക്കൂട്ടർ പ്രസിദ്ധീകരിച്ചു കാണുന്നില്ല എന്നതാണ്. മറ്റുള്ളവരുടെയും മനസ്സാക്ഷി ഈ യാഥാർഥ്യം അംഗീകരിക്കുന്നു എന്നതാണ്. ദജ്ജാലും യഅ്ജൂജ് മഅ് ജൂജും വെളിപ്പെട്ടു വെങ്കിൽ വാഗ്ദത്ത മസീഹ് വെളിപ്പെട്ടിട്ടില്ല എന്ന് ആർക്കും പറയാൻ കഴിയുകയില്ല.

ഈസാ നബി (അ) യുടെ കാര്യത്തിൽ അഹ്മദിയ്യാ പണ്ഡിതന്മാരെ നേരിടാൻ കഴിയില്ല എന്ന് മനസ്സിലാക്കിയ ആധുനിക പണ്ഡിതന്മാർ പ്രവാചക പരിസമാപ്തി എന്ന പുതിയ വാദഗതിയുമായാണ് പുറപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ 33-ാം അദ്ധ്യായം (സൂറ: അഹ്സാബ് 40-ാം വചനത്തിലെ ഖാത്തമുന്നബിയ്യീൻ എന്നതിന് അവസാനത്തെ പ്രവാചകൻ എന്ന് അർഥം കൊടുത്ത് കൊണ്ടായിരുന്നു ഇവരുടെ രംഗ പ്രവേശനം. എന്നാൽ പ്രവാചക പരിസമാപ്തി വിഷയത്തിലും ഇക്കൂട്ടർക്ക് വഴി തെറ്റിയിരിക്കുന്നു. എന്നതാണ് പുതിയ സംഭവവികാസം. ഖാദിയാനികൾ കാഫിറാണ് എന്ന് ഞങ്ങളാണ് ആദ്യം പറഞ്ഞത് എന്ന് പെരുമ്പറ മുഴക്കാറുള്ള സമസ്തക്കാർ ഇപ്പോൾ ചുവട് മാറ്റി ചവിട്ടിയിരിക്കുന്നു. ഇ കെ സുന്നികളുടെ കേരളത്തിലെ ഏറ്റവും ഉന്നത സ്ഥാപനമാണ് ദാറുൽ ഹുദാ ഇസ്‌ലാമിക് അക്കാദമി. ഈയ്യിടെ അവർ പ്രസിദ്ധീകരിച്ച, അക്കാദമി ഡയറക്ടറും ലോക മുസ്‌ലിം പണ്ഡിത സഭാംഗവുമെല്ലാമായ ബഹാവുദ്ദീൻ നദ്‌വി കൂരിയാടിന്റെ ഖുർആൻ പരിഭാഷയിൽ സൂറ: അഹ്സാബിലെ 40-ാം വചനത്തിലെ ഖാതമുന്നബിയ്യിൻ എന്ന വാക്കിന് അതിശ്രേഷ്ഠനായ പ്രവാചകൻ എന്നാണ് അർഥം നൽകിയിരിക്കുന്നത്. അടിക്കുറിപ്പിൽ ' അതിശ്രേഷ്ഠ പദവിയുള്ള അന്തിമ പ്രവാചകൻ' എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ അടിക്കുറിപ്പ് വ്യക്തമാക്കുന്നത് തന്റെ മനസ്സിലുള്ള അന്ത്യപ്രവാചക വിശ്വാസം ഓർത്തു കൊണ്ട് തന്നെയാണ് പ്രസ്തുത വചനത്തിന് അതിന്റെ യഥാർഥ അർഥം നൽകിയിരിക്കുന്നത് എന്നാണ്. അഹ്മദികളുമായുള്ള നിരന്തര സംവാദങ്ങൾക്ക് ശേഷം ഖാതമുന്നബിയ്യീൻ എന്നതിന് അന്ത്യപ്രവാചകൻ എന്ന അർഥം നൽകാതെ നിവർത്തിയില്ല എന്ന് തിരിച്ചറിവ് ഇക്കൂട്ടർക്കെല്ലാം ഉണ്ടായിരിക്കുന്നു.

മുജാഹിദിങ്ങളുടെ മുഹമ്മദ് അമാനി രചിച്ച ആധികാരിക ഖുർആൻ വ്യാഖ്യാനത്തിൽ വേദവും വിജ്ഞാനവും നൽകിയ ശേഷം അതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ പിന്നീട് വന്നാൽ സ്വീകരിക്കപ്പെടണമെന്ന ഉടമ്പടി ( 3:81) തിരുനബിയോടും വാങ്ങിയിരിക്കുന്നുവെന്ന യഥാർഥ്യം (33:7) വ്യക്തമാക്കി യിരിക്കുന്നു. (ഖുർആൻ വിവരണം, മുഹമ്മദ് അമാനി മൗലവി, സൂറ: അഹ്സാബ് 7-ാം വചനത്തിന്റെ അടിക്കുറിപ്പ്). നിരവധി പതിപ്പുകൾ ഇറങ്ങിയിട്ടും മുജാഹി ദുകൾ പ്രസ്തുത ഭാഗം തിരുത്തുകയോ അവരുടെ

ശേഷം പേജ് 42 ൽ

# ഇബ്‌ലീസ് ശയ്ത്വാൻ

അരൂപികളെന്ന് പറയുന്ന ഈ സത്വങ്ങളുടെ
ഖുർആനികവും ധാത്വാർഥപരവുമായ ഒരന്വേഷണം.

മൗലവി മുഹമ്മദ് അലവി (മർഹൂം)

ഇബ്‌ലീസ് എന്നും ശയ്ത്വാൻ എന്നും രണ്ട് പദയോഗങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. ഇവയുടെ അർഥവും വിവക്ഷയും അറിയാത്തവരാണ് അധികമാളുകളും. വിശുദ്ധ ഖുർആനിൽ ആഴത്തിൽ ചിന്തിച്ച് അതിന്റെ അർഥവും താൽപര്യവും ഗ്രഹിക്കുക എന്നത് മിക്കവർക്കും അത്ര എളുപ്പമുള്ള കാര്യമല്ല. അതേ സമയം അവയുടെ യഥാർഥ അർഥം അറിയാൻ ആഗ്രഹിക്കുന്നവർ കുറച്ചൊന്നുമല്ല താനും.

**ശബ്ദാർഥം**: 'അബ്‌ലസ' എന്ന ധാതുവിൽ നിന്ന് വ്യുൽപന്നമായ ഇബ്‌ലീസ് എന്ന പദത്തിന്റെ അർഥം സൽക്കർമ ബോധം ക്ഷയിച്ച് ദുഷ്ക്കർമ വാസന വർധിച്ചവൻ എന്നാണ്. സ്വശക്തിയിൽ വിശ്വാസം നഷ്ടപ്പെട്ടവൻ, ദൈവാനുഗ്രഹത്തിൽ നൈരാശ്യം ബാധിച്ചവൻ, ലക്ഷ്യപ്രാപ്തിക്ക് വഴികാണാതെ അന്ധാളിച്ചവൻ എന്നൊക്കെയാണ്. ഈ വിശേഷണങ്ങളൊക്കെയും ഒരുമിച്ചു കൂടിയ ദുരാത്മാവിനെയാണ് അറബിയിൽ ഇബ്‌ലീസ് എന്ന് പറയുന്നത്.

'ശത്വന'അല്ലങ്കിൽ 'ശാത്വ' എന്ന ധാതുവിൽ നിന്ന് ഉത്ഭവിച്ചതാണ് ശയ്ത്വാൻ ശബ്ദം. സത്യത്തിൽ നിന്ന് വിദൂരപ്പെട്ടവൻ, വിദ്വേഷത്താലോ കോപത്താലോ ജ്വലിക്കുന്നവൻ, അക്രമി, നാശകൻ എന്നീ അർഥങ്ങളിൽ പ്രയുക്തമാവുന്ന ഒരു നാനാർഥ പദമാണിത്.

**ഇബ്‌ലീസ്**: വിശുദ്ധ ഖുർആനിൽ പതിനൊന്ന് സ്ഥലത്ത് ഇബ്‌ലീസ് എന്ന പദം പ്രസ്താവിക്കപ്പെട്ടു കാണുന്നു. ഇതിൽ ഒമ്പത് സ്ഥലത്ത് പ്രസ്താവിച്ചിരിക്കുന്നത് ഇബ്‌ലീസ് സുജൂദ് ചെയ്യാതെ (അനുസരണം) ഹദ്റത്ത് ആദമിനെ ധിക്കരിച്ചതിനെക്കുറിച്ചാണ്. ബാക്കി രണ്ട് സ്ഥലത്ത് ഈ സുജൂദ് കാര്യമല്ല പ്രതിപാദിച്ചിട്ടുള്ളത്. ഒരിടത്ത് ഇബ്‌ലീസിന്റെ തുടർച്ചക്കാർ നരകവാസികളായിരിക്കുമെന്നും മറ്റൊരു സ്ഥലത്ത് സബാ നാട്ടുകാരെ സംബന്ധിച്ചിടത്തോളം അവന്റെ സങ്കൽപ്പം ശരിയായി പുലർന്നു വെന്നും ഏതൊരു കൂട്ടർ തനിക്ക് വശംവദരെന്ന് ഇബ്‌ലീസ് സങ്കൽപ്പിച്ചുവോ അവർ അവന് വഴിപ്പെട്ടുവെന്നും പറഞ്ഞിരിക്കുകയാണ്. ഇതിൽ നിന്നും ഇബ്‌ലീസ് ഹദ്റത്ത് ആദമിന് അനുസരണം കാണിക്കാതെ ധിക്കരിച്ച ദുരാത്മാവാണെന്ന് വ്യക്തമാവുന്നു.

ശയ്ത്വാൻ ദൈവിക പ്രസ്ഥാനത്തിൽ സ്വയം പ്രവേശിക്കാതിരിക്കുകയും പ്രവേശിക്കാൻ ശ്രമിക്കുന്നവരെ തടസ്സപ്പെടുത്തുകയും സത്യസംഘത്തിന്റെ വളർച്ചയെ തടഞ്ഞു നിർത്തുവാൻ അനസ്യൂതം പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നിട്ടും സത്യസംഘം അത്യുന്നതിയിലേക്ക് കുതിക്കുന്നത് കണ്ട് നൈരാശ്യം നിമിത്തം സ്വയം ജ്വലിക്കുന്ന അവിശ്വാസികളുടെ നേതാക്കൾക്ക് ശയ്ത്വാൻ എന്ന പദം വിശേഷണ നാമമായി വിശുദ്ധ ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്. അന്ത്യനാളിൽ അവിശ്വാസികൾ പറയുന്നതായി ഖുർആൻ പറയുന്നു:

*'റബ്ബനാ ഇന്നാ അത്വഅ്നാ സാദത്തനാ വകുബ്റാ അനാ ഫഅല്ലുനസ്സബീലാ' ഞങ്ങളുടെ നാഥാ ഞങ്ങളുടെ നേതാക്കളെയും വലിയവരെയും ഞങ്ങൾ അനുസരിച്ചു. അങ്ങനെ അവർ ഞങ്ങളെ വഴി പിഴപ്പിച്ചു.' (35: 68)*

ഇതിൽ നിന്നും അവിശ്വാസികൾ ദൈവിക പ്രസ്ഥാനത്തെ പിൻപറ്റാതിരിക്കുന്നതിനുള്ള കാരണം നേതാക്കന്മാരും പ്രമാണികളും അവരെ നിഷേധിക്കുകയും ദുർബോധനം ചെയ്യുകയും ചെയ്യുന്നത് കൊണ്ടാണെന്ന് വ്യക്തമാവുന്നു.

## ഇബ്‌ലീസും ശയ്ത്വാനും വ്യത്യസ്ത വ്യക്തികൾ

ആദമിന് സുജൂദ് ചെയ്യാതെ ധിക്കാരം പ്രവർത്തിച്ചതിനെക്കുറിച്ച് പറഞ്ഞിടത്തെല്ലാം ശയ്ത്വാനെന്ന പേരാണ് വിശുദ്ധ ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. ഇങ്ങനെ സുജൂദിനെ നിഷേധിച്ചതിന്റെ ക്രിയ ഇബ്‌ലീസിന്റേതായിട്ടും ആദമിനെ വ്യതിചലിപ്പിക്കാനായി ചെയ്ത ശ്രമം ശയ്ത്വാന്റേതായിട്ടും വ്യത്യാസപ്പെടുത്തി പറഞ്ഞിരിക്കുന്നതിൽ നിന്ന് സുജൂദിനെ നിഷേധിക്കുകയും വഴിതെറ്റിക്കാൻ ശ്രമിക്കുകയും ചെയ്ത ക്രിയകൾ രണ്ടും വ്യത്യസ്തമായ പ്രവർത്തികളാണെന്ന പോലെ അവ രണ്ടിന്റെയും കർത്താക്കൾ വ്യത്യസ്ത വ്യക്തികളാണെന്നും വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് സുജൂദിനെ നിഷേധിച്ചത് ഇബ്‌ലീസും വഴി

തെറ്റിക്കാൻ ശ്രമിച്ചത് ശയ്ത്വാനും ആണെന്ന് വ്യക്തമായി.

## മനുഷ്യരായ ശയ്ത്വാൻ

മനുഷ്യനെ നന്മയിലേക്കും തിന്മയിലേക്കും പ്രേരിപ്പിക്കുന്ന രണ്ട് വിരുദ്ധമായ പ്രേരകശക്തികളുണ്ട്. നന്മയിലേക്ക് പ്രചോദിപ്പിക്കുന്ന ശക്തിക്ക് മലക്ക് എന്നും തിന്മയിലേക്ക് പ്രചോദിപ്പിക്കുന്ന ശക്തിക്ക് ഇബ്‌ലീസ് എന്നുമാണ് ഖുർആൻ പേരു പറഞ്ഞിരിക്കുന്നത്. മനുഷ്യരെ കുറിച്ച് ഇബ്‌ലീസാണെന്ന് ഖുർആനിൽ എവിടെയും ഉപയോഗിച്ച് കാണുന്നില്ല. എന്നാൽ ശയ്ത്വാൻ എന്നത് വ്യാപകാർഥത്തിൽ ഉപയോഗിക്കുന്ന പദമാണ്. ഇത് ഇബ്‌ലീസാകുന്ന ദുഷ്പ്രേരക ശക്തിക്ക് ഉപയോഗിക്കപ്പെടുന്നത് പോലെ അവന്റെ പ്രാതിനിധ്യം വഹിച്ച് പ്രവർത്തിക്കുന്ന മനുഷ്യർക്കും പ്രയോഗിക്കപ്പെട്ടതായി ഖുർആനിൽ പല ഉദാഹരണങ്ങളും പ്രയോഗങ്ങളും എടുത്ത് കാണിക്കാവുന്നതാണ് . ഈ പദം മനുഷ്യരെക്കുറിച്ച് പ്രയോഗിക്കപ്പെട്ട സന്ദർഭങ്ങൾ ആപേക്ഷികമായി ദുർലഭമാണെന്ന് തോന്നുന്നു.

1. കപട വിശ്വാസികളുടെ വഞ്ചനാപരമായ നയത്തെക്കുറിച്ച് പറയുന്നു. അവർ തങ്ങളുടെ ശയ്ത്വാന്മാരുമായി തനിച്ചായാൽ അവർ പറയും നിശ്ചയമായും ഞങ്ങൾ നിങ്ങളോട് കൂടെയാണ് (2:15). ഇവിടെ ശയാത്വീൻ (ശയ്ത്വാന്മാർ) എന്നത് കൊണ്ട് വിവക്ഷിതം അവിശ്വാസികളുടെ നേതാക്കന്മാരാണെന്നതിൽ സംശയമില്ല. അവർ നബി (സ) തിരുമേനിക്കും അനുയായികൾക്കുമിടയിൽ ജനങ്ങളെ ഇളക്കിവിടാനും ഉപദ്രവങ്ങൾ ഉണ്ടാക്കാനും മറ്റുള്ളവർക്ക് ദുഷ് പ്രേരണകൾ നൽകുകയും ചെയ്തുകൊണ്ട് ഇബ്‌ലീസിന്റെ പ്രാതിനിധ്യം വഹിച്ചിരുന്നതിനാലാണ് അവർക്ക് ശയ്ത്വാന്മാരെന്ന ദുർനാമം നൽകപ്പെട്ടതെന്ന് പൂർവികരായ വ്യാഖ്യാതാക്കൾ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2. അവിശ്വാസികളുടെ ഒരു ഏജന്റിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: സുജൂദിനെ നിഷേധിക്കുകയും വഴിതെറ്റിക്കുകയും ചെയ്ത ക്രിയകൾ രണ്ടും വ്യത്യസ്തമായ പ്രവർത്തികളാണെന്നത് പോലെ അവ രണ്ടിന്റെയും കർത്താക്കൾ വ്യത്യസ്തമായ വ്യക്തികളാണെന്നും വ്യക്തമാകുന്നു. അതുകൊണ്ട് സുജൂദിനെ നിഷേധിച്ചത് ഇബ്‌ലീസും വഴിതെറ്റിക്കാൻ ശ്രമിച്ചത് ശയ്ത്വാനും തന്നെയെന്ന് വ്യക്തമായി.

*'നിശ്ചയമായും അവൻശയ്ത്വാനത്രെ. അവൻ തന്റെ കൂട്ടുകാരെക്കുറിച്ച് നിങ്ങളിൽ ഭീതിയുളവാക്കുന്നു. എന്നാൽ നിങ്ങൾ അവരെ ഭയപ്പെടേണ്ട. സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ എന്നെ മാത്രം ഭയപ്പെടുവീൻ.'(3:175)*

ഈ വചനത്തിൽ ശയ്ത്വാൻ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് നഈമുബ്നു മസ്ഊദിനെ ക്കുറിച്ചാണെന്ന് ചിലരും അബുസൂഫിയാനെക്കുറിച്ചാണെന്ന് വേറെ ചിലരും അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും മനുഷ്യനെക്കുറിച്ചാണ് ഈ പദം പ്രയുക്തമായിരിക്കുന്നത് എന്നതിൽ എതിരഭിപ്രായമില്ല. വചനത്തിൽ പറഞ്ഞത് പോലെ ആഗതൻ അവിശ്വാസികളുടെ ശക്തി പ്രതാപത്തെക്കുറിച്ച് നബിതിരു മേനി(സ)യേയും അനുചരരേയും പേടിപ്പെടുത്താനും അത് മുഖേന ആ മഹാത്മാവിനെ വഞ്ചിക്കാനുമായി തുനിഞ്ഞിറങ്ങിയത് കൊണ്ടുമാണ് ഒരാളെക്കു റിച്ച് ശയ്ത്വാൻ എന്ന പദം പ്രയോഗിച്ചു കൊണ്ട് അവർ ശയ്ത്വാനാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് തഫ്സീറുകളിൽ കാണാം. ഫതുഉൽ ബയാൻ, ഇബ്നു കസീർ തുടങ്ങിയ തഫ്സീറുകൾ നോക്കുക.

3. പ്രവാചകന്മാരുടെ ശത്രുക്കളെക്കുറിച്ച് അല്ലാഹു പറയുന്നു:

*'വ കദാലിക്ക ജഅൽനാ ലികുലി നബിയ്യിൻ അദുവ്വൻ ശയാത്വീനൽ ഇൻസി വൽജിന്നി യുഹീ ബഅ്ളുഹും ഇലാ ബഅ്ളിൻ '*

*'അപ്രകാരം നാം എല്ലാ പ്രവാചകനും ഇൻസിൽ നിന്നും ജിന്നിൽ നിന്നുമുള്ള ശയ്ത്വാന്മാരെ ശത്രുക്കളാക്കിയിരിക്കുന്നു. അവർ അന്യോന്യം ദുർബോധനം ചെയ്യുന്നു.'(6:11)*

പ്രവാചകന്മാരെ എതിർത്തിരുന്നവർ ആരുതന്നെയായാലും അവരുടെ മൂഢമായ എതിർപ്പ് കാരണം ഖുർആൻ അവർക്ക് ശയ്ത്വാൻ എന്ന പേര് നൽകിയിരിക്കുന്നു. ഇതാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്.

## മലക്കുകളും ഇബ്‌ലീസും

ഇബ്‌ലീസിനെ സൃഷ്ടിച്ചു കൊണ്ട് അല്ലാഹു മനുഷ്യരെ വഴിതെറ്റിക്കാൻ ഉദ്ദേശിച്ചിരിക്കുകയാണോ എന്ന് ചോദിക്കുകയാണെങ്കിൽ അതിന് മറുപടി ഇതാണ് . അല്ലാഹു മനുഷ്യരെ വഴിതെറ്റിക്കാനോ അധഃപതിപ്പിക്കാനോ അല്ല മറിച്ച് അവരെ ഉന്നത പദവിയിലേക്ക് ഉയർത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനായി അവർക്ക് നല്ലതും ചീത്തയും തിരിച്ചറിയാനായി വിവേകവും കഴിവും നൽകിയിരിക്കുന്നു. അതിനോടൊപ്പം നന്മയിലേക്ക്ആകർഷിക്കുന്ന മലക്കുകളെയും അവരുടെ പ്രതിബിംബങ്ങളെയും അത്പോലെ തന്നെ തിന്മയിലേക്ക് പ്രേരിപ്പിക്കുന്ന ഇബ്‌ലീസിനേയും അവന്റെ പ്രതിബിംബങ്ങളെയും സൃഷ്ടിച്ചിരിക്കയാണ്. മലക്കിന്റേതായ സൽപ്രേരണകളനുസരിച്ച് വിവേക ദൃഷ്ടിയോടെ പ്രവർത്തിച്ച് സൽഗുണ സമ്പന്നനായി തീർന്നിരുന്ന ഒരോരുത്തനും ഉന്നത പദവിക്കും ദൈവിക സമ്മാനങ്ങൾക്കും അർഹരായി തീരുന്നു. അതേപ്രകാരം ദൈവദത്തമായ വിവേചന ശക്തി ഉപയോഗിക്കാതെ അന്ധമായ നിലയിൽ ഇബ്‌ലീസിന്റെ ദുഷ്പ്രേരണകളെ പിന്തുടർന്ന് പ്രവർത്തിക്കുന്നവർ ധാർമികമായി അധഃപതിച്ച് ദൈവശിക്ഷക്ക് പാത്രീഭവിക്കുന്നു. ഇങ്ങനെ പൂർണത പ്രാപിക്കാൻ മനുഷ്യൻ വിരുദ്ധങ്ങളായ പ്രേരകശക്തികളെ എതിരിട്ട് വിജയം വരിക്കേണ്ടിയിരിക്കുന്നു. തന്റെ മുന്നിൽ ആവിർഭവിക്കുന്ന ഈ വിരുദ്ധ പ്രേരണകളിൽ നല്ലതിനെ തിരിച്ചറിഞ്ഞ് സ്വീകരിച്ചാലല്ലാതെ അവർ സമ്മാനത്തിന് അർഹരാകുന്നില്ല. അത്കൊണ്ട് പൂർണത പ്രാപിക്കുന്നതിന് മനുഷ്യന്റെ മുന്നിൽ രണ്ട്

വിരുദ്ധ ശക്തികൾ ഉണ്ടായിരിക്കേണ്ടതാവശ്യമാണ്.

## ഇബ്‌ലീസിൽ കർതൃത്വം ഇല്ല

ഇബ്‌ലീസിനോ അവന്റെ പ്രതിബിംബമായ ശയ്ത്വാനോ പൊതുവേ മനുഷ്യരുടെ മേൽ കർതൃത്വമോ അധികാരമോ ഒന്നുമില്ല. ഈ വസ്തുത വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. ധിക്കാര പൂർവമോ അവിവേകത്താലോ മനുഷ്യൻ സത്യത്തെ നിഷേധിച്ച് സ്വമേധയാ ഇബ്‌ലീസിനേയോ ശയ്ത്വാനെയോ പിൻപറ്റി അധർമം പ്രവർത്തിക്കുന്നു എന്നല്ലാതെ ഈ ദുശ്ശക്തികൾക്ക് ഒരു പ്രാമാണ്യവുമില്ല. ഇബ്‌ലീസിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

ഇന്ന ഇബാദി ലയസ്‌ലക്ക അലയ്ഹിം സുൽത്താനുൻ ഇല്ലാമനിത്തബ്അക്ക മിനൽ ഗാവീൻ

***'ഇബ്‌ലീസേ, ധിക്കാരികളായിട്ട് നിന്നെ പിൻപറ്റിയ വരൊഴികെയുള്ള എന്റെ ദാസരുടെമേൽ നിനക്ക് ഒരു പ്രാമാണ്യവുമില്ല.'(15:43)***

ഇബ്‌ലീസിന്റെ ദുഷ്പ്രേരണകൾ പ്രമാണാസ്പദമല്ലെന്നും കേവലം ഭീഷണിയും പ്രലോഭനവും മിഥ്യാ വാഗ്ദാനവും ഉൾക്കൊണ്ടവ മാത്രമാണെന്നും ഇത് കൊണ്ടാണവൻ മനുഷ്യനെ കുരുക്കിലാക്കുന്നതെന്നും വിശുദ്ധ ഖുർആൻ 15:43 ൽ വ്യക്തമാക്കുന്നുണ്ട്. ഇപ്പറഞ്ഞതിൽ നിന്ന് ഇബ്‌ലീസിന്റെ പ്രേരണകൾക്ക് അധീശ്വത്വം ഇല്ലാ എന്ന് മനസ്സിലാവുന്നു. അതിനാൽ അവർക്ക് വഴിപ്പെട്ട് സത്യ പ്രസ്ഥാനത്തെ എതിർത്തവർ സ്വയം ഇബ്‌ലീസിനെ പിൻപറ്റിയവരാ ണെന്നുള്ളതാണ് വാസ്തവം.

ഇബ്‌ലീസ് ശത്രുവാണെന്നും അവന്റെ ദുർബോധനത്തിന് വഴങ്ങരുതെന്നും ഹദ്റത്ത് ആദമിന് ദൈവബോധനം ലഭിച്ചിട്ടുണ്ടായിരുന്നു. ഈ താക്കീത് ഇബ്‌ലീസിനെയെന്ന പോലെ അവന്റെ സിൽബന്ധികളായ ശയ്ത്വാന്മാരെയും സംബന്ധിക്കുന്നതാണെന്ന വസ്തുത അദ്ദേഹം മറന്നുപോയി. അക്കാരണത്താൽ തന്റെ ആൾക്കാരിൽ ഒരുവനെ പോലെ അനുകൂലനായി തന്നെ സമീപിച്ച നയവഞ്ചകനായ മനുഷ്യനെ ശയ്ത്വാനാണെന്ന് മനസ്സിലാക്കാതെ അദ്ദേഹം അശ്രദ്ധമായി പെരുമാറി യത് കൊണ്ട് വഞ്ചിതനായി തെറ്റ് ചെയ്ത് പോയതായിരുന്നു. ഇത് മനപ്പൂർവം ചെയ്തതല്ലാത്തതുകൊണ്ട് അല്ലാഹു ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

## ഫനസിയ വലം നജിദ് ലഹു അസ്മാ

'എന്നാൽ അവൻ മറന്നു പോയി, നാം അവനിൽ അനുസരണ ഭാവം കണ്ടില്ല.'(20:11)

ഇതിൽ നിന്നും ഹദ്റത്ത് ആദമിന് വിസ്മൃതിയാൽ തെറ്റ് പറ്റിയതാണെന്ന് വ്യക്തമാവുന്നുണ്ട്. തന്നെ വഞ്ചിക്കാൻ തുനിഞ്ഞിറങ്ങിയ ആ ശയ്ത്വാൻ മനുഷ്യനായത് കൊണ്ട് അദ്ദേഹത്തിന് അവൻ ഇബ്‌ലീസിന്റെ പ്രതിബിം ബമാണെന്ന് മനസ്സിലാക്കാൻ കഴിയാതെ പോവുകയും തെറ്റു പറ്റുകയും ചെയ്തത് സ്വാഭാവികമാണല്ലോ. പലരും അനുകൂലികളുടെ വേഷം ചമഞ്ഞ് റസൂൽ തിരുമേനി (സ) യുടെ അടുക്കൽ ചെന്ന് വഞ്ചിക്കാൻ ശ്രമിച്ചതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ പറഞ്ഞു തരുന്നത് ഇതിലേക്ക് ദൃഷ്ടാന്തമാണ്. അത്കൊണ്ട് നയവഞ്ചകനായ ആ ശയ്ത്വാൻ ഹദ്റത്ത് ആദമിനെ ചുറ്റിപറ്റി നിന്ന് കൊണ്ട് തക്കത്തിൽ ചതിച്ചു കളഞ്ഞു. നിഷ്ക്കളങ്കനായ ആദം ഈ വഞ്ചനക്ക് വിധേയനാവുകയായിരുനു. ഇത് മനപ്പൂർവമല്ലാത്തതിനാലാണ് വിശുദ്ധ ഖുർആൻ മറ്റൊരു വാകൃത്തിലൂടെ അദ്ദേഹത്തിന്റെ നിഷ്ക്കളങ്കത പ്രസ്താവിച്ചിരിക്കുന്നത്.

## വിരോധിക്കപ്പെട്ട വൃക്ഷം

ആദമിന്റെ തോട്ടത്തെപറ്റിയും വിരോധിക്കപെട്ട വൃക്ഷത്തെപ്പറ്റിയും ആദമിന് പറ്റിയ ചതിയെന്തായിരുന്നു എന്നതിനെകുറിച്ചും ദൈർഘ്യഭയത്താൽ ഇവിടെ പ്രതിപാദിക്കാൻ നിർവാഹമില്ലാത്തതിനാൽ അവയെക്കു റിച്ച് സംക്ഷിപ്തമായി നിരൂപണം ചെയ്ത് കൊണ്ട് ആ വിലക്കപ്പെട്ട വൃക്ഷത്തെക്കുറിച്ച് പ്രതിപാദിക്കാം.


വിരോധിക്കപ്പെട്ട ആ വൃക്ഷം പ്രത്യക്ഷത്തിലുള്ള വൃക്ഷമായിരിക്കാൻ ഇടയില്ല. ഹദ്റത്ത് ആദമിനും കൂട്ടുകാർക്കും സ്വർഗീയ ജീവിതം പ്രദാനം ചെയ്യുന്ന ഒരു നിയമ വ്യവസ്ഥിതി നൽകുകയും അതനുസരിച്ച് സകുടുംബം ജീവിച്ചു കൊള്ളാൻ അല്ലാഹു അദ്ദേഹത്തോട് കൽപ്പിക്കുകയും ചെയ്തിരുന്നു. അവരുടെ ജീവിത സംസ്ക്കാരത്തെ സ്വർഗീയമായ ഒരു ആരാമ വാസമായി വിശുദ്ധ ഖുർആൻ ചിത്രീകരിച്ചിരിക്കയാണ്. അതുകൊണ്ടാണ് വ്യവസ്ഥക്ക് എതിരായ ദോഷങ്ങളെയും ദുഷ്ട സാഹചര്യങ്ങളെയും ഒറ്റപ്പെട്ട വൃക്ഷമായി ഉപമിച്ചുകൊണ്ട് അതിനെ സമീപിക്കാതിക്കാൻ കൽപ്പിച്ചത്. ജന്നത്ത് അഥവാ സ്വർഗീയമായ ആരാമം സുവ്യവ സ്ഥിതിയോടുകൂടിയ കുടുംബ ജീവിതവും സൽസംഘബന്ധവുമായിരുന്നപ്പോൾ ആ വ്യവസ്ഥിതിക്കും സദ് സാഹചര്യത്തിനും വിഘ്നം വരുത്തുന്ന ദോഷകലുഷിതമായ കാര്യങ്ങൾ ആ തോട്ടത്തിലെ നിരോധിത വൃക്ഷമായി തീർന്നു. ഈ രൂപാലങ്കാര പ്രകാരം ഹദ്റത്ത് ആദമിനോട് ധാർമിക വ്യവസ്ഥിതി യാകുന്ന ആ ആരാമത്തിൽ കൂട്ടുകാരോടൊപ്പം കുടുംബ സമേതം ജീവിച്ച് അതിലെ സദ്‌വൃക്ഷങ്ങളെല്ലാം ആസ്വദിച്ചു കൊള്ളാനും എന്നാൽ ക്ഷേമകരമായ ഈ ജീവിതത്തിന് വിഘ്നം വരുത്തുന്ന നിരുദ്ധ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കാതിരിക്കാനുമാണ് കൽപ്പിച്ചത്. അപ്പോൾ സുവ്യവസ്ഥിതിയോടുകൂടിയ ആ സദ് സംഘം ഉപമിക്കപ്പെട്ടിരിക്കുന്നത് വൃക്ഷബഹുലമായ ജന്നത്തിനോടും ദോഷകാര്യങ്ങളും ദുസ്സംഘവും ശജറത്ത് അഥവാ ഒറ്റവൃക്ഷത്തോടും ആണെന്ന് വ്യക്തമായി. ആദമിന് നിരോധിക്കപ്പെട്ട കാര്യങ്ങളിലൊന്ന് ഇബ്‌ലീസിനോടും സിൽബന്തികളോടുമുള്ള സമീപനമാണ് .

ഇങ്ങനെ സൽപ്രസ്ഥാനത്തെയും

കുറിപ്പുകൾ

# ഗുരുത്വ തരംഗം ഉയർത്തുന്ന ചിന്തകൾ

മുസാഫിർ




ഏറേകാലമായി ശാസ്ത്രലോകം തെളിവന്വേഷിച്ചു നടക്കുന്ന ഒരു പ്രതിഭാസത്തിന് ഇപ്പോൾ തെളിവ് ലഭിച്ചിരിക്കുന്നു. സിദ്ധാന്ത രൂപത്തിൽ നൂറു വർഷങ്ങൾക്ക് മുമ്പ് ഐൻസ്റ്റിൻ പ്രസ്താവിച്ച ഗുരുത്വ തരംഗത്തിന് പരീക്ഷണ ശാലയിൽ നിന്ന് സ്ഥിരീകരണം ലഭിച്ചിരിക്കയാണ്. അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ചും അതിന്റെ നിഗൂഢതകളെ കുറിച്ചും വെളിപ്പെടുത്തുന്ന ഈ കണ്ടെത്തൽ ഭൗതിക ശാസ്ത്രത്തിന്റെ പ്രപഞ്ച വീക്ഷണത്തിൽ തന്നെ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുക്കാൻ കാരണമായേക്കുന്നതാണ്. ഗുരുത്വതരംഗങ്ങൾ കണ്ടെത്താനായി സ്ഥാപിച്ച 'ലിഗോ' യിലെ ശാസ്ത്രജ്ഞന്മാരാണ് ഈ കണ്ടുപിടുത്തം നടത്തിയത്. ലിഗോ എന്നാൽ ഗുരുത്വ തരംഗങ്ങള കണ്ടെത്താൻ അമേരിക്കയിലെ നാഷണൽ സയൻസ് ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അന്തർദേശീയ ശൃംഖലകളുള്ള ഒരു വൻ ശാസ്ത്ര സംരംഭമാണ്. Laser Interferometer Gravitational-Wave Observatory (LIGO) എന്നതിന്റെ ചുരുക്ക പേരാണ് ലിഗോ. ലേസർ രശ്മികൾ ഉപയോഗിച്ച് അതിസൂക്ഷ്മമായ ഗുരുത്വ തരംഗങ്ങളെ കണ്ടെത്തുകയും അത് സംബന്ധിച്ച പഠനങ്ങൾ പങ്കുവെക്കുകയും ചെയ്യുന്ന 15 രാജ്യങ്ങളിൽ നിന്നുള്ള ആയിരത്തോളം ശാസ്ത്രജ്ഞന്മാരുടെ ഒരു അന്താരാഷ്ട്ര ശാസ്ത്ര സംരംഭമാണിത്. തിരുവനന്തപുരത്തുള്ള ഐസർ, മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് അടക്കം ഇന്ത്യയിൽ നിന്നുള്ള പത്തോളം സ്ഥാപനങ്ങൾ ലിഗോയിൽ പങ്കാളികളാണ്.

പ്രപഞ്ചത്തിന്റെ അടിസ്ഥാന ബലങ്ങളിലൊന്നാണ് ഗുരുത്വാകർഷണം. ഭൂമിയുടെ ഗുരുത്വാകർഷണം കൊണ്ടാണ് ഭൂമി അതിന്റെ കേന്ദ്രത്തിലേക്ക് വസ്തുക്കളെ ആകർഷിക്കുന്നത് എന്നായിരുന്നു സർ ഐസക്ക് ന്യൂട്ടൻ ഭൂഗുരുത്വാകർ

---

സദ്സംഘത്തെയും ജന്നത്ത് (ഫലവൃക്ഷ സമൃദ്ധമായ തോട്ടം) ആയും നിരുദ്ധകാര്യങ്ങളെയും ദുസ്സാഹചര്യങ്ങളെയും ശജറത്ത് (ഒറ്റമരം) ആയും പറഞ്ഞുകൊണ്ട് അനുവദിക്കപ്പെട്ട കാര്യങ്ങൾ തുലോം അധികവും നിരോധിക്കപ്പെട്ടവ വളരെ കുറച്ച് മാത്രവുമായിരുന്നു എന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നത് പോലെ ആദമിന്റെ സത്യപ്രസ്ഥാനവും സദ്സംഘവും ആരാമങ്ങൾ പോലെ വളർന്നുവരുമെന്നും ശത്രുവൃക്ഷം ക്ഷയിച്ചു ഒറ്റവൃക്ഷമെന്ന പോലെ ഒറ്റപ്പെട്ടു പോകുമെന്നും മനസ്സിലാക്കിത്തരുന്നുണ്ട്. ചുരുക്കത്തിൽ അനുകൂലം പ്രകടിപ്പിച്ച മനുഷ്യരോട് യഥാർഥ മതാനുയായികളോടെന്ന പോലെ പെരുമാറിയത് ആദമിന് പറ്റിയ അബദ്ധമായിരുന്നു.



ഷണത്തിന് നൽകിയ വിശദീകരണം. എന്നാൽ നൂറ് വർഷങ്ങൾക്ക് മുമ്പ് ഐൻസ്റ്റീൻ കൂടുതൽ വിശാലമായ വീക്ഷണ കോണിൽ നൽകിയ വിശദീകരണം മറ്റൊന്നായിരുന്നു. ഭൂമിയുടെ ഗുരുത്വാകർഷണത്തിന്റെ വലിവു കൊണ്ടല്ല മറിച്ച് ഭൂമിയുടെ ഭാരത്താൽ സ്ഥലകാലത്തിലുണ്ടാവുന്ന (Space Time) വളവ് മൂലം, വീഴുന്ന വസ്തു ഏറ്റവും സുഗമവും ഏളുപ്പമുള്ളതുമായ അതിന്റെ സ്വാഭാവിക സഞ്ചാര പഥം സ്വീകരിക്കുന്നത് കൊണ്ടാണ് വസ്തുവിന് ഭൂമിലേക്കുള്ള വീഴ്ച്ച സംഭവിക്കുന്നത് എന്നാണ്. ഇപ്പറഞ്ഞത് ഒരു ഉദാഹരണം കൊണ്ട് വ്യക്തമാക്കാം. നാലുഭാഗവും വലിച്ചു കെട്ടിയ ഒരു റബ്ബർ ഷീറ്റിൽ ഒരു ഇരുമ്പു ഗോളം വെച്ചാൽ ആ റബ്ബർ ഷീറ്റിന്റെ പ്രതലം കുഴിപോലെ വളയും, സഞ്ചരിക്കുന്ന ഒരു വസ്തു ഇത്തരം കുഴിക്കരികിലെത്തുമ്പോൾ വസ്തു കുഴിയുടെ വക്രതലത്തിലൂടെ വഴുതി കുഴിയിലേക്ക് വീഴുന്നു. അപ്രകാരം സ്ഥലകാലം എന്ന പ്രതലത്തിൽ ഭൂമി എന്ന ഭാരമുള്ള വസ്തു ഉണ്ടാക്കുന്ന വക്രീകരണം മൂലം വളഞ്ഞ പ്രതലത്തിലൂടെ വസ്തു വീഴുന്നതാണ് ഭൂമിയിലേക്കുള്ള വസ്തുവിന്റെ വീഴ്ച്ച സംഭവിക്കാൻ കാരണം. അതായത് വീഴ്ച്ച സംഭവിക്കുന്നത് ഭൂമിയുടെ ആകർഷണം കൊണ്ടല്ല വസ്തുവിന്റെ സ്വാഭാവിക ചലനം കൊണ്ടാണ് എന്നാണ് ഐൻസ്റ്റീന്റെ പൊതു ആപേക്ഷികതാ സിദ്ധാന്തമനുസരിച്ചുള്ള വിശദീകരണം. സ്ഥലകാലത്തെ വക്രീകരിക്കുന്ന ഗുരുത്വതരംഗങ്ങളുടെ അസ്തിത്വമാണ് ഇപ്പോൾ തെളിവ് മുഖേന സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നത്.

ഐൻസ്റ്റീന്റെ സിദ്ധാന്തത്തിലെ സ്ഥലകാല സങ്കൽപ്പം അൽപ്പം സങ്കീർണമാണ്. സ്ഥലം, കാലം എന്നിവ പരസ്പരം ബന്ധമില്ലാത്തവയായിട്ടാണ് ന്യൂട്ടൻ സങ്കൽപ്പിച്ചത്. അതായത് കാലം അഥവാ സമയം വസ്തുവിൽ നിന്നും ഭിന്നമായി കേവലമായ അസ്തിത്വമുള്ള ഒരു പ്രതിഭാസമാണെന്ന് ന്യൂട്ടൻ കരുതി. എന്നാൽ സ്ഥലവും കാലവും പരസ്പരം വേർപെടുത്താൻ കഴിയാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തം പറയുന്നത്. വസ്തുവിന് നീളം, വീതി, ഉയരം എന്നിവ പോലെ നാലാമതായി സമയം എന്ന മറ്റൊരു മാനം കൂടി ഉണ്ട് എന്ന സങ്കീർണമായ ഒരു സിദ്ധാന്തം അദ്ദേഹം അവതരിപ്പിക്കുകയായി രുന്നു.

വസ്തുക്കൾ ഭൂമിയിലേക്ക് വീഴുന്നത് സംബന്ധിച്ച ഭൂകേന്ദ്രിതവും ഭൗമികവുമായ പരിമിതമായ വീക്ഷണമാണ് ന്യൂട്ടൻ അവതരിപ്പിച്ചതെങ്കിൽ ഐൻസ്റ്റീന്റേത് പ്രപഞ്ച വിശാലതയിൽ കൂടുതൽ സമഗ്രവും പ്രാപഞ്ചികവുമായ ഒരു വീക്ഷണമാണ്.പ്രപഞ്ചം മുഴുവൻ ഭാരമുള്ള വസ്തുക്കളാൽ ഇത്തരം വക്രീകൃതമായ സ്ഥലകാല പ്രതലമാണുള്ളത് എന്നായിരുന്നു ഐൻസ്റ്റീന്റെ പരികൽപന. നമ്മുടെ ഗോളാകൃതിയുള്ള ഭൂമിയുടെ പ്രതലം ഒരു വക്രമാണ്. അതുകൊണ്ട് ഭൂമിക്ക് മീതെ നമുക്ക് ഒരു നേർരേഖ വരക്കുവാൻ സാദ്ധ്യമല്ല എന്ന് പൊതു ആപേക്ഷികതാ സിദ്ധാന്തമനുസരിച്ച് അദ്ദേഹം പറഞ്ഞു. നമുക്ക് പരിചിതമായ യൂക്ലിഡിന്റെ ജാമിതിയിൽ ഇത്തരം നേർരേഖകളും ത്രികോണങ്ങളും കാണാം. എന്നാൽ കൂടുതൽ ബൃഹത്തായ പ്രാപഞ്ചിക വീക്ഷണത്തിൽ സ്ഥലകാലങ്ങൾ വക്രീകരിക്കപ്പെട്ടതാണ്. നൂറ് വർഷം മുമ്പ് ഐൻസ്റ്റീൻ അവതരിപ്പിച്ച ഈ പ്രപഞ്ച വീക്ഷണത്തിന് തെളിവുകൾ ലഭ്യമല്ലായിരുന്നു. അത് സിദ്ധാന്തമായി തന്നെ നിലനിന്നു. ഇപ്പോൾ ലിഗോ ഗവേഷകർ സ്ഥലകാലം വക്രീകരിക്കുന്ന ഗുരുത്വ തരംഗങ്ങൾക്ക് തെളിവ് കണ്ടെത്തിയിരിക്കുന്നു.

പ്രപഞ്ചത്തിൽ വ്യാപരിച്ചു നിൽക്കുന്ന സ്ഥലകാലത്തെ വലിച്ചു കെട്ടിയ റബ്ബർ ഷീറ്റിനോട് ഉപമിച്ച ഉദാഹരണത്തിലേക്ക് തിരിച്ചു വരാം. റബ്ബർ ഷീറ്റിൽ ഏതെങ്കിലും ഭാരമുള്ള വസ്തുവിന്റെ സാന്നിദ്ധ്യം റബ്ബർ ഷീറ്റിൽ വക്രീകരണം ഉണ്ടാക്കുമെന്ന് പറഞ്ഞുവല്ലോ, അതുപോലെ ഭാരമുള്ള വസ്തുക്കൾ റബ്ബർഷീറ്റിൽ കമ്പനങ്ങളും തരംഗങ്ങളും ഉണ്ടാക്കുന്നു. ആ തരംഗങ്ങൾ നാലു ഭാഗത്തേക്കും പ്രസരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പ്രപഞ്ചത്തിലെ സ്ഥലകാലത്തിൽ ആകാശ ഗോളങ്ങൾ പോലെയുള്ള മഹാപിണ്ഡമുള്ള വസ്തുക്കളുടെ സാന്നിദ്ധ്യവും ചലനവും വലിയ തോതിലുള്ള വക്ര തയും കമ്പനവും തരംഗങ്ങളും സൃഷ്ടിക്കുകയും പ്രകാശ വേഗ ത്തിൽ അത് നാലു പാടും പ്രസരി ക്കുകയും ചെയ്യുന്നു. ഇതിനെയാണ് ഗുത്വതരംഗങ്ങൾ എന്ന് പറയുന്നത്. ഈ ഗുരുത്വ

തരംഗങ്ങൾ പിടിച്ചെടുക്കാൻ പതിറ്റാണ്ടുകളായി ശാസ്ത്രജ്ഞന്മാർ നടത്തിയ ശ്രമമാണ് ഇപ്പോൾ വിജയിച്ചിരിക്കുന്നത്. അമേരിക്കയിൽ ലിഗോ ആസ്ഥാനത്ത് നാല് കിലോമീറ്റർ നീളമുള്ള ശൂന്യമായ കുഴലിലൂടെ ലേസർ രശ്മികളുടെ വേഗത നിരീക്ഷിച്ച് നടത്തിയ നിരന്തരമായ പഠനങ്ങൾക്കൊടുവിലാണ് ഗുരുത്വ തരംഗങ്ങൾക്ക് സ്ഥിരീകരണമുണ്ടായത്. ലേസർ രശ്മി പായിച്ച് അറ്റത്തെ കണ്ണാടിയിൽ തട്ടി പ്രതിഫലിച്ച് മടങ്ങി വരുമ്പോൾ ഉണ്ടാവുന്ന അതിസൂക്ഷ്മ വ്യതിയാനങ്ങൾ നിരീക്ഷിച്ചാണ് ഗുരുത്വതരംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നത്. സാധാരണ ഗതിയിൽ സൂര്യചന്ദ്രന്മാരെ പോലെ ഭാരമേറിയ പ്രപഞ്ച വസ്തുക്കൾ സ്ഥലകാലത്തിൽ വരുത്തുന്ന വക്രത തന്നെ വളരെ നേരിയതും കണ്ടുപിടിക്കാൻ പ്രയാസമേറിയതുമാണ്. 130 കോടി പ്രകാശവർഷം അകലെ ഇരട്ടകളായ രണ്ട് ബ്ലാക്ക് ഹോളുകൾ (Binary Black hole) കൂട്ടിയിടിച്ച് ഒന്നായി തീർന്നത് മൂലമുണ്ടായ അതിഭീമമായ ഊർജ പ്രക്ഷോഭത്തിന്റെ ഗുരുത്വ തരംഗങ്ങളുടെ അലകളാണ് 2015 സപ്തംബർ 14-ാം തീയതി ലിഗോ ശാസ്ത്രജ്ഞന്മാരുടെ ഡിറ്റക്റ്ററുകളിൽ പതിഞ്ഞത്.

ഇക്കാലമത്രയും ശാസ്ത്ര സമൂഹത്തിന് ഇത്തരമൊരു ബ്രഹ്മാണ്ഡ സംഭവത്തിന് തെളിവുകൾ ലഭിച്ചിരുന്നില്ല. അതിനർഥം അത് കണ്ടുപിടിക്കാനുള്ള ഉപകരണം നിർമിക്കാനാവശ്യമായ ജ്ഞാനം ശാസ്ത്രം ആർജിച്ചിരുന്നില്ല എന്നാണ്. കൂട്ടിയിടിച്ച് ഒന്നായി തീർന്ന ആ രണ്ട് ബ്ലാക്ക് ഹോളുകളുടെ വലിപ്പം ലിഗോ ശാസ്ത്രജ്ഞന്മാർ കൃത്യമായി കണക്ക് കൂട്ടി പറഞ്ഞത്, നമ്മെ അമ്പരപ്പിക്കുന്നതാണ്. സൂര്യന്റെ 29 ഉം 36 ഉം ഇരട്ടി ഭാരമുള്ള രണ്ട് ബ്ലാക്ക് ഹോൾ ഭീമന്മാരാണ് ഇവ. ഈ കൂട്ടിയിടി സ്ഥലകാലത്തിൽ ഉണ്ടാക്കിയ വമ്പിച്ച കമ്പനമാണ് 1.3 ബില്ല്യൻ പ്രകാശ വർഷങ്ങൾക്ക് ശേഷം നമ്മുടെ ഭൂമിയിൽ എത്തിച്ചേർന്നത്. ആ തരംഗങ്ങളെ ശബ്ദങ്ങളാക്കി മാറ്റി ആ സംഭവം കേൾക്കാനും നമുക്ക് സാധിച്ചു. ഈ ഗുരുത്വ തരംഗങ്ങൾ ബ്ലാക്ക് ഹോളുകളെ കുറിച്ച് കൂടുതൽ പഠിക്കാനും പ്രപഞ്ചത്തെ പറ്റി കൂടുതൽ മനസ്സിലാക്കാനും ശാസ്ത്രത്തിന് സാദ്ധ്യമാക്കി തീർത്തിരിക്കുന്നു. സാധാരണ പ്രകാശ തരംഗങ്ങളും റേഡിയോ തരംഗങ്ങളും ഉപയോഗിച്ചാണ് ശാസ്ത്രജ്ഞന്മാർ പ്രപഞ്ച നിരീക്ഷണം നടത്താറ്. ഗുരുത്വ തരംഗങ്ങളുപയോഗിച്ചുള്ള പ്രപഞ്ച നിരീക്ഷണത്തിന്റെ പുതിയ അദ്ധ്യായവും ഇതോടെ സമാരംഭിക്കുകയാണ്. നമ്മുടെ ജിജ്ഞാസയുണർത്തുന്ന ഏറ്റവും സുപ്രധാനമായ കാര്യം ഇങ്ങനെ പ്രപഞ്ചത്തിൽ സ്ഥലകാല വക്രതകളുള്ള കുഴലുകൾ കണ്ടെത്തുവാൻ കഴിഞ്ഞാൽ അത് പ്രകാശ വർഷങ്ങൾ അകലെയുള്ള ഗ്രഹങ്ങളിലേക്ക് സഞ്ചരിക്കാനുള്ള പാതകളാക്കി മാറ്റാൻ കഴിയും എന്ന് ശാസ്ത്രജ്ഞൻമാർ കരുതുന്നു. നമ്മുടെ സാധാരണ സ്ഥലകാലത്തിൽ നിന്നും ഭിന്നമായി അതീതമായ സ്ഥലകാലങ്ങളുള്ള കുഴൽ ദ്വാരങ്ങൾ ആകാശത്ത് ഉണ്ടായേക്കാം എന്ന് തന്നെയാണ് ശാസ്ത്രജ്ഞന്മാർ കരുതുന്നത്. അത്തരം സ്ഥലകാലക്കുഴലിലൂടെ ഞൊടിയിട കൊണ്ട് ഈ വിശാലമായ പ്രപഞ്ചത്തിൽ പ്രകാശവർഷം സമയം അകലെയുള്ള സ്ഥലങ്ങളിൽ പോയി വരാൻ സാധിക്കുമോ എന്ന ചിന്ത ശാസ്ത്ര രംഗത്ത് ഇതോടെ കൂടുതൽ സജീവമാകും. സമീപ ഭാവിയിൽ റോക്കറ്റ് വിദ്യക്ക് പകരം അതീത സ്ഥലകാലത്തിൽ പ്രപഞ്ച വിദൂരതകളിലേക്ക് സഞ്ചരിക്കാൻ മനുഷ്യന് സാദ്ധ്യമാകുന്ന വാഹനങ്ങളും നിർമിക്കപ്പെട്ടേക്കും.

ശാസ്ത്ര സംബന്ധിയായ ഇത്തരം വിഷയങ്ങൾ വാർത്തകളാകുമ്പോൾ പ്രപഞ്ചം പോലെതന്നെ അല്ലാ ഹുവിന്റെ സൃഷ്ടിയായ വിശുദ്ധ ഖുർആനിൽ അതിന്റെ സൂചനകൾ അന്വേഷിക്കുന്നത് മറ്റു ഗ്രന്ഥങ്ങളെ അപേക്ഷിച്ച് വിശുദ്ധ ഖുർആനിൽ അത്തരം പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് വ്യക്തമായ വചനങ്ങളിൽ അഗാതമായ അർഥധ്വനികളുള്ള അത്ഭുതകരമായ നിരവധി പ്രതിപാദനങ്ങളുള്ളത് കൊണ്ടാണ്. മാത്രമല്ല അത് പഠിച്ചു മനസ്സിലാക്കാൻ വമ്പിച്ച പ്രോത്സാഹനങ്ങളും ഖുർആൻ നൽകുന്നു. ഒരു വചനം നോക്കൂ. '***ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യകാര്യങ്ങൾ അല്ലാഹുവിന് മാത്രമുള്ളതാണ്. ആ പ്രത്യേക സമയത്തെ കുറിച്ചുള്ള(അംറുസ്സാഅ:) കാര്യം കണ്ണിമക്കുന്നത് പോലെ മാത്രമാകുന്നു. അല്ലെങ്കിൽ അതിനെക്കാൾ വേഗത്തിൽ സമീപസ്ഥമാവുന്നതാണ് (അഖ്റബ്). അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു'(6:79)*** മറ്റൊരു വചനം ഇപ്രകാരമാണ്. '***നക്ഷത്ര മാർഗങ്ങളുള്ള (ഹുബുക്ക്) ആകാശത്തെക്കൊണ്ടു സത്യം'(51:8)*** '***ആകാശം തുറക്കപ്പെടുകയും അപ്പോൾ അത് പല കവാടങ്ങളായി ത്തീരുകയും ചെയ്യും'(78:20)*** അതായത് നമ്മുടെ പ്രപഞ്ചത്തിൽ ഇപ്പോൾ അദൃശ്യമായി നിൽക്കുന്ന നക്ഷത്രദൂരം താണ്ടാനുള്ള അനേകം ആകാശപഥങ്ങൾ അഥവാ പ്രകാശ വർഷം അകലങ്ങൾ കുറുകെ കടക്കാൻ പറ്റിയ പുഴുദ്വാരങ്ങൾ എന്ന് ശാസ്ത്രം വിളിക്കുന്ന Traversable Worm-hole വാനലോകത്തുണ്ട് എന്ന് ഈ വചനം വ്യക്തമായും സൂചിപ്പിക്കുന്നു. തെറ്റിയും തിരുത്തിയും പുരോഗമിച്ചു കൊണ്ടിരിക്കുന്ന ശാസ്ത്രം വിശുദ്ധ ഖുർആൻ വചനങ്ങളെ അന്തിമമായി ശരിവെച്ചു കൊണ്ടിരിക്കുകതന്നെ ചെയ്യും.!!.

(കൂടുതൽവായനക്ക് സത്യദൂതൻ ഏപ്രിൽ 2014 ലെ **അന്യ ഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?** എന്ന ലേഖനം വായിക്കുക**).**

നാം ഇപ്പോൾ ചർച്ചചെയ്ത് കൊണ്ടിരിക്കുന്നത് ഗുരുത്വതരംഗങ്ങളെക്കുറിച്ചാണല്ലോ. വിശുദ്ധ ഖുർആനിലെ ഒരു വചനം ഇപ്രകാരമാണ്.

***ആകാശത്തെ അവൻ സുരക്ഷി***

***തമായ ഒരു മേലാപ്പാക്കിയിരിക്കുന്നു. അവരാകട്ടെ അതിന്റെ അടയാളങ്ങളെക്കുറിച്ച് വിമുഖരുമാണ്. അവനത്രെ രാവിനെയും പകലിനേയും സൂര്യനേയും സൃഷ്ടിച്ചത്. ഒരോന്നും ഒരോ ഭ്രമണ പഥങ്ങളിൽ നീന്തി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. (യസ്ബഹൂൻ) (21:33,34)***

ഇവിടെ ഖുർആൻ പ്രയോഗിച്ചിരിക്കുന്ന വാക്ക് ശ്രദ്ധേയമാണ്. യസ്ബഹൂൻ എന്ന പദത്തിന് നീന്തി സഞ്ചരിക്കുക എന്നാണ് അർഥം. നീന്തണമെങ്കിൽ നിറഞ്ഞിരിക്കുന്ന ദ്രാവകമോ തെന്നിമാറാൻ കഴിയുന്ന ദ്രവ്യമോ വേണം. അതിലൂടെ ഒരു വസ്തു സഞ്ചരിക്കുമ്പോഴും എന്തെങ്കിലും ചലനം ഉണ്ടാവുമ്പോഴും ചുറ്റുപാടിലും തരംഗങ്ങൾ പ്രസരിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വിദൂര സ്ഥലങ്ങളിലേക്കും ഈ തരംഗങ്ങൾ പ്രസരിക്കുകയും അവിടങ്ങളിൽ നിന്നും വസ്തുവിനെ തിരിച്ചറിയാൻ സാദ്ധ്യമാവുകയും ചെയ്യുന്നു. ആകാശത്ത് ചലിച്ചു കൊണ്ടിരിക്കുന്ന ഒരു ഗോള വസ്തുവിന്റെ ഭൗതിക ഗുണങ്ങ ളെല്ലാം അഭിവ്യഞ്ജിപ്പിക്കാൻ യസ്ബഹൂൻ എന്ന അർഥഗർഭമായ പദമാണ് വിശുദ്ധ ഖുർആൻ നൽകിയിരിക്കുന്നത്. സ്ഥലകാലം എന്ന ദ്രാവകസമാനമായ ഒരു ദ്രവ്യത്തിലൂടെ മഹാഭാരവും പിണ്ഡവുമുള്ള ഗോളങ്ങളുടെ അദൃശ്യമായ ഗുരുത്വ തരംഗങ്ങൾ പ്രസരിപ്പിച്ചു കൊണ്ടുള്ള നീന്തൽ സമാനമായ സഞ്ചാരത്തെ പറ്റിയാണ് വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത് എന്നത് ഒരു ദിവ്യാത് ഭുതമല്ലേ? ശാസ്ത്രത്തിന്റെ ഭാഷയും ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് അവതരിച്ച ഖുർആന്റെ ഭാഷയും തമ്മിലുള്ള ഈ സാമൃത വ്യക്തമാക്കാൻ ഒരു ഉദാഹരണം നോക്കൂ Laser Interferometer Gravitational-Wave Observatory (LIGO) യുടെ ഒദ്യോഗിക സൈറ്റിൽ Gravitational Waves: Ripples in the fabric of space-time എന്ന തലവാചകത്തിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ ലേഖനത്തിൽ വന്ന പ്രതിപാദനം ഇപ്രകാരമാണ്.

Just as a boat sailing through the ocean produces waves in the water, moving masses like stars or black holes produce gravitational waves in the fabric of space-time. A more massive moving object will produce more powerful waves, and objects that move very quickly will produce more waves over a certain time period (space.mit.edu/LIGO/more.htm) - (ഒരു ബോട്ട് സമുദ്രത്തിൽ സഞ്ചരിക്കുമ്പോൾ ജലത്തിൽ തരംഗങ്ങൾ സൃഷ്ടിക്കുന്ന പ്രകാരം നക്ഷത്രങ്ങളെയോ ബ്ലാക്ക് ഹോളുകളെ പോലെയോ ഉള്ള ചലിക്കുന്ന വസ്തുക്കൾ സ്ഥലകാലത്തിൽ നെയ്തെടുത്ത പ്രപഞ്ചത്തിന്റെ ഘടനാ നിർമിതിയിൽ ഗുരുത്വ തരംഗങ്ങൾ ഉണ്ടാക്കുന്നു. കൂടുതൽ പിണ്ഡം വഹിക്കുന്ന ചലിക്കുന്ന വസ്തുക്കൾ കൂടുതൽ ശക്തമായ തരംഗങ്ങൾ ഉണ്ടാക്കുന്നു. കൂടുതൽ വേഗതയിൽ സഞ്ചരിക്കുന്ന വസ്തുക്കൾ നിശ്ചിതകാലത്തേക്ക് കൂടുതൽ തരംഗങ്ങൾ ഉദ്പാദിപ്പിക്കുന്നു.)

ആകാശ ഗോളങ്ങളുടെ ചലനത്തെ സൂചിപ്പിക്കാൻ നീന്തിസഞ്ചരിക്കുക എന്ന അർഥം വരുന്ന യുസ്ബഹൂൻ എന്ന പദമാണ് 21:34 ഉം 36:41 ലും ഖുർആൻ ഉപയോഗിച്ചത്. ഈ പദം നിഷ്പന്നമായിരിക്കുന്നത് സ ബ ഹ എന്നീ ത്രൈയാക്ഷര ങ്ങൾ കൊണ്ടാണ്. ഇതേ മൂലാക്ഷരങ്ങളിൽ നിന്നുമുള്ള സബ്ബഹ (സ്തുതിക്കൽ) എന്ന അർഥത്തിലുള്ള ക്രിയാ പദം 42 തവണയും 'സബഹ്' എന്ന നാമപദം 2 തവണയും സുബ്ഹാൻ എന്ന അല്ലാഹുവിന്റെ ഗുണനാമപദം 41 തവണയും ഉൾപ്പെടെ 92 സ്ഥലങ്ങളിൽ ഈ മൂല പദത്തിൽ നിന്നും നിഷ്പന്നമായ പദങ്ങൾ പ്രയു ക്തമായിട്ടുണ്ട്. പ്രപഞ്ച യാഥാർഥ്യ ങ്ങളും ദൈവസ്തോത്രങ്ങളും തമ്മിൽ ഇത്രമാത്രം ഗാഢമായ പൊരുത്തത്തോടെ വിശുദ്ധ ഖുർആനിൽ മാത്രമേ നമുക്ക് ദർശിക്കാൻ സാധിക്കുകയുള്ളൂ. ഖുർആനും പ്രപഞ്ചവും സൃഷ്ടിച്ചിരിക്കുന്നത് അല്ലാഹു ആയതിനാൽ പ്രപഞ്ച സത്യങ്ങൾ പടിപടിയായി മനുഷ്യൻ മനസ്സിലാക്കി വരുമ്പോൾ അതിന്റെ വ്യക്തമായ പ്രതിഫലനങ്ങൾ നമുക്ക് വിശുദ്ധ ഖുർആനിലും കാണുവാൻ സാധിക്കുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: ***'ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുക യും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ ) ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ് (സുബ്ഹാനക്ക) അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ (3:191,192)***

---

പേജ് 35 ൽ നിന്നും തുടർച്ച

പ്രഖ്യാപിത നില പാടിൽ നിന്നുള്ള ഈ വ്യതിയാനത്തിന് വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. അഹ്മദിയ്യാ ജമാ അത്തിന്റെ സത്യത അറിഞ്ഞോ അറിയാതെയോ പണ്ഡിതന്മാരുടെ സംഘടനകളും അംഗീകരിക്കുവാൻ നിർബന്ധിതരായിരിക്കുന്നു. ഈ കാലഘട്ടത്തിൽ മുസ്ലിം ലോകം ഭയാനകമായ ഭവിഷ്യത്തുകൾ നേരിട്ടു കൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ വഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)നെ സംബന്ധിച്ചും അഹ്ദിയ്യാ ജമാഅത്തിനെ സംബന്ധിച്ചും സത്യാന്വേഷികൾ മനസ്സില ക്കാൻ തയ്യാറാകണമെന്ന് വിനയ പൂർവം അഭ്യർഥിക്കുന്നു.




എറണാകുളം ജില്ലാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ കൊച്ചി കോർപ്പറേഷന്റെ 'ക്ലീൻകൊച്ചി, സേഫ് കൊച്ചി' ക്യാംപെയിനിന്റെ ഭാഗമായി ഫെബ്രുവരി 7-ാം തീയതി പള്ളുരുത്തി ഗവൺമെന്റ് ഹോസ്പിറ്റലിൽ സംഘടിപ്പിച്ച ശുചീകരണ പ്രവർത്തനം കൊച്ചി കോർപ്പറേഷൻ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺഅഡ്വ. മിനിമോൾ വി. കെ. ഉദ്ഘാടനം ചെയ്യുന്നു. ഡിവിഷൻ കൗൺസിൽ തമ്പി സുബ്രഹ്മണ്യം, ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബ്, ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് തുടങ്ങിയവർ സമീപം



മാത്തോട്ടം ജമാഅത്തിൽ പ്രവർത്തനമാരംഭിച്ച വായനശാല കോഴിക്കോട് ജില്ല അമീർ കെ. എം. അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മാത്തോട്ടം അമീർ പി. എം. ബഷീർ തുടങ്ങിയർ സമീപം



Humanity First

Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

**Published on 7 March 2016**

Vol: 88 Issue. 3
Price Rs. **30/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
**The Sathyadoothan Monthly**

# Muslim Television Ahmadiyya International

MTA INTERNATIONAL

Attractive Programs on MTA



## Friday Sermon
LIVE every Friday
12:00 GMT



## Faith Matters
Answering your questions about faith and religion



## Rah-e-Huda
A live and interactive show answering your questions about Islam



## Fiqa'hi Masail
An interactive show answering your questions about Islamic jurisprudence
Every Wednesday at 16:20 GMT



## Beacon of Truth
Shedding light on the beautiful, true teachings of Islam



## Intikhab-e-Sukhan
LIVE every Saturday
12:50 GMT




## Real Talk : Ladies Edition
Discussing today's social and moral issues



MTA International's Official YouTube Channel

www.youtube.com/mtaonline1



**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)